"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**NOVEMBER 2018**
**Vol. LXVIII No. 11**

# CONTENTS


സർക്കുലർ -243 പാലാ കാരിത്താസ് ഞായർ ....... 779

സർക്കുലർ - ബൈബിൾ ഞായർ (KCBC) ............ 781

വയലിൽപിതാവിന്റെ 32-ാം ചരമവാർഷികം .......... 788

ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക് ............................ 789

Priests' Ongoing Formation Programme ...... 790

മേവട സെന്റ് മേരീസ് ഇടവക ................................ 792

Mar Sleeva Medicity .................................... 793

Collection List ............................................ 794

Prayer Day List ............................................ 802

സ്മാർട്ട് കാറ്റക്കിസം ................................................ 803

ഹിന്ദി കുർബാന ........................................................ 804

ലേഖനം: വി. പോൾ ആറാമൻ മാർപാപ്പാ .............. 805

വാർത്തകൾ ............................................................ 814

ആദരാഞ്ജലികൾ .................................................... 859

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .......................... 866

Bishops' Engagements .................................. 872

സർക്കുലർ - 243

# പാലാ കാരിത്താസ് ഞായർ

പ്രിയ ബഹു. അച്ചന്മാരേ, സന്യാസിനീസന്യാസികളേ, സഹോദരീ സഹോദരങ്ങളേ,

'പാലാ കാരിത്താസ്' എന്ന സാന്ത്വനസ്പർശപദ്ധതി അഞ്ചു വർഷങ്ങൾ പിന്നിടുകയാണ്. 2013 ലെ വിശ്വാസ വർഷത്തിൽ പാലാ രൂപത തുടക്കമിട്ട ഈ പദ്ധതിയിലൂടെ സാമ്പത്തിക പരാധീനതയുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത പരിശീലനത്തിനും സാമ്പത്തികസഹായം നൽകിവരുന്നു. ഉന്നതവിദ്യാഭ്യാസരംഗം വളരെ ചെലവേറിയ അവസ്ഥയിലെത്തിയപ്പോൾ സാധാരണക്കാർക്ക് അത് അസാധ്യമാകരുതെന്ന ലക്ഷ്യത്തോടെയാണ് പാലാ കാരിത്താസിന് രൂപം കൊടുത്തത്. പ്രഥമ ഡയറക്ടർ ബഹു. ജോർജ് കക്കാട്ടിൽ അച്ചന്റെ പ്രവർത്തനങ്ങളെ അദ്ദേഹത്തിന്റെ വേർപാടിൽ നന്ദിയോടെ സ്മരിക്കുന്നു. അദ്ദേഹത്തെ തുടർന്നു ചുമതല നിർവ്വഹിച്ച ബഹു. ജേക്കബ് വെള്ളമരുതുങ്കലച്ചൻ ഗുജറാത്ത് മിഷനറിലേക്കു ശുശ്രൂഷയ്ക്കായി പോയതിനാൽ മലപ്പുറംപള്ളി വികാരി ബഹു. മാത്യു കിഴക്കേഅരഞ്ഞാണിയച്ചനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. 2013-ൽ 143 അപേക്ഷകർക്കും 2014 ൽ 192 അപേക്ഷകർക്കും 2015 ൽ 159 അപേക്ഷകർക്കും 2016 ൽ 187 അപേക്ഷകർക്കും 2017 ൽ 262 അപേക്ഷകർക്കും സാമ്പത്തിക സഹായം നല്കാൻ പാലാ കാരിത്താസിന് കഴിഞ്ഞു. ഇതിനു പുറമെ 255 പേർക്ക് തുടർ സഹായവും ചെയ്തുവരുന്നു. ആദ്യ വർഷത്തിൽ അപേക്ഷയൊന്നിന് 15000 രൂപയും തുടർന്നുള്ള വർഷങ്ങളിൽ 10000 രൂപ വീതവുമാണ് നല്കിവരുന്നത്. നമ്മുടെ രൂപത കേന്ദ്രത്തിൽ പ്രത്യേക ഓഫീസായിട്ടാണ് പ്രവർത്തനം നടത്തുന്നത്. നാളിതുവരെ ഈ പദ്ധതിയോടു സഹകരിച്ച എല്ലാവർക്കും

നന്ദി പറയുന്നു. എല്ലാ സുമനസ്സുകളുടെയും പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസം നേടി ജോലി സമ്പാദിച്ചവരുടെ കൂടുതൽ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയാണ്. കൂടാതെ നവംബർ 18-ാം തീയതി ഞായറാഴ്ച സ്വീകരിക്കുന്ന സ്ത്രോത്രകാഴ്ച ഈ നിയോഗത്തിന് നല്കുന്നതിനായി പരിശ്രമിക്കുമല്ലോ. എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

മെത്രാസനമന്ദിരം
പാലാ, 29.010.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ നവംബർ 11-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വിശുദ്ധ കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. 2018 നവംബർ 18-ന് ഉള്ള സ്ത്രോത്രകാഴ്ച പാലാ കാരിത്താസിനു വേണ്ടി സ്വീകരിച്ച് ഡിസംബർ 15-ാം തീയതിക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണ്.

Ref: 3150/K-5/KCBC/OL/DS

# 2018 ഡിസംബർ 30

# ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാംസം ധരിച്ച വചനമായ ഈശോയെ എതിരേല്ക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടത്തെ രക്ഷയുടെ സന്ദേശം ഏറ്റുവാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിത്തീരാൻ ഈശോ നമ്മെ ക്ഷണിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കെ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ *വിശുദ്ധഗ്രന്ഥവും വിശുദ്ധിയും* നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം.

**പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും**

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് 'പരിശുദ്ധനായവൻ'. സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാപ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട് (ഏശ 6:3; cf. വെളി 4,8). 'പരിശുദ്ധനായവൻ' എന്നാണ് യേശു തന്റെ അന്തിമപ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ 17:11). ദൈവസുതനായ ഈശോയും പുതിയ നിയമം ഈ വിശേഷണംതന്നെയാണ് നല്കുന്നത്. ഈശോയാണ് ദൈവത്തിന്റെ

പരിശുദ്ധൻ എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലൂടെ ദൈവ വചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ 6:69). സഭകളിൽ സന്നിഹി തനായിരിക്കുന്ന ഉത്ഥിതനായ ഈശോയെ 'പരിശുദ്ധനും സത്യ വാനു'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നുണ്ട് (വെളി 3:7). ത്രിത്വ ത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരി ശുദ്ധാത്മാവ്' എന്നാണല്ലോ (മത്താ 1:18; മർക്കോ 1:8; ലൂക്കാ 1:15; യോഹ 20:22). പരിശുദ്ധിതന്നെയായ ത്രിയേകദൈവത്തിന്റെ രഹസ്യ ത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെ ങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവ ത്തിന്റെ സ്വന്തംജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. കർത്താവായ ദൈവം ഇസ്രാ യേൽജനത്തോട് അരുൾചെയ്യുന്നു: "നിങ്ങൾ പരിശുദ്ധരായിരിക്കു വിൻ. എന്തെന്നാൽ, നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ 19:2). ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നതിനാൽ അവർ വിശുദ്ധജനമായിരിക്കണമെന്ന് നിയമാ വർത്തനഗ്രന്ഥവും പറയുന്നു (നിയ 7:6; 26:19; ജറെ 2:3).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശു ദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന ഈശോമിശിഹായിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (ശ്ലീഹ. പ്ര. 4:30-31). നാമെല്ലാം ഈശോമിശിഹായിൽ വിശുദ്ധീകരിക്കപ്പെട്ടവരും, വിശു ദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോ സിലെ സഭാതനയർക്കെഴുതുന്നു (1 കോറി 1:2). മിശിഹായിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസിസമൂഹത്തെ പത്രോസ്ശ്ലീഹാ വളരെ ചേതോഹരമായി വിശേഷിപ്പിക്കുന്നുണ്ട്: "നിങ്ങൾ തിരഞ്ഞെടുക്ക പ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്" (1 പത്രോ 2:9). ഈശോയിൽ വിശ്വസിക്കുന്നതുവഴി ദൈവമക്കളാകാൻ കഴിവുലഭിക്കുന്നവരുടെ (യോഹ 1:12) മുഖമുദ്രയാണ് വിശുദ്ധി.

**ദൈവജനം വിശുദ്ധിയുടെ പാതയിൽ**

വിശുദ്ധിതന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ 24:4-8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കു

കയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞു നില്ക്കുന്നു. വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നുണ്ട്. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ കഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും' (ഉത്പ 12:2) എന്ന ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിൽനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി ഫറവോയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ 12:11-16). വഞ്ചനയിലൂടെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ 27:18-29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവ'മെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ 22:32; മർക്കോ 12:26; ലൂക്കാ 20:37) ദൈവം ഈ പൂർവപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കി എന്നർഥം. 'സ്നേഹിതനോടെന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ 33:11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും (പുറ. 2:12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ 4:10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1:3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴുന്നേറ്റ്, കർത്താവിന്റെ വഴികളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്ത മാതൃകകളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനു സമാനങ്ങളായ വിവരണങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാനിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം അവതരിപ്പിക്കപ്പെടുന്നത് (മത്താ 14:30; മർക്കോ 8:33; ലൂക്കാ 22:57.58.60). വിജാതീയരുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനുമുമ്പ് (ശ്ലീഹ. പ്ര. 13:47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (ശ്ലീഹ. പ്ര. 8:3). പക്ഷേ, ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷികബലഹീനതകളുടെ ഊടുവഴിയിലൂടെ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധഗ്രന്ഥവിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീകരണം തന്നെയാണ് (1 തെസ്സ 4:3). ഈശോയാകുന്ന അടിത്തറയിൽ (1 കോറി 3,11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശുദ്ധിയെങ്കിൽ, ഈശോമിശിഹായെ അടുത്തറിയുകയാണ് നാമോരോരുത്തരും ലക്ഷ്യംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ഈശോയെക്കുറിച്ചുള്ള അജ്ഞതതന്നെയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്ന് ഇതു വ്യക്തമാക്കുന്നു. വിശുദ്ധിയിലേക്കു വളരാൻ സുവിശേഷങ്ങളിലെ ഈശോയുടെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസീസ്പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE 109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. ബൈബിൾപാരായണം വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. ഈശോയുടെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2:51) ഈശോയുടെ കുരിശിൻചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ 19:25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

**കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും**

കേരളസഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവവചനശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റാൻ പരിശ്രമിക്കുന്നുണ്ട്.

ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചനശുശ്രൂഷയുടെ മുഖ്യ ധർമമാണല്ലോ. കേരളം നേരിട്ട ഭയാനകമായ പ്രളയദുരന്തത്തിനുശേഷം അനേകായിരം കുടുംബങ്ങൾക്കാണ്, എല്ലാം വെള്ളത്തിൽ മുങ്ങിപ്പോയതിന്റെകൂടെ, ബൈബിളും നഷ്ടമായത്. ദുരിതാശ്വാസകേന്ദ്രങ്ങളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർഥന, വീടുകളിലേക്കു തിരികെ പോകുന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തിക്കുകയെന്നതായിരുന്നു. പി.ഒ.സി.ക്കായി അച്ചടിച്ചുവച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ല, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതിനാൽ ബൈബിളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യമായി ബൈബിൾ നല്കുകയെന്നതാണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും സംഘടനകളും ഈ പദ്ധതിക്കു സഹായഹസ്തങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നിലവിലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്കരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമനുഷ്ഠിക്കുന്ന ആറു ബൈബിൾപണ്ഡിതരെയും അവരുമായി സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയ നിയമത്തിലെ ആദ്യഭാഗം 'പഠനബൈബിൾ: സുവിശേഷങ്ങൾ' എന്ന പേരിൽ പി.ഒ.സി. 2018 ജൂൺമാസം പ്രസിദ്ധീകരിച്ചു. വചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠനബൈബിൾ ഏറെ ഉപകരിക്കും.

ഇളംപ്രായംമുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹിക്കാനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭ യുടെ അഭിമാനമാണ്. ചെറുപ്പത്തിൽത്തന്നെ നമ്മുടെ മക്കൾ വളർത്തിയെടുക്കുന്ന ദൈവവചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെന്നതിനു സംശയമില്ല. സുവി ശേഷവത്കരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമായി കേര ളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ്ക്വിസ് നടത്തുകയുണ്ടാ യി. ശാരീരിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാര യിൽനിന്ന് അകറ്റപ്പെടുന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇതു പ്രചോദനമേകുമെന്നു പ്രത്യാശിക്കുന്നു.

ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്ര ഹിക്കുന്നതു കണക്കിലെടുത്ത്, പല രൂപതകളും ബൈബിൾ കോഴ്സുകൾ സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി. ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറ സ്പോണ്ടൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കണം. വിശ്വാ സജീവിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാനും ഇത് ഏറെ സഹായിക്കും.

മാംസംധരിച്ച വചനമായ ഈശോയുടെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഡിസംബർമാസം കേരളസഭ വചനപാരായണ മാസമായി ആചരിച്ചുവരുന്നു. എല്ലാ കുടുംബങ്ങളിലും ഡിസംബർ മാസം ബൈബിൾ പ്രതിഷ്ഠനടത്തുകയും ദിവസവും കുടുംബപ്രാർഥന യ്ക്കിടയ്ക്ക് ബൈബിൾ വായിക്കുകയും ചെയ്യേണ്ടതാണ്. അതു പോലെതന്നെ, ഓരോ ഇടവകയിലും ഈ മാസത്തിൽ ബൈബിൾപ്ര തിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരാ യണം നടത്തുകയും ചെയ്യണം. ബൈബിൾകമ്മീഷൻ തയ്യാറാക്കി യിരിക്കുന്ന ബൈബിൾപാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഈ മാസം സമ്പൂർണബൈബിൾ പാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകളുടെ നേതൃത്വ ത്തിൽ വിപുലമായ അഖണ്ഡബൈബിൾ പാരായണയജ്ഞങ്ങൾ

സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാവരും പിഞ്ചെല്ലണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവവചനപാരായണത്തിന് കേരളകത്തോലിക്കാ മെത്രാൻസമിതി പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവചനത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പൂർണ ബൈബിൾവായനയിൽ പങ്കുചേർന്ന്, ഈശോയെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

കേരളകത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 30-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവനകൾ രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച ഈശോയെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 2018 നവംബർ 25-ാം തീയതിയോ തുടർന്നുള്ള ഞായറാഴ്ചയോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ഞായറാഴ്ച വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



# മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 32–ാം ചരമവാർഷികവും പ്രസ്ബിറ്ററൽ – പാസ്റ്ററൽ കൗൺസിലുകളുടെ സംയുക്തസമ്മേളനവും

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് **2018 നവംബർ 21–ാം തീയതി** 32 വർഷം പൂർത്തിയാവുകയാണ്. നവംബർ 21–ാം തീയതി ബുധനാഴ്ച രാവിലെ 9.30–ന് പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് പരി. കുർബാനയും കബറിടത്തിങ്കൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. പരി. കുർബാനയെത്തുടർന്ന് കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് പ്രസ്ബിറ്ററൽ – പാസ്റ്ററൽ കൗൺസിലുകളുടെ സംയുക്തസമ്മേളനം നടക്കുന്നതാണ്. അന്നേദിവസം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ


# വൈദികരുടെ ശ്രദ്ധയ്ക്ക്

## പ്രസ്ബിത്തേരിയം

പ്രിയ ബഹു. അച്ചാ,

നമ്മുടെ അടുത്ത വൈദിക സമ്മേളനം (പ്രസ്ബിത്തേരിയം) ഡിസംബർ 13-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 ന് പാലാ സെന്റ് തോമസ് കോളേജിന്റെ പുതിയ ഓഡിറ്റോറിയത്തിൽ വച്ചു കൂടുകയാണ്. പ്രധാനമായും Christmas get together ആയിട്ടാണ് ഉദ്ദേശിക്കുന്നത്. പ്രസ്ബിത്തേരിയത്തിൽ നിന്ന് ഒരു കാരണവശാലും ഒഴിവാകരുത് എന്നു പ്രത്യേകം ഓർമ്മപ്പെടുത്തട്ടെ. അന്നേദിവസം മറ്റെന്തെങ്കിലും പ്രോഗ്രാം ഉണ്ടെങ്കിൽ അത് മുൻകൂട്ടി ക്രമീകരിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,



മെത്രാസനമന്ദിരം, പാലാ
29-10-2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

## സീറോ-മലബാർ

## ആരാധനക്രമ കലണ്ടറും പഞ്ചാംഗവും 2018-19

2018-19 ലെ ആരാധനക്രമ കലണ്ടർ, പഞ്ചാംഗം എന്നിവ പാലാ സെന്റ് തോമസ് പ്രസ്സ്-ബുക്ക് സ്റ്റാളിൽ ലഭിക്കുന്നതാണ്.

# PRIESTS' ONGOING FORMATION PROGRAMME

സ്നേഹ ബഹു. അച്ചന്മാരേ,

നമ്മുടെ അജപാലന ശുശ്രൂഷകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന രണ്ടു കാര്യങ്ങൾ ദൈവവചനവും ദൈവാരാധനയും (Liturgy) ആണ്. നമ്മുടെ ആത്മീയതയുടെ അടിത്തറയും ഇവതന്നെയാണ്. ഈ അവബോധത്തിലേക്ക് നാമെല്ലാവരും ഇനിയും വളരേണ്ടതുണ്ട്. ഈ ആദ്ധ്യാത്മിക വളർച്ചയിലൂടെ മാത്രമേ ആധുനിക കാലത്തെ പ്രതിസന്ധികൾ തരണം ചെയ്യാനാവൂ. കപ്പാട് ബനഡിക്ടൈൻ ആശ്രമം ദൈവവചനത്തിനും ലിറ്റർജിക്കും ഏറ്റവും മുൻഗണന നൽകുന്ന സ്ഥലമാണ്. നമ്മുടെ വൈദികരെ ചെറിയ കൂട്ടായ്മകളായി തിരിച്ച് (30-35) 'ദൈവവചനത്തോടും ദൈവാരാധനയോടുമൊത്ത്' എന്ന ഒരു അനുഭവ-പഠനപ്രോഗ്രാം ക്രമീകരിക്കുകയാണ്. ആശ്രമ ശ്രേഷ്ഠൻ പെരിയ ബഹു. കുറിച്ചിയാനിയിൽ ജോണച്ചൻ ക്ലാസുകൾ നയിക്കും. ആദ്യത്തെ രണ്ടു ബാച്ചുകളുടെ ക്രമീകരണം ചുവടെ ചേർക്കുന്നു. ആരംഭിക്കുന്ന ദിവസം വൈകുന്നേരം 5 മണിക്ക് എല്ലാവരും കപ്പാട് ആശ്രമത്തിൽ എത്തിച്ചേരണം. പിറ്റേദിവസം 4 മണിയോടുകൂടി പ്രോഗ്രാം അവസാനിക്കും. ഈ 'Priest Santification' പഠനപദ്ധതിയിൽനിന്ന് ഒരാൾപോലും ഒഴിവാകരുത് എന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തട്ടെ. എല്ലാവരും രാത്രിയിൽ ആശ്രമത്തിൽ തന്നെ താമസിക്കണം. നിശ്ചിതസമയങ്ങളിൽ മറ്റെന്തെങ്കിലും പ്രോഗ്രാമുകൾ ഉണ്ടെങ്കിൽ അതുമുൻകൂട്ടി ക്രമീകരിച്ച് എല്ലാ ബഹു. വൈദികരും നിർബന്ധമായും ഇതിൽ പങ്കുചേരണം.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 29.10.2018

**Batch I**

2018 November 21st wed 5.00 pm - 22nd Thu 4.00 pm

Venue : St. Thomas Benedictine Abbey, Kappadu

| | |
|---|---|
| 1. Cheenothuparampil Joseph | 17. Thannickapara Joseph |
| 2. Ambattu Joseph | 18. Kurisummoottil Mathew |
| 3. Ponnamvarickayil George | 19. Vanchipurackal Joseph |
| 4. Inchakuzhiyil Augustine | 20. Kurumuttam Joseph |
| 5. Choorakkatt George | 21. Kozhuppankutty Mani |
| 6. Palackattukunnel Mathew | 22. Kuttikkatt Thomas |
| 7. Mundunadackal Mathew | 23. Kolath Mathew |
| 8. Kakkaniyil Abraham | 24. Kandathilkudilil Augustine |
| 9. Muthuplackal Mathew | 25. Madickangal James |
| 10. Edettu John | 26. Ambattupadavil Joseph |
| 11. Kumbuckal Thomas | 27. Nellickal George |
| 12. Kochodackal Thomas | 28. Theruvil Joseph |
| 13. Moolayil Cheriyan | 29. Pattery Thomas |
| 14. Edathinal Francis | 30. Vennayappillil Mathew |
| 15. Vazhackapara Joseph | 31. Vattamukalel Kuriakose |
| 16. Maniangatt Joseph | 32. Pezhathumkal Jacob |

**Batch II**

2018 December 02 Sunday 5.00 pm - 03 Monday 4.00 pm

| | |
|---|---|
| 1. Theruvil George | 17. Chennattu Mathew |
| 2. Olayathil Thomas | 18. Aranjaniputhenpura Joseph |
| 3. Vadakkethakidiyel Kuriakose | 19. Kumblumkal Mathew |
| 4. Vayalil Joseph | 20. Thazhathuvarickayil Joseph |
| 5. Pulickaparambil Mathew | 21. Nellikunnucherivupurayidom George |
| 6. Thayyil Thomas | 22. Mecheril Joseph |
| 7. Thuruthipallil Mathew | 23. Pinakkattu Mathew |
| 8. Koonanickal Joseph | 24. Moloparambil Scaria |
| 9. Thadickaparambil Kuriakose | 25. Panthalanickal Christy |
| 10. Pariyappanal Johnson | 26. Anithottam Gervasis |
| 11. Keeramthadathil Joseph | 27. Paraplackal Paul |
| 12. Ellathuparambil Joseph | 28. Kumbulumoottil Sebastian |
| 13. Pulinthanathu Kuriakose | 29. Panthiruvelil Martin |
| 14. Vengaloor George | 30. Parackal Paul |
| 15. Chavelil John | 31. Eruvelikunnel Antony |
| 16. Modiyil Scaria | 32. Paikada Alexander. |

# മേവട സെന്റ് മേരീസ് ഇടവക

മുത്തോലി ഇടവകയുടെ ഭാഗമായ മേവട കേന്ദ്രമാക്കി 1996 ജനുവരി മുതൽ വൈദികർ സ്ഥിരതാമസമുള്ള ഒരു കുരിശുപള്ളിയായി പ്രവർത്തിച്ചു വരികയായിരുന്നു. ഈ കുരിശുപള്ളിയുടെ കീഴിൽ 244 കുടുംബങ്ങളാണുള്ളത്. മുത്തോലി, മീനച്ചിൽ, തോടനാൽ, കൊഴുവനാൽ എന്നീ സമീപ ഇടവകകളിൽ നിന്നുള്ള കുടുംബങ്ങളാണ് മേവട കുരിശുപള്ളി ഇടവകയുടെ ഭാഗമായിത്തീർന്നത്. മേവട കുരിശുപള്ളി, ഇടവകയുടെ വളർച്ചയുടെ പാതയിൽ പുതിയ ദൈവാലയത്തിന് 2015 സെപ്തംബർ 8-ാം തീയതി മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അടിസ്ഥാനമിടുകയും, 2018 ജനുവരി 14-ാം തീയതി പുതിയ ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

മേവട കുരിശുപള്ളി ഒരു സ്വതന്ത്ര ഇടവകയാക്കി ഉയർത്തുന്നതിനാവശ്യമായ നിലകളിലേക്ക് വളർന്നു കഴിഞ്ഞ പശ്ചാത്തലത്തിൽ പൊതുയോഗത്തിന്റെ അഭ്യർത്ഥനപ്രകാരം ആവശ്യമായ നടപടികൾ നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ 17-09-2018 ലെ 608-ാം നമ്പർ കല്പനപ്രകാരം മേവട കുരിശുപള്ളി ഇടവകയെ 2018 ഒക്ടോബർ 07 മുതൽ സ്വതന്ത്ര ഇടവകയായി ഉയർത്തുകയും ബഹു. തോമസ് പനയ്ക്കക്കുഴി അച്ചനെ പുതിയ ഇടവകയുടെ പ്രഥമ വികാരിയായി നിയമിക്കുകയും ചെയ്തു.

# MAR SLEEVA MEDICITY PALAI

Cherpunkal, Kezhuvankulam P.O. - 686 584
Kottayam Dt., Kerala, India
Ph: 04822 269500, 269977, 269777 Email: marsleeva@yahoo.in , marsleeva@gmail.com
Web: www.marsleevamedicity.org

Applications are invited for the following **senior positions** in the newly opening Mar Sleeva Medicity Palai:

1. H R Head
2. Medical Director
3. Chief Operating Officer
4. Mechanical Engineer (HoD)
5. I T Manager
6. Finance Officer (C A)
7. Nursing Superintendent

Candidates with UG/PG degree in the respective field and with Hospital Experience of above 3 years in the concerned department may submit their resume to the Hospital Office or Email to marsleeva@gmail.com on or before November 15, 2018. Those who have already submitted their Biodata and are eligible for these Senior Positions may kindly contact this office directly on or before November 15, 2018.

Sd/-
Executive Manager

# COLLECTION NOVEMBER 2018

| PARISH | HOLY LAND | MASS MEDIA | PETERS PENCE | SABHA DINAM (SYRO MALABAR) | MATHRU DINAM | SEMINARIANS AID FUND | A.K.C.C. FUND |
|---|---|---|---|---|---|---|---|
| **Collection started on** | **30/3/2018** | **10/6/2018** | **24/6/2018** | **3/72018** | **20/5/2018** | **29/3/2018** | **22/4/2018** |
| ADIVARAM | 5209.00 | 1000.00 | 1027.00 | 1200.00 | 1000.00 | 8936.00 | 1116.00 |
| ADUKAM | 5520.00 | 1100.00 | 1200.00 | 1115.00 | 1200.00 | 6450.00 | 1050.00 |
| AIMCOMBU | 5777.00 | 250.00 | 300.00 | 1115.00 | 250.00 | 5223.00 | 200.00 |
| ALPHONSAGIRI | 500.00 | 500.00 | 1500.00 | 2000.00 | 500.00 | 3000.00 | 500.00 |
| ALPHONSAPURAM | 2800.00 | | | 2000.00 | | 2500.00 | 500.00 |
| AMPARANIRAPPEL | 6755.00 | 300.00 | 350.00 | 500.00 | 300.00 | 6890.00 | 300.00 |
| ANTHIALAM | 10595.00 | 1000.00 | | 4500.00 | 1500.00 | 10028.00 | 1500.00 |
| ANTHINADU | 6889.00 | | | | | 11895.00 | 3616.00 |
| ARAKULAM NEW | 6006.00 | 2500.00 | 2000.00 | 2500.00 | 3500.00 | 10230.00 | 4600.00 |
| ARAKULAM OLD | 2000.00 | 1200.00 | 3500.00 | 2400.00 | 1200.00 | 2500.00 | 1500.00 |
| ARUNAPURAM | 2500.00 | 1500.00 | | 2000.00 | 1500.00 | 18000.00 | 2000.00 |
| ARUNOOTTIMANGALAM | 10568.00 | | | 7780.00 | 2900.00 | 12000.00 | |
| ARUVITHURA FORANE | 27800.00 | 30735.00 | 29915.00 | 13970.00 | 28175.00 | 27235.00 | 26655.00 |
| AYYAMPARA | 4500.00 | 940.00 | 950.00 | 825.00 | 1093.00 | 3474.00 | 1573.00 |
| BHARANANGANAM FORANE | 34200.00 | 18000.00 | 21300.00 | 24000.00 | 23000.00 | 50800.00 | 16500.00 |
| CHAKKAMPUZHA | 2550.00 | 1350.00 | 2000.00 | 2250.00 | 1500.00 | 5100.00 | 1800.00 |
| CHEMMALAMATTAM | 14070.00 | 3200.00 | 22727.00 | 12140.00 | 4200.00 | 16885.00 | 3000.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| CHEMPILAVU | 6690.00 | | | | | 3260.00 | 1000.00 |
| CHENNAD | 11400.00 | 1800.00 | 2500.00 | 3060.00 | 2500.00 | 7540.00 | |
| CHERPUMKAL FORANE | 60000.00 | 10000.00 | 27000.00 | 25000.00 | 15000.00 | 175000.00 | |
| CHETTUTHODU | 5333.00 | 1174.00 | 1855.00 | 1510.00 | 1978.00 | 10000.00 | |
| CHITTAR | 3500.00 | 1200.00 | 1500.00 | 1250.00 | 1000.00 | 4500.00 | 1000.00 |
| CHOLATHADAM | 600.00 | 150.00 | 300.00 | 574.00 | 500.00 | 3500.00 | 350.00 |
| CHOONDACHERY | 4800.00 | 675.00 | 800.00 | 900.00 | 525.00 | 2800.00 | 825.00 |
| EDADU | 500.00 | | | | | 400.00 | 380.00 |
| EDAMARUKU | 3000.00 | 1000.00 | 2000.00 | 2000.00 | 1000.00 | 5000.00 | |
| EDAPPADY | 5000.00 | 500.00 | 1000.00 | 2000.00 | 500.00 | 11545.00 | |
| ELAMTHOTTAM | 9315.00 | 1235.00 | | 2063.00 | 2000.00 | 8141.00 | 2000.00 |
| ELANJI FORANE | 15000.00 | 4500.00 | 6800.00 | | 5000.00 | 14000.00 | 9867.00 |
| ELAPPALLY | 1927.00 | 415.00 | 343.00 | 358.00 | 470.00 | 3027.00 | 310.00 |
| EZHACHERRY | 3200.00 | 1610.00 | 2000.00 | 1510.00 | 1500.00 | 3400.00 | 1400.00 |
| FATHIMAPURAM | 8000.00 | 1500.00 | 2500.00 | 3000.00 | 1500.00 | 12000.00 | 1000.00 |
| GAGULTHA (MATTATHIPARA) | 2200.00 | 1192.00 | 1161.00 | 1054.00 | 868.00 | 2028.00 | 795.00 |
| GEOVALLY | 7858.00 | | | 3090.00 | 2010.00 | 5030.00 | |
| IDAMATTAM | 9043.00 | 1500.00 | 2000.00 | 2500.00 | 1500.00 | 5663.00 | |
| JAIGIRI | 1000.00 | 400.00 | 500.00 | 600.00 | 500.00 | 1200.00 | 1000.00 |
| JOSE MOUNT (ILLIARY) | 2460.00 | 750.00 | 800.00 | 900.00 | 950.00 | 2050.00 | 850.00 |
| JOSEGIRI | 5000.00 | 500.00 | 650.00 | 1000.00 | 600.00 | 2000.00 | 550.00 |
| KADANAD FORANE | 9600.00 | 1200.00 | 2800.00 | 2900.00 | 1000.00 | 7800.00 | 1600.00 |
| KADAPLAMATTAM | 8000.00 | 4190.00 | 4735.00 | 4750.00 | 4000.00 | 15000.00 | 4425.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| KADUTHURUTHY FORANE | 32105.00 | 3400.00 | 7500.00 | 10070.00 | 3800.00 | 22258.00 | 4400.00 |
| KAIPPALLY | 1000.00 | 500.00 | 500.00 | 500.00 | 500.00 | 800.00 | 500.00 |
| KAKKOOR | 8900.00 | 2000.00 | 2000.00 | 2250.00 | 2500.00 | 4950.00 | 2000.00 |
| KAKOMBU | 1500.00 | 500.00 | 1000.00 | 1000.00 | 750.00 | 1500.00 | |
| KALATHOOKADAVU | 5000.00 | 1500.00 | 4250.00 | 4500.00 | 2000.00 | 11000.00 | 2000.00 |
| KALATHOOR | 3500.00 | 1500.00 | 2500.00 | 1500.00 | 2500.00 | 6400.00 | 2000.00 |
| KALIKAVU | 12853.00 | 1075.00 | 1387.00 | 2000.00 | 1467.00 | 12192.00 | 1000.00 |
| KANJIRAMATTAM | 6000.00 | | | 10250.00 | 2000.00 | 5500.00 | 2750.00 |
| KANJIRATHANAM | 24466.00 | 4400.00 | 4365.00 | 2704.00 | 4890.00 | 9643.00 | 4500.00 |
| KARIMPANY | 6860.00 | | | | 1000.00 | 4490.00 | 1000.00 |
| KAROOR | 4000.00 | 2000.00 | 2500.00 | 3330.00 | 2000.00 | 25000.00 | 2000.00 |
| KATTAMPAK | 3500.00 | | | | 2000.00 | 4000.00 | |
| KAVALY | 1100.00 | | | | | 500.00 | |
| KAVEEKUNNU | 6710.00 | 1542.00 | 2220.00 | 1880.00 | 1010.00 | 3260.00 | 1550.00 |
| KAVUMKANDAM | 4727.00 | 860.00 | 755.00 | 2640.00 | 860.00 | 3713.00 | 655.00 |
| KAYYOOR | 5945.00 | 300.00 | 280.00 | 1930.00 | 260.00 | 2454.00 | 300.00 |
| KEEZHOOR | 7500.00 | 2000.00 | 2200.00 | 2500.00 | 2000.00 | 4000.00 | 2100.00 |
| KIZHAPARAYAR | 3890.00 | 590.00 | 1213.00 | 2776.00 | 795.00 | 5900.00 | 775.00 |
| KIZHATHADIYOOR | 15105.00 | 9040.00 | 8453.00 | 19165.00 | 8107.00 | 12010.00 | 7001.00 |
| KONDAD | 5000.00 | 300.00 | 350.00 | 1000.00 | 210.00 | 3000.00 | 200.00 |
| KOODALLOOR | 19074.00 | 1200.00 | 1500.00 | 1100.00 | 3536.00 | 21000.00 | 3973.00 |
| KOOTHATTUKULAM | 14367.00 | | | | | 7936.00 | |

| | | | | | | | |
|---|---|---|---|---|---|---|---|
| KOOTTIKAL FORANE | 9000.00 | 3820.00 | 7080.00 | 1660.00 | | 6000.00 | 3000.00 |
| KOTHANALLOOR FORANE | | | | | | | |
| KOZHUVANAL | 13333.00 | 5555.00 | 6666.00 | 7777.00 | 500.00 | 22222.00 | 5005.00 |
| KUDAKKACHIRA | 12620.00 | 4971.00 | 4812.00 | 4492.00 | | 8497.00 | |
| KUDAYATHOOR | 2000.00 | 1200.00 | 1600.00 | 1400.00 | 1400.00 | 5000.00 | 1500.00 |
| KULAMAVU | 4563.00 | 500.00 | 600.00 | 800.00 | | | 600.00 |
| KUNNONNI | 4195.00 | 500.00 | 600.00 | 600.00 | 600.00 | 3000.00 | |
| KURAVILANGAD FORANE | 69382.00 | 22719.00 | 25355.00 | 18652.00 | 21785.00 | 59034.00 | 23664.00 |
| KURICHITHANAM | 12000.00 | | | | 1500.00 | 10000.00 | 1500.00 |
| KURINJI | 4000.00 | 1200.00 | 700.00 | | 500.00 | 4000.00 | 300.00 |
| KURUMANNU | 9525.00 | 1500.00 | 1900.00 | 1400.00 | 1400.00 | 5907.00 | 1350.00 |
| KURUVINAL | 4407.00 | 750.00 | 1250.00 | 1500.00 | | 5000.00 | 1500.00 |
| LALAM NEW | 16567.00 | 7419.00 | 10000.00 | 4770.00 | 9398.00 | 14375.00 | 6431.00 |
| LALAM OLD | 28330.00 | 15360.00 | 8670.00 | 19920.00 | 15130.00 | 22060.00 | 17530.00 |
| LOURDES MOUNT | 1000.00 | | | 280.00 | 250.00 | 500.00 | 250.00 |
| MALAPURAM | 4019.00 | 680.00 | | | 850.00 | 5020.00 | 663.00 |
| MALAYINCHIPARA | 800.00 | 350.00 | 550.00 | 355.00 | 400.00 | 1500.00 | 350.00 |
| MALLIKASSERY | 3030.00 | | | | | 6400.00 | |
| MANALUMKAL | 5250.00 | 1000.00 | 4000.00 | 1050.00 | 1000.00 | 3250.00 | 1200.00 |
| MANATHOOR | 6543.00 | | | 4100.00 | | 6448.00 | |
| MANGALAGIRI | 350.00 | | 2500.00 | | 150.00 | 400.00 | |
| MANGALARAM | 1000.00 | 750.00 | 1200.00 | 750.00 | 500.00 | 1000.00 | 500.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| MANIAMKULAM | 2750.00 | 400.00 | 400.00 | 400.00 | 350.00 | 1900.00 | 450.00 |
| MANIAMKUNNU | 6835.00 | 1000.00 | 2030.00 | 1700.00 | 1000.00 | 10240.00 | 1000.00 |
| MANJAMATTAM | 2450.00 | 700.00 | | | 700.00 | 6550.00 | 750.00 |
| MANNACKANAD | 5000.00 | 700.00 | 700.00 | 1000.00 | | 5000.00 | |
| MANNAR | 4800.00 | | | | | 12200.00 | |
| MANNARAPPARA | 9205.00 | 5000.00 | 5500.00 | 7000.00 | 10400.00 | 13490.00 | |
| MANVETTAM | 20180.00 | | | 18000.00 | | 23020.00 | 5000.00 |
| MARANGATTUPALLY | 8605.00 | 2064.00 | 3652.00 | 3262.00 | 2822.00 | 10680.00 | 3025.00 |
| MARANGOLY | 3765.00 | 682.00 | 973.00 | 750.00 | 500.00 | 3500.00 | 2000.00 |
| MARYLAND | 10150.00 | 4500.00 | 5534.00 | 3000.00 | 4875.00 | 5192.00 | |
| MATTAKKARA | 6550.00 | 1700.00 | 5000.00 | 4000.00 | 2000.00 | 5500.00 | 1500.00 |
| MAVADY | 5923.00 | 750.00 | 1000.00 | 1000.00 | | 2847.00 | 500.00 |
| MEENACHIL | 5454.00 | 3572.00 | 2775.00 | 3241.00 | 3247.00 | 8125.00 | 3000.00 |
| MELUKAVUMATTAM | 8000.00 | 1300.00 | 1300.00 | 2883.00 | 1300.00 | 8000.00 | |
| MEVIDA | 7195.00 | 350.00 | 465.00 | | 480.00 | 7263.00 | 852.00 |
| MONIPPALLY | 10000.00 | 1500.00 | | | 2000.00 | 13000.00 | 2000.00 |
| MOOLAMATTAM FORANE | 11000.00 | 3000.00 | 21050.00 | 14500.00 | 4000.00 | 13500.00 | |
| MOONNANI | 2000.00 | | | | | 3000.00 | 150.00 |
| MOONNILAVU | 3000.00 | | | | | 5000.00 | 600.00 |
| MOOZHOOR | 5080.00 | | | | | 14055.00 | 800.00 |
| MULAKULAM | 8189.00 | 602.00 | 528.00 | | | 3907.00 | |
| MUNDANKAL | 6320.00 | 4015.00 | 4940.00 | 4505.00 | 4410.00 | 10005.00 | |

| | | | | | | | |
|---|---|---|---|---|---|---|---|
| MUTHOLAPURAM | 10000.00 | 2000.00 | 3000.00 | 3500.00 | 5000.00 | 19000.00 | 5000.00 |
| MUTHOLY | 1670.00 | | | | | 1800.00 | |
| MUTTUCHIRA FORANE | 18400.00 | 4100.00 | 8034.00 | 12103.00 | 5500.00 | 28000.00 | 4637.00 |
| NAMBIAKULAM | 5000.00 | 3000.00 | 4000.00 | 4000.00 | 4000.00 | 10000.00 | 4000.00 |
| NARIANGANAM | 6970.00 | 1013.00 | 1000.00 | 1100.00 | 1000.00 | 9470.00 | |
| NEELOOR | 9000.00 | | | | | 10000.00 | |
| NEERANTHANAM | 9155.00 | 2280.00 | 2020.00 | 1460.00 | 2594.00 | 6765.00 | 2116.00 |
| NELLAPPARA | 1500.00 | | | | | 1000.00 | |
| NELLIANI | 6100.00 | | | 2630.00 | | 3033.00 | |
| PADUVA | 9641.00 | 4782.00 | 5128.00 | 5169.00 | 3395.00 | 6386.00 | 3210.00 |
| PAIKA | 14290.00 | | | | | 5000.00 | 5000.00 |
| PAINGULAM | 5500.00 | 1500.00 | 2000.00 | 2000.00 | 3300.00 | 5000.00 | |
| PALA CATHEDRAL FORANE | 24000.00 | | | | 3500.00 | 75000.00 | 3500.00 |
| PALAKAD, MEENACHIL | 10271.00 | | | | 5803.00 | 4773.00 | 5032.00 |
| PALAKATTUMALA | 8020.00 | 3863.00 | | 1907.00 | | 3250.00 | 700.00 |
| PALAYAM | 7182.00 | 2660.00 | 2200.00 | 2310.00 | 2490.00 | 3519.00 | 1000.00 |
| PARATHANAM | 6000.00 | 1000.00 | 1000.00 | 1500.00 | 1000.00 | 5870.00 | 1000.00 |
| PAYYANITHOTTAM | 300.00 | 200.00 | 300.00 | | 500.00 | 500.00 | 200.00 |
| PERIAPURAM | 10000.00 | | | | | 20100.00 | |
| PERINGULAM | 11140.00 | | 8000.00 | 3000.00 | 2500.00 | 7620.00 | 2500.00 |
| PERUMTHURUTH | 500.00 | 500.00 | 500.00 | 500.00 | 500.00 | 500.00 | 500.00 |
| PIRAVOM | 4600.00 | 1250.00 | 1500.00 | 4530.00 | 1750.00 | 12278.00 | 1250.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| PIUSMOUNT | 11882.00 | | | 2000.00 | | 5100.00 | |
| PLASSANAL | 16308.00 | 6470.00 | 8550.00 | 6013.00 | 9000.00 | 8490.00 | 1300.00 |
| POONJAR FORANE | 7100.00 | 3600.00 | 3500.00 | 6400.00 | 3150.00 | 26115.00 | 1200.00 |
| POOVAKULAM | 3033.00 | 500.00 | 500.00 | 600.00 | 500.00 | 2815.00 | 500.00 |
| POOVARANY | 10830.00 | 5000.00 | 6000.00 | | 3000.00 | 10750.00 | 2000.00 |
| POOVATHODU | 7320.00 | | 3225.00 | 1827.00 | 2905.00 | 6280.00 | |
| POOZHIKOL | 6317.00 | 4127.00 | 4200.00 | 4000.00 | 4082.00 | 4350.00 | 3635.00 |
| PRAVITHANAM | 14840.00 | 3700.00 | 5500.00 | 6500.00 | 4150.00 | 36270.00 | 4400.00 |
| RAMAPURAM FORANE | 5000.00 | | | | 5000.00 | 50000.00 | 5000.00 |
| RATNAGIRI, PATTITHANAM | 16450.00 | 3000.00 | 4800.00 | 3100.00 | 3300.00 | 13800.00 | 2750.00 |
| SANTHIGIRI | 2285.00 | 628.00 | | 773.00 | 700.00 | 1707.00 | 700.00 |
| SANTHIPURAM | 1000.00 | 500.00 | 600.00 | 1000.00 | 500.00 | 1500.00 | 500.00 |
| SIBIGIRI | 10485.00 | 1000.00 | 1000.00 | 3000.00 | 1000.00 | 10000.00 | 1000.00 |
| SLIVAPURAM | 1140.00 | 400.00 | 400.00 | 1000.00 | 400.00 | 11100.00 | 400.00 |
| TEEKOY FORANE | 20875.00 | 6110.00 | 9997.00 | 7000.00 | 5587.00 | 24728.00 | |
| THAKADI | 1600.00 | | | | | 1000.00 | 400.00 |
| THIDANAD | 10000.00 | | | 6000.00 | 9000.00 | 15000.00 | |
| THIRUMARADY | 400.00 | 300.00 | 500.00 | 500.00 | 300.00 | 700.00 | 300.00 |
| THODANAL | 5255.00 | 2050.00 | 1900.00 | 3090.00 | 1900.00 | 5670.00 | 2100.00 |
| THUDANGANAD FORANE | 15400.00 | 2330.00 | | 3310.00 | 2100.00 | 29000.00 | 3100.00 |
| THURUTHIPALLY | 4000.00 | 1300.00 | 1700.00 | | 1400.00 | 3500.00 | 1200.00 |
| UDAYAGIRI | 1500.00 | 1000.00 | 1000.00 | 1800.00 | | 3105.00 | 2000.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| ULLANAD | 5133.00 | | | 2865.00 | | 7425.00 | |
| URULIKUNNAM | 6955.00 | 1500.00 | 600.00 | 900.00 | 700.00 | 5187.00 | 700.00 |
| URUMPUKAVU | 10000.00 | 1500.00 | 6000.00 | 5600.00 | 5000.00 | 7000.00 | |
| VADAKARA | 6600.00 | 1150.00 | 1200.00 | 1140.00 | 1100.00 | 6400.00 | 1460.00 |
| VAGAMON | 1500.00 | | | 1800.00 | 1300.00 | 8500.00 | 1200.00 |
| VAKAKKAD | 9460.00 | 1400.00 | 2484.00 | 2072.00 | 1390.00 | 4375.00 | 833.00 |
| VAKKAD | | | | | | | |
| VALACHIRA | 5675.00 | 1000.00 | 1000.00 | 1000.00 | 1000.00 | 3949.00 | 800.00 |
| VALAVOOR | 7800.00 | 4300.00 | 5000.00 | 5900.00 | 3700.00 | 4260.00 | 3600.00 |
| VARIANIKKAD | 2815.00 | 3203.00 | 1079.00 | 1103.00 | | 2077.00 | 1355.00 |
| VAYALA | 13028.00 | 1400.00 | 2150.00 | 3640.00 | 4005.00 | 10304.00 | 1850.00 |
| VEDAGIRI | 5250.00 | | | | | 2600.00 | |
| VELANILAM | 17122.00 | 500.00 | 1000.00 | 2000.00 | 1000.00 | 11320.00 | 500.00 |
| VELLIAMATTAM | 6000.00 | | | | 1000.00 | 5000.00 | |
| VELLIKULAM | 7758.00 | 1657.00 | 2168.00 | 1670.00 | 2825.00 | | 3484.00 |
| VEZHAGANAM | 5165.00 | 400.00 | 350.00 | 500.00 | 550.00 | 4255.00 | 350.00 |
| VILAKUMADAM | 12155.00 | | | 3727.00 | | 6500.00 | |
| VIMALAGIRI (CHAKKIKAVU) | 2000.00 | 600.00 | 600.00 | 650.00 | 600.00 | 2000.00 | 600.00 |
| XAVIERPURAM | 3056.00 | 680.00 | 675.00 | 3485.00 | 820.00 | 5690.00 | 740.00 |
| YENTHAYAR | 10470.00 | | | | | 3810.00 | |
| VALAKKATTUKUNNU CONVENT | 1510.00 | 370.00 | 390.00 | 500.00 | 400.00 | 775.00 | 600.00 |
| KALLOORKULAM CONVENT CHAPEL | 4130.00 | 300.00 | 300.00 | 600.00 | | 1200.00 | |

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Thalavayalil Abraham | November 7 |
| Thannickappara Joseph | November 8 |
| Tharappel Jose (Jr.) | November 9 |
| Tharappel Joseph (Sr.) | November 10 |
| Thekkel Joseph | November 11 |
| Thekkel Mathew | November 12 |
| Thekkumcherikunnel Sebastian | November 13 |
| Thengumpallil Joseph | November 14 |
| Theruvath Augustine | November 15 |
| Theruvil George | November 16 |
| Theruvil Joseph | November 17 |
| Thevarkunnel Mathew | November 18 |
| Tholanickal Joseph | November 19 |
| Thonikuzhiyil Sebastian | November 20 |
| Thottumkal Thomas | November 21 |
| Thudiamplackal Kuruvila | November 22 |
| Thuruthippally Mathew | November 23 |
| Vadakara Joseph | November 24 |
| Vadakkekara Michael | November 25 |
| Vadakkekutt Joseph | November 26 |
| Vadakkel Cyriac | November 27 |
| Vadakkel Jacob | November 28 |
| Vadakkemangalath Joseph | November 29 |
| Vadakkenellikattil Joseph | November 30 |
| Vadakkethottiyil George | December 1 |
| Valiaveettil Thomas | December 2 |
| Valiyaveettil Kalappura Sebastian | December 3 |
| Vallompurayidom Joseph | December 4 |
| Vallopallil Mathew | December 5 |
| Valummel Thomas | December 6 |
| Vanchipurackal George | December 7 |
| Vanchipurackal Joseph | December 8 |

## സീറോ-മലബാർ സഭ വിശ്വാസപരിശീലനം:

### സ്മാർട്ട് കാറ്റക്കിസം വെബ് പോർട്ടൽ ഉദ്ഘാടനം ചെയ്തു.

### *സീറോ-മലബാർ സഭയിൽ വിശ്വാസപരിശീലനം ഇനി സ്മാർട്ടാകും.*

സീറോ-മലബാർ സഭ വിശ്വാസ പരിശീലനക്ലാസുകളും പാഠ്യ പദ്ധതിയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്നതിനായി സ്മാർട്ട് കാറ്റക്കിസം പദ്ധതിയും വെബ് പോർട്ടലും ഒരുങ്ങി. സീറോ-മലബാർ വിശ്വാസ പരിശീലന കമ്മീഷനാണു സ്മാർട്ട് കാറ്റക്കിസം പദ്ധതിക്കു രൂപം നൽകിയത്.

ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ, പഠനസഹായികൾ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയുടെ ഡിജിറ്റൽ പതിപ്പുകൾ ഇനി www.smsmartcatechism.cog. എന്ന വെബ്പോർട്ടലിലൂടെ ലഭിക്കും. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷ കളിലുള്ള പാഠപുസ്തകങ്ങൾ ഇത്തരത്തിൽ ഡിജിറ്റൽ രൂപത്തിൽ ഉപയോഗിക്കാനാകും. ഓരോ പാഠങ്ങളെയും ആധാരമാക്കിയുള്ള ക്ലാസിന്റെ ഓഡിയോവേർഷൻ, ഉള്ളടക്കത്തിന്റെ പശ്ചാത്തലം, പവർ പോയിന്റ് പ്രസന്റേഷൻ (പിപിടി), അധ്യാപക സഹായി എന്നി വയും വെബ് പോർട്ടലിലുണ്ട്.

ഓരോ ക്ലാസുകളിലെയും വിദ്യാർത്ഥികളുടെ വിശ്വാസ, വ്യക്തിത്വ വളർച്ചയ്ക്കു പ്രചോദനമാകുന്ന ജീവചരിത്രങ്ങൾ, കഥ കൾ, വീഡിയോകൾ എന്നിവ പോർട്ടലിൽ ഉണ്ടാകും. അനുദിനവി ശുദ്ധർ, പ്രചോദനാത്മക കഥകൾ, ഹ്രസ്വചിത്രങ്ങൾ, ആക്ഷൻ സോംഗുകൾ, ഡോക്യുമെന്ററികൾ, ചെറിയ വേദോപദേശം, ബൈബിൾ, വിശ്വാസപരിശീലനത്തെ സഹായിക്കുന്ന വിവിധ വെബ്സൈറ്റുകളുടെ ലിങ്കുകൾ എന്നിവയും സ്മാർട്ട് കാറ്റക്കിസം പോർട്ടലിൽ കാണാനാകും. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മാതാപിതാക്കൾക്കും സ്മാർട്ട് കാറ്റക്കിസം വെബ്പോർട്ടലിൽ നിന്നുള്ള പഠനസഹായികളും മറ്റും ഡൗൺലോഡ് ചെയ്ത് ഉപ യോഗിക്കാനാകും.

സീറോ-മലബാർ വിശ്വാസ പരിശീലന കമ്മീഷന്റെ ഔദ്യോ ഗിക വെബ്സൈറ്റായ www.syromalabarcatechesis.org ലുടെയും വെബ് പോർട്ടലിലേക്കു പ്രവേശിക്കാം.

# അതിഥി തൊഴിലാളികൾക്കായി ഹിന്ദിയിൽ വിശുദ്ധ കുർബാനയും കുമ്പസാരവും

അന്യസംസ്ഥാനങ്ങളിൽനിന്നുമുള്ള അതിഥി തൊഴിലാളികൾക്കായി ഭരണങ്ങാനം, നീറന്താനം എന്നീ ഇടവകകളിലായി അജപാലനശുശ്രൂഷകൾ ഹിന്ദി ഭാഷയിൽ നടത്തപ്പെടുന്നു. ഭരണങ്ങാനം അൽഫോൻസാ ചാപ്പലിൽ എല്ലാ മാസവും ആദ്യ ഞായറാഴ്ച ഉച്ചയ്ക്ക് 12 മണി മുതൽ കുമ്പസാരവും ഉച്ചയ്ക്ക് 1.15 ന് വി. കുർബാനയും ഹിന്ദിയിൽ നടത്തപ്പെടുന്നു. നീറന്താനം ഇടവകയിലെ റോസാ മിസ്റ്റിക്കാ ചാപ്പലിൽ മാസത്തിന്റെ ആദ്യശനിയാഴ്ച വൈകുന്നേരം 5 മണി മുതൽ കുമ്പസാരവും തുടർന്ന് വി. കുർബാനയും നടത്തപ്പെടുന്നു. എസ്.വി.ഡി. സന്യാസ സഭാംഗവും അയ്യമ്പാറ ഇടവകാംഗവുമായ ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡിയാണ് തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നത്. നമ്മുടെ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ഹിന്ദി സംസാരിക്കുന്ന ക്രൈസ്തവരേ ഈ അജപാലന ശുശ്രൂഷകളിലേക്ക് നയിക്കണമേന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ഫാ. ബാബു കാക്കാനിയിൽ SVD**

PH: 9823554784

# അതിമാനുഷനായ പോൾ ആറാമൻ സ്വർഗ്ഗീയ വെളിച്ചത്തിൽ

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

ഇറ്റലിയിലെ ബ്രേഷ്യാ രൂപതയിലെ കൊൺചേസിയോ എന്ന ഗ്രാമത്തിൽ 1897 സെപ്റ്റംബർ 26 ന് ജനിച്ച ഈ കുട്ടിയുടെ പൂർണ്ണമായ പേര് ജോവാന്നി ബത്തീസ്ത എൻറികോ അന്തോണിയോ മരിയ മൊന്തീനി എന്നായിരുന്നു. കുട്ടിയുടെ പിതാവ് നിയമവിദഗ്ധൻ, പത്രാധിപൻ, കാത്തോലിക്കാ പത്രമായ ക്വോത്തിദിയാനോ ദി ബ്രേഷ്യായുടെ ഡയറക്ടർ, ഇറ്റാലിയൻ പാർലമെന്റ് അംഗം എന്നീ നിലയിൽ പ്രവർത്തിച്ച വ്യക്തിയാണ്. എമരിത്തൂസ് പാപ്പ പോൾ ആറാമനെ സൂപ്പർമാൻ – അതിമാനുഷൻ – എന്നു വിശേഷിപ്പിച്ചു. രൂക്ഷമായ പ്രതിസന്ധികളിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാൻ സാധിച്ചവൻ എന്നു ഫ്രാൻസിസ് പാപ്പ പറഞ്ഞു. മിലാനിലെ മെത്രാപ്പോലീത്ത ആയിരുന്നപ്പോൾ എല്ലാവരും സ്നേഹപൂർവ്വം കർദ്ദിനാൾ മൊന്തീനി എന്നു വിളിച്ചിരുന്നു. 23–ാം ജോൺ മാർപ്പാപ്പ മൊന്തീനിയെ ഏറെ സ്നേഹിച്ചിരുന്നു. മൊന്തീനിക്ക് ജോൺ മാർപ്പാപ്പ 1958 ഡിസംബർ 15–ന് കർദ്ദിനാൾ പദവി നല്കി. രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടുന്നതിനെക്കുറിച്ച് ജോൺ മാർപ്പാപ്പാ ആദ്യം ആലോചനാ കത്ത് അയച്ചത് മൊന്തീനിക്കാണ്. "ഞാൻ ഈ വിഷയം സംബന്ധിച്ച് ആദ്യ കത്ത് താങ്കൾക്കാണ് എഴുതുന്നത്. മിലാനിലെ മെത്രാപ്പോലീത്തായ്ക്ക് എഴുതുമ്പോൾ മറ്റെല്ലാ മെത്രാന്മാരെയും താങ്കളിൽ കണ്ടുകൊണ്ടാണ് ഞാനിതെഴുതുന്നത്.'' കൗൺസിൽ വിളിച്ചുകൂട്ടുന്നതിനെക്കുറിച്ചു മൊന്തീനി പറഞ്ഞതായി ജന്മസ്ഥലമായ ബ്രേഷ്യായിൽ ഒരു പറച്ചിലുണ്ട്: "ഈ വൃദ്ധനായ കുട്ടി കടന്നൽകൂട്ടിൽ കല്ലെറിയുകയാണ് എന്നറിയുന്നില്ല." പക്ഷെ ജോൺ മാർപ്പാപ്പയ്ക്ക് എല്ലാം അറിയാമായിരുന്നു. പിന്നീടുള്ള സംഭവങ്ങൾ അതാണല്ലോ വ്യക്തമാക്കുന്നത്.

ഫ്രാൻസിസ് പാപ്പ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്ന മൂന്നാമത്തെ പാപ്പായാണ് പൗലോസ് മാർപ്പാപ്പ. 2014 ൽ ജോൺ പോൾ രണ്ടാമനും, ജോൺ 23–ാമനും അൾത്താര വണക്കത്തിനായി

ഉയർത്തപ്പെട്ടു. ജോൺ മാർപ്പാപ്പ വത്തിക്കാൻ സൂനഹദോസിനു വേണ്ടി സഭയുടെ കിളിവാതിൽ തുറന്നിട്ടെങ്കിൽ ആ സൂനഹദോസു പൂർത്തിയാക്കി ഉചിതമായ സമയത്ത് ആ വാതിൽ അടച്ചവനാണ് പൗലോസ് മാർപ്പാപ്പ. വാതിൽ അടച്ചെങ്കിലും വത്തിക്കാന്റെ ഉള്ളറകൾ മൊന്തീനിക്ക് നല്ലവണ്ണം അറിയാമായിരുന്നു. 1922 മുതൽ 1945 വരെ സെക്രട്ടറി ഓഫ് സ്റ്റേറ്റിൽ പ്രവർത്തിച്ചുള്ള അസാധാരണമായ പരിചയം. പന്ത്രണ്ടാം പിയൂസ് പാപ്പായുടെ ഏറ്റവു അടുത്ത ഉപദേശകനായിരുന്നു. അദ്ദേഹം തന്നെ പറയുന്നുണ്ട്: “മുപ്പതിലധികം വർഷം ഞാൻ റോമിലായിരുന്നു മാർപ്പാപ്പായുടെ അടുത്ത്. മൂന്നു മാർപ്പാപ്പാമാർ എന്റെ സമീപത്തുകൂടെ കടന്നുപോയി. രണ്ടുപേരെ ഞാൻ ശുശ്രൂഷിച്ചു. കൂടാതെ ഒരാളെ 17 വർഷങ്ങൾ അനുദിനം അല്ല ഓരോ മണിക്കൂറും എന്നു ഞാൻ പറയും (പന്ത്രണ്ടാം പിയൂസ്). അദ്ദേഹത്തിന്റെ സംഭാഷണത്തിൽ എന്നെ ഉൾച്ചേർത്തു. ഒരു മകനോ ഒരു വിശ്വസ്തനോ ഒരു സെക്രട്ടറിക്കോ മാത്രം ചെയ്യാൻ പറ്റുന്ന ശുശ്രൂഷകൾ എന്നോടു ചോദിക്കുവാനായി മാർപ്പാപ്പ മടി കാണിച്ചിട്ടില്ല.”

വത്തിക്കാന് ഏറ്റവും പ്രിയപ്പെട്ട വൈദികനായിരുന്നു മൊന്തീനി. കൃത്യതയും വ്യക്തതയും സത്യസന്ധതയും ഉള്ള തീരുമാനങ്ങളുടെ ഉടമയായിരുന്നു അദ്ദേഹം. കാനൻ നിയമത്തിൽ ഡോക്ടർ ബിരുദം നേടിയ മൊന്തീനി വത്തിക്കാന്റെ ഡിപ്ലോമാറ്റിക് സർവ്വീസിൽ ദീർഘകാലം ശുശ്രൂഷ ചെയ്തു. വത്തിക്കാൻ വിട്ടപ്പോൾ 1954 –ൽ മിലാനിലെ മെത്രാപ്പോലീത്തയായി.

പോൾ ആറാമൻ 21 ജൂൺ 1963 ലാണ് 262–ാമത്തെ മാർപ്പാപ്പായായി തന്റെ ശുശ്രൂഷ ആരംഭിക്കുന്നത്. ഭൂരിഭാഗം നേതാക്കന്മാർക്കും ഭരണമോ ശുശ്രൂഷകളോ ആരംഭിച്ച് ഏതാനും വർഷങ്ങൾ കഴിയുമ്പോൾ എതിർപ്പുകൾ നേരിടേണ്ടിവരിക സ്വാഭാവികമാണ്. പൗലോസ് മാർപാപ്പായ്ക്ക് തുടക്കത്തിൽതന്നെ ഇത് അനുഭവിക്കേണ്ടിവന്നു. ഇറ്റലിയിലെ കാസ്റ്റൽ ഗണ്ടോൾഫോയിൽവച്ച് 1978 ഓഗസ്റ്റ് 6 ന് ഹൃദയസ്തംഭനം മൂലം പാപ്പാ മരണമടഞ്ഞു. പാപ്പായായി സ്ഥാനമേൽക്കുമ്പോൾ സാധാരണമായിരുന്ന കിരീടധാരണം ലഭിച്ച അവസാനത്തെ മാർപ്പാപ്പായാണ് അദ്ദേഹം. പിന്നീട് വന്നവർ കിരീടധാരണം ഉപേക്ഷിച്ചു.

**രൂപാന്തരീകരണത്തിന്റെ പാപ്പ**

പൗലോസ് പാപ്പായുടെ ആപ്തവാക്യം cum ipso in monte - അവനോടുകൂടെ മലമുകളിൽ - എന്നായിരുന്നു. അതായത് പൗലോസ് മാർപ്പാപ്പ രൂപാന്തരീകരണത്തിന്റെ പാപ്പായായിരുന്നു. ഈശോയുടെ രൂപാന്തരീകരണത്തിന്റെ തിരുനാൾ ദിവസമായ ആഗസ്റ്റ് 6 ന് പാപ്പ മരിച്ചതും യാദൃശ്ചികമായിരിക്കുകയില്ല. മിലാനിൽ മെത്രാപ്പോലീത്ത ആയിരുന്നപ്പോൾ സുവിശേഷവത്ക്കരണത്തിലൂടെ രൂപാന്തരീകരണത്തിന്റെ വലിയ ശബ്ദം കേൾപ്പിച്ചു പ്രകാശം പരത്തി. ലോകത്തെ സുവിശേഷം കേൾപ്പിക്കുന്നതിൽ പാപ്പാ തീവ്രപരിശ്രമം നടത്തി. കുടുംബ ധാർമ്മികതയിലും ലൈംഗിക വിദ്യാഭ്യാസത്തിലും കത്തോലിക്കാസഭയിൽ രൂപാന്തരീകരണം നടത്തി. 'ലോകത്തിലെ എന്റെ ജീവിതം അവസാനിക്കുമ്പോൾ പ്രകാശത്തിലാകാൻ ഞാൻ ആഗ്രഹിക്കുന്നു' എന്ന അദ്ദേഹത്തിന്റെ അവസാനകാല വാക്കുകൾ രൂപാന്തരീകരണത്തിന്റെ പൂർത്തീകരണമാണ്.

കണ്ടുമുട്ടലുകളുടെയും സംഭാഷണങ്ങളുടെയും തീർത്ഥാടനങ്ങളുടെയും പാപ്പ

പല നിർണ്ണായക കാര്യങ്ങളും ആദ്യമായി ചെയ്ത മാർപ്പാപ്പായാണ് പോൾ ആറാമൻ.

1) പൗലോസ് മാർപാപ്പായാണ് 1000 വർഷങ്ങൾക്കിടയിൽ കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രീയാർക്കീസുമായി ആദ്യമായി സംഭാഷണം നടത്തിയത്. ജറുസലത്ത് വച്ചു നടത്തിയ കൂടിക്കാഴ്ചയിലൂടെ ആഴമായ ദൈവശാസ്ത്രവും സഭൈക്യശാസ്ത്രവും അതിലുപരി സഹോദരീസഭകൾ എന്ന അതിശ്രേഷ്ഠമായ സഭാവിജ്ഞാനീയ ദർശനങ്ങളും പുറത്തുകൊണ്ടുവന്നു. 1964 ൽ ജനുവരി 5-ന് വിശുദ്ധനാട് സന്ദർശിച്ചപ്പോൾ നസ്രത്തിലെ ഭവനത്തിൽ വച്ചു പറഞ്ഞു: "നസ്രത്തിലെ ഭവനം എല്ലാറ്റിലുമുപരിയായി നമ്മെ പഠിപ്പിക്കുന്നത് നിശ്ശബ്ദതയാണ്. ആത്മാവിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത ഏറ്റം അഭിലഷണീയമായ അന്തരീക്ഷമാണ് നിശ്ശബ്ദത. ഈ നിശ്ശബ്ദത നല്ല ചിന്തകളിൽ ഉറച്ചുനില്ക്കുവാനായി, ആന്തരികജീവിതത്തിൽ വള

രുവാനായി, ദൈവത്തിന്റെ രഹസ്യാത്മകമായ പ്രചോദനങ്ങളിലും യഥാർത്ഥ അധ്യാപകരുടെ ഉപദേശങ്ങളിലും നിലനില്ക്കുവാനായി നമ്മെ നിരന്തരം പ്രചോദിപ്പിക്കണം.”

2) ഐക്യരാഷ്ട്രസഭയിൽ ആദ്യമായി സംസാരിച്ച പാപ്പ പോൾ ആറാമനാണ്. അവിടെവച്ച് അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ലിണ്ടൻ ജോൺസനുമായി അദ്ദേഹം ദീർഘനേരം ഉന്നതതല ചർച്ചകൾ നടത്തി.

3) ഇന്ത്യയും ഫിലിപ്പിയൻസും ആഫ്രിക്കയും സന്ദർശിച്ച ആദ്യ പാപ്പായും പോൾ ആറാമൻ തന്നെയാണ്. ‘പോൾ ആറാമൻ പാപ്പാ ഇന്ത്യയിൽ; ലോകചരിത്രം ദർശിച്ചിട്ടില്ലാത്ത മഹാസംഭവം’ എന്നായിരുന്നു അന്ന് ദീപിക കൊടുത്ത ശീർഷകം. ഇന്നും അത് അനേകരിൽ കെടാവിളക്കായി നില്ക്കുന്നു.

4) 1964-ൽ റോമാ പട്ടണത്തിനു പുറത്തുള്ള സെന്റ് പോൾ ബസ്സിലിക്കയിൽ വച്ച് കാന്റെർബറി ആർച്ച്ബിഷപ്പായിരുന്ന മൈക്കൽ റാമ്സി മെത്രാപ്പോലീത്തയുമായി സംഭാഷണം നടത്തി. ത ൂലം ആംഗ്ലിക്കൻ- കാത്തലിക് സംഭാഷണം പുതിയ ദിശയിൽ നീങ്ങാൻ തുടങ്ങി.

പൗലോസ് മാർപ്പാപ്പായ്ക്ക് 1964 ഒരു അത്ഭുത വർഷം (Annus Mirabilis) ആയിരുന്നുവെങ്കിൽ 1968 മുതൽ ദുരിതങ്ങളുടേതായിരുന്നു (Annus Horibilis). ജോൺ പോൾ രണ്ടാമൻ പാപ്പായുടെ പല ചിന്തകൾക്കും രൂപം നല്കിയത് പൗലോസ് മാർപാപ്പായാണ്. ഫ്രാൻസിസ് പാപ്പായുടെ ചിന്തകളെ, പ്രത്യേകിച്ച് സുവിശേഷവത്ക്കരണവുമായി ബന്ധപ്പെട്ട ചിന്തകളെയും ഏറെ സ്വാധീനിച്ചിട്ടുണ്ട്. രണ്ടു പേരും സുവിശേഷവത്ക്കരണത്തിന്റെ അഭിനവ ശ്ലീഹന്മാരാണ്.

**സൂനഹദോസിന്റെ അമരക്കാരൻ**

പൗലോസ് മാർപ്പാപ്പായുടെ ഏറ്റവും വലിയ മുദ്ര, അമർത്യമായ മുദ്ര, രണ്ടാം വത്തിക്കാൻ സൂനഹദോസിനെ മുന്നോട്ടു കൊണ്ടുപോയി പൂർത്തിയാക്കുകയും അതിന്റെ പ്രബോധനങ്ങളെ ലോകം മുഴുവൻ എത്തിക്കുകയും ചെയ്തു എന്നതാണ്. കൗൺസി

ലിന്റെ പ്രബോധനങ്ങളിലെല്ലാം പൗലോസ് മാർപ്പാപ്പയുടെ അനശ്വരമായ മുദ്രകളുണ്ട്. ഈ കൗൺസിലിന്റെ പ്രബോധനങ്ങൾ ഏറ്റവും കൂടുതൽ പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത ഒരു പ്രദേശം ഇന്ത്യയിലെ കേരളമാണ് എന്നു പറയുന്നതിൽ അതിശയോക്തി ഒട്ടും തന്നെ കാണുകയില്ല.

**രക്തസാക്ഷിത്വത്തിന്റെ പാപ്പാ**

പൗലോസ് മാർപ്പാപ്പ രക്തസാക്ഷിത്വത്തിന്റെ പാപ്പായാണ്. സത്യത്തിനുവേണ്ടിയും സഭാത്മകമായ ഉത്തരവാദിത്വത്തിനുവേണ്ടിയും പോരാടിയ രക്തസാക്ഷി. കൗൺസിലിന്റെ രണ്ടാമത്തെ സെഷന്റെ ഉദ്ഘാടനത്തിൽ പൗലോസ് മാർപാപ്പാ പറഞ്ഞു: Te Christe solum novimus 'ഞങ്ങൾക്ക് അറിയാവുന്നത് കർത്താവേ നിന്നെ മാത്രമാണ്.' കൗൺസിലിന്റെ സമാപനത്തിലും പൗലോസ് മാർപ്പാപ്പ പറഞ്ഞു: "ദൈവം ഈ ശുശ്രൂഷയ്ക്കായി എന്നെ കരുതി വച്ചത് ഞാൻ പ്രത്യേകിച്ച് അതിനു യോഗ്യനായ ആളായതുകൊണ്ടല്ല. ഈ ആധുനികകാലത്തെ പ്രശ്നപ്രതിസന്ധികളിൽ നിന്ന് സഭയെ മോചിപ്പിച്ചു നയിക്കാൻ ഞാൻ പ്രാപ്തനായതുകൊണ്ടുമല്ല; പ്രത്യുത സഭയ്ക്കുവേണ്ടി സഹിക്കാൻ കഴിയുന്ന ഒരുവൻ എന്നതുകൊണ്ടായിരിക്കും. ഈ അർത്ഥത്തിൽ ഒരു കാര്യം വ്യക്തമാണ്. അവൻ (ഈശോ) മാത്രമാണ് സഭയെ നയിക്കുന്നതും രക്ഷിക്കുന്നതും."

പൗലോസ് മാർപ്പാപ്പ പൗലോസ് ശ്ലീഹായെപ്പോലെ ആകാൻ ആഗ്രഹിച്ചവനായിരുന്നു. പൗലോസിന്റെ ഹൃദയം ക്രിസ്തുവിന്റെ ഹൃദയമായിരുന്നു എന്നു പറയുന്നത് ഇവർ ഇരുവരിലും അന്വർത്ഥമാണ്. രണ്ടു പൗലോസുമാരും സുവിശേഷത്തിന്റെ തളരാത്ത ഓട്ടക്കാരായിരുന്നു. എന്റെ പേര് പൗലോസ് എന്നും വീട്ടുപേര് പത്രോസ് എന്നുമാണ് എന്നു പാപ്പാ പറയുന്നതിലും ഏറെ അർത്ഥമുണ്ട്. സുവിശേഷവത്ക്കരണത്തെക്കുറിച്ച് പാപ്പാ എഴുതി: "സഭ തന്നെയും നിരന്തരമായി സുവിശേഷവത്ക്കരിക്കപ്പെടണം. ജനങ്ങൾ അധ്യാപകരെയല്ല, സാക്ഷികളെയാണ് അന്വേഷിക്കുന്നത്. ജനങ്ങൾ അധ്യാപകരെ ശ്രവിക്കുന്നുണ്ടെങ്കിൽ അവർ സാക്ഷികളായതുകൊണ്ടുമാത്രമാണ്."

വിനയവും ലാളിത്യവും തമ്മിൽ കൂട്ടി വിളക്കിയ ഒരു സഭാ ശുശ്രൂഷയ്ക്കുവേണ്ടി പൗലോസ് മാർപ്പാപ്പ ഏറെ ശ്രദ്ധിച്ചിരുന്നു. അദ്ദേഹം വ്യക്തിത്വത്തിൽ അദ്വിതീയനും തീരുമാനങ്ങളിൽ കൃത്യത ഉള്ള ചിന്തകനുമായിരുന്നു. അദ്ദേഹത്തെ നയിച്ച ആത്മീയത, മറ്റുള്ളവർക്ക് താല്പര്യമുള്ള കാര്യങ്ങൾ പറഞ്ഞ് പോപ്പുലർ ആകാനല്ല, മറ്റുള്ളവർക്ക് ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് ശരിയിൽ നില്ക്കാനാണ് ശ്രമിക്കേണ്ടത് എന്ന തത്വമാണ്. പൗലോസ് മാർപ്പാപ്പയുടെ ഒരു ജീവചരിത്രകാരൻ എഴുതുന്നു: ഓരോ ചൊവ്വാഴ്ചയും പാപ്പാ മുറി അടച്ച് വായനയിൽ മുഴുകുമായിരുന്നു. സ്വന്തം കൈപ്പടയിൽ ബുധനാഴ്ച ഉച്ചയ്ക്കുള്ള പ്രസംഗം ഒരുങ്ങുവാൻ. സെക്രട്ടറി ആയിരുന്ന ഫാ. ജോൺ മാഗിയോട് വി. ആഗസ്തീനോസിന്റെ ഗ്രന്ഥങ്ങൾ എടുത്തുകൊണ്ടുവരാൻ പലപ്പോഴും ആവശ്യപ്പെടുമായിരുന്നു. കാരണം അഗസ്റ്റിന്റെ ഗ്രന്ഥങ്ങൾ ദൈവം സഹനങ്ങളെ എപ്രകാരമാണ് സന്തോഷമായി പകർത്തുന്നത് എന്നു കാണിച്ചിരുന്നു.

**അതുല്യനായ ദൈവശാസ്ത്രജ്ഞൻ**

സഭ കണ്ട ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനും നിയമപണ്ഡിതനുമായിരുന്നു പൗലോസ് മാർപ്പാപ്പ. വത്തിക്കാൻ സൂനഹദോസിന്റെ ദൈവശാസ്ത്രപരമായ സംഭാവനകളിൽ ഏറിയ പങ്കും മൊന്തീനിയുടെതായിരുന്നു. യാഥാസ്ഥിതിക നിലപാടും പുരോഗമന നിലപാടും വിവേകപൂർവ്വം ദൈവശാസ്ത്രത്തിൽ സമ്മേളിപ്പിച്ച വ്യക്തിയായിരുന്നു കർദ്ദിനാൾ മൊന്തീനി. സഭയുടെ ദൈവാരാധനയെ സംബന്ധിച്ചും ആരാധനാഭാഷയെ സംബന്ധിച്ചും പാപ്പായ്ക്ക് മറ്റാരെയുംകാൾ ആഴമായ ദർശനങ്ങളും നിലപാടുകളും ഉണ്ടായിരുന്നു. പ്രാർത്ഥനയെക്കുറിച്ചു പഠിപ്പിക്കുമ്പോൾ വി. കുർബാനയാണ് ഏറ്റവും നല്ല പ്രാർത്ഥന എന്നു പറഞ്ഞു. എല്ലാ രാജ്യങ്ങളിലുമുള്ള മെത്രാൻസമിതികളെ ശക്തിപ്പെടുത്തുകയും സഭകൾ തമ്മിൽ കൂട്ടായ്മയുടെ അന്തരീക്ഷം പുലർത്തണം എന്നു പഠിപ്പിക്കുകയും ചെയ്തു.

1963 മുതൽ 1978 വരെ കത്തോലിക്കാ സഭയെ സമർത്ഥമായി നയിച്ചു എന്നതുതന്നെയാണ് പൗലോസ് മാർപ്പാപ്പയുടെ ഏറ്റവും

വലിയ ബഹുമതി. 1964–ൽ 'എക്ലേസിയാം സുവാം' എന്ന ചാക്രിക ലേഖനംവഴി സഭയിലെ യാഥാസ്ഥിതിക നിടപാടുകൾ ഉറപ്പിച്ചു. സഭയും ലോകവും തമ്മിലുള്ള സംഭാഷണത്തിനായി ഒരു പ്രത്യേക വിളി തനിക്കുണ്ട് എന്നു വ്യക്തമാക്കി. 'പോപ്പുളോരും പ്രോഗ്രേസ്സിയോ' യുടെ പാപ്പാ എന്ന നിലയിൽ സാമൂഹ്യ-സാമ്പത്തിക നീതിക്കുവേണ്ടി നിലകൊണ്ടു.'ഒക്തോജെസിമാ അഡ്വേനിയൻസ്' -ലൂടെ സഭയിലെ രാഷ്ട്രീയ ബഹുത്വനിലപാടുകൾ വ്യക്തമാക്കി.

ചരിത്രപ്രസിദ്ധമായ 'ഹുമാനേ വീത്തേ' (1968) എന്ന ചാക്രിക ലേഖനത്തിലൂടെ സഭയുടെ പരമ്പരാഗതമായ ധാർമ്മിക നിലപാടുകളെ ഒന്നുകൂടി കർക്കശമാക്കി. ഇന്ന് ഇന്ത്യൻ സുപ്രീം കോടതി പോലും നിയമപരമായി അനുവദിക്കുന്ന അല്ലെങ്കിൽ വളരെ അയഞ്ഞ നലപാടുകൾ എടുക്കുന്ന സ്വവർഗ്ഗവിവാഹം, വിവാഹേതര ബന്ധം, ഗർഭഛിദ്രം, ദയാവധം എന്നീ കാര്യങ്ങളിലെല്ലാം വളരെ ഉറച്ച നിലപാടുകൾ പാപ്പായ്ക്കുണ്ടായിരുന്നു. ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വത്തിലേക്കും പിതൃത്വത്തിലേക്കും ദമ്പതികളെ പഠിപ്പിച്ചു ബോധ്യപ്പെടുത്തി. കൃത്രിമ ജനന നിയന്ത്രണത്തിനെതിരായി കാർക്കശ്യം പുലർത്തി. പത്തു വർഷങ്ങൾകൂടി സഭയെ ഭരിച്ചെങ്കിലും ഇത് അവസാനത്തെ ചാക്രികലേഖനമായിരുന്നു. 1975–ൽ എഴുതിയ 'ഇവാഞ്ചെലിയും നുൻസിയാന്തി' എന്ന തിരുവെഴുത്ത് ലോകപ്രസിദ്ധമായി. നാളിതുവരെ കത്തോലിക്കാസഭയുടെ ഏറ്റവും സമ്പന്നമായ അജപാലന ഉപദേശ ഗ്രന്ഥമാണിത്. സ്ഥായീ ഭാവത്തിന്റെയും തുടർച്ചയുടെയും നവീകരണത്തിന്റെയും പാപ്പായായിരുന്നു പൗലോസ് മാർപാപ്പ. പാപ്പാ മരിച്ചപ്പോൾ ന്യൂയോർക് ടൈംസ് എഴുതി : "ഒരു ബ്യൂറോക്രാറ്റ് വിടവാങ്ങി." പാപ്പാ മൊന്തീനി ഒരു ബ്യൂറോക്രാറ്റിനുമൊക്കെ വളരെ അപ്പുറം എത്തിയവനും മറുപുറം കണ്ടവനുമായിരുന്നു. പാപ്പാ, ആദ്ധ്യാത്മിക ചിന്തകനും അനിതര സാധാരണമായ വിശുദ്ധി ജീവിതത്തിൽ കൊണ്ടുനടന്നവനുമായിരുന്നു.

ഇന്നത്തെ അജപാലന പശ്ചാത്തലത്തിൽ പാപ്പായുടെ, താഴെപ്പറയുന്ന ചിന്തകൾ ഏറെ പ്രസക്തമാണ്. "ലോകം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത് ലാളിത്യമാണ്. പ്രാർത്ഥനയും ദാനധർമ്മവും

സ്നേഹവുമാണ്. അനുസരണവും വിനയവുമാണ്. ലോകത്തോടുള്ള അകൽചയും സ്വയംനിയന്ത്രണവുമാണ്. ഈ ഗുണവിശേഷമില്ലെങ്കിൽ ആധുനിക മനുഷ്യന്റെ ഹൃദയത്തെ സ്പർശിക്കുവാൻ നമ്മുടെ വാക്കുകൾക്കു കരുത്തില്ലാതാവും. അത് അർത്ഥശൂന്യവും വന്ധ്യവുമായ വാക്കുകളാകും. ഇത്തരത്തിലുള്ള ഒരു വന്ധ്യത ഇന്നു വളർന്നു പടരുന്നുണ്ട്." പൗലോസ് മാർപ്പാപ്പായുടെ വാക്കുകൾ സഭയുടെ ഏറ്റവും വലിയ ഓർമ്മയാണ്. അമ്മമാരെക്കുറിച്ചു പറഞ്ഞപ്പോൾ പാപ്പാ പറഞ്ഞു: "ഓരോ അമ്മയും മോശെയെപ്പോലെയാണ്, വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുന്നില്ല; അവൾ കാണുന്നില്ലാത്ത ഒരു ലോകത്തെ അവൾ ഒരുക്കുകയാണ്." തിരുവോസ്തിയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയാണ് ഓരോ ഇടവകയുടെയും ഹൃദയം എന്ന ചിന്തയും ഏറെ അജപാലനപ്രാധാന്യമുള്ള ഒന്നാണ്.

നല്ല ക്രൈസ്തവനാകണമെങ്കിൽ നല്ല മരിയ ഭക്തനുമാകണം എന്ന പാപ്പായുടെ ചിന്ത ലോകശ്രദ്ധ പിടിച്ചുപറ്റി. മറിയംവഴി ഈശോയിലേക്ക് എന്നത് പാപ്പായുടെ വലിയ പ്രബോധനമായിരുന്നു. ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ സമയം ഒരു നല്ല കുമ്പസാരം നടത്തുന്നതാണ്. മനുഷ്യന്റെ പ്രവൃത്തികളിൽ ഏറ്റവും പ്രധാനപ്പെട്ടത് ദൈവത്തെ ശ്രവിക്കലാണ് എന്ന ആത്മീയചിന്തകൾ കെടാവിളക്കുകളായി ശോഭിക്കുന്നു.

പൗലോസ് മാർപ്പാപ്പയെ ഒക്ടോബർ 14-ാം തീയതി വിശുദ്ധനായി പ്രഖ്യാപിക്കുന്നതുവഴി ഫ്രാൻസിസ് പാപ്പാ ഒരിക്കൽകൂടി സഭയുടെ സ്ഥായീഭാവമുള്ള പ്രബോധനങ്ങളെ അരക്കിട്ടുറപ്പിക്കുകയാണ്. സഭയിലെ മാറ്റമില്ലാത്ത നിലപാടുകൾ എടുത്തുകാണിക്കുകയാണ്. പൗലോസ് മാർപ്പാപ്പയെ കൂടാതെ സാൽവദൊറോഞ്ഞോയുടെ മെത്രാപ്പോലീത്തയായിരുന്ന ആർച്ചുബിഷപ്പ് ഓസ്കാർ റൊമേറോ, ഫാ. ഫ്രൻചേസ്കോ സ്പിനേല്ലി, ഫാ. വിൻചേൻസോ റൊമാനോ, സി. കാതറിന കാസ്പർ, സി. നാസറിയ ഇഗ്നാസിയ എന്നീ അഞ്ചു പേർ കൂടി വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്നുണ്ട്.

പോൾ ആറാമൻ പാപ്പായെ വിശുദ്ധ പദവിയിലേക്കുയർത്തുമ്പോൾ ഭാരതത്തിനും അത് സന്തോഷവാർത്തയാണ്. ആദ്യമായി ഭാരതമണ്ണിൽ കാലുകുത്തിയ പാപ്പാ എന്ന നിലയിൽ മാത്രമല്ല, ഭാരതത്തിന്റെ ആധ്യാത്മികതയ്ക്കു ദിശാബോധം നല്കാൻ പര്യാപ്തമായ ആത്മീയ ഔന്നത്യമുള്ള വ്യക്തി എന്ന നിലയിലും ഈ വിശുദ്ധ പദപ്രഖ്യാപനം പ്രസക്തമാണ്.

---

NB : ഈ ലേഖനം 2018 ഒക്ടോബർ 14-ന് സൺഡേ ദീപികയിൽ പ്രസിദ്ധീകരിച്ചതാണ്.




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. തീർത്ഥാടനകേന്ദ്രം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ സെബാസ്റ്റ്യൻ വടക്കേൽ
മാർ ജേക്കബ് മുരിക്കൻ
ശ്രീ. കെ.എം. മാണി എം.എൽ.എ.
ശ്രീ. പി.സി. ജോർജ് എം.എൽ.എ
ശ്രീ. ജോസ് കെ.മാണി എം.പി.

**2. വി. അൽഫോൻസാ വി. പദവി പ്രഖ്യാപനം**

അൽഫോൻസാമ്മയുടെ വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ 10-ാം വാർഷികം ഭക്തിപൂർവ്വം കൊണ്ടാടി. രൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് പരി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് പ്രത്യേക ജപമാല മെഴുകുതിരി പ്രദക്ഷിണം നടന്നു.

**3. രോഗീദിന പ്രാർത്ഥന**

എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും നടന്നുവരുന്ന രോഗീദിന പ്രാർത്ഥനയ്ക്ക് ഫാ. ജോസഫ് മഠത്തിക്കുന്നേൽ നേതൃത്വം വഹിച്ചു. വി. കുർബാനയിലും രോഗീപ്രാർത്ഥനയിലും ധാരാളം പേർ പങ്കെടുത്തു.

**4. ജപമാല മെഴുകുതിരി പ്രദക്ഷിണം**

ശനിയാഴ്ചകളിൽ നടന്ന ജപമാല മെഴുകുതിരി പ്രദക്ഷിണത്തിന് ഫാ. മാത്യു മുളങ്ങാശ്ശേരിൽ കപ്പൂച്ചിൻ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ ഫാ.ജെയിംസ് മംഗലത്ത്, ഫാ. തോമസ് പാറയ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**5. രാത്രി ആരാധന**

പാലാ രൂപത കരിസ്മാറ്റിക് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 27-ാം തീയതി നടന്ന രാത്രി ആരാധനയ്ക്ക് ബ്ര. ജോർജ് കുന്നുംപുറം, ജീസസ് ഗോസ്പൽ മിനിസ്ട്രി, കോതമംഗലം വചനപ്രഘോഷണം നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി.

വി. അൽഫോൻസായുടെ നാമകരണ പ്രഖ്യാപനത്തിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് എഫ്.സി.സി. ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ പ്രൊവിൻഷ്യൽ സി. ആനി കല്ലറങ്ങാട്ടിന്റെ നേതൃത്വത്തിൽ രാത്രി ആരാധന നടന്നു.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസപരിശീലക ഡയറക്ടേഴ്സ് സമ്മേളനം**

സീറോ മലബാർ സഭയിലെ വിശ്വാസപരിശീലക ഡയറക്ടേഴ്സിന്റെ സമ്മേളനം ഒക്ടോബർ 25-ാം തീയതി രാവിലെ 10 മണിക്ക് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. സീറോ-മലബാർ കാറ്റെക്കെറ്റിക്കൽ ചെയർമാൻ മാർ ജേക്കബ് മനത്തോടത്ത് അധ്യക്ഷത വഹിച്ചു.

**2. രൂപത രചനാ മത്സര റിസൾട്ട് പ്രഖ്യാപിച്ചു.**

പാലാ രൂപത കലോത്സവുമായി ബന്ധപ്പെട്ട് നടത്തിയ രൂപത രചനാ മത്സരത്തിന്റെ റിസൾട്ട് പ്രഖ്യാപിച്ചു. A, B, C വിഭാഗങ്ങളിൽ താഴെപറയുന്ന ഇടവകകൾ ജേതാക്കളായി.

**A. വിഭാഗം**

**I.**ഗാഗുൽത്ത **II.** പൂഴിക്കോൽ

**B. വിഭാഗം**

**I.** കാഞ്ഞിരത്താനം **II.** അറക്കുളം ന്യൂ

**C. വിഭാഗം**

**I.** കുറവിലങ്ങാട് **II.** തീക്കോയി

**3. വിശ്വാസപരിശീലക സംഗമം**

കടുത്തുരുത്തി ഫൊറോനയിലെ വിശ്വാസപരിശീലക സംഗമം ഒക്ടോബർ 14-ാം തീയതി തുരുത്തിപ്പള്ളി ഇടവകയിൽ വച്ചു നടത്തി. 'ആനന്ദിച്ചാഹ്ളാദിക്കുവിൻ' എന്ന അപ്പസ്തോലിക ലേഖനത്തെ അധികരിച്ച് റവ. ഡോ. തോമസ് വടക്കേൽ ക്ലാസ് നയിച്ചു. വികാരി റവ. ഫാ. ജോസ് കുന്നപ്പള്ളി, മേഖലാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ കണ്ടത്തിൻകുടിലിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

തീക്കോയി : തീക്കോയി ഫൊറോനയിലെ അദ്ധ്യാപകസംഗമം ഒക്ടോബർ 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് തീക്കോയി ഫൊറോന പള്ളിയിൽ വച്ചു നടന്നു. റവ. ഡോ. തോമസ് വടക്കേൽ ക്ലാസ് നയിച്ചു. വികാരി വെരി റവ. ഫാ. ജോസഫ് കിഴക്കേക്കര, ഫൊറോന ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് വട്ടമുകളേൽ, ഹെഡ്മാസ്റ്റർ ജോജോ പുന്നപ്ലാക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. തോമസ് മേനാച്ചേരി** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. കുടുംബവർഷം ഉദ്ഘാടനം**

ഒക്ടോബർ 1-ാം തീയതി നെന്നൽ മദർ തെരേസ ദൈവാലയത്തിൽ വച്ചു നടന്ന പരിശുദ്ധ കുർബാനയിൽ, ആദിലാബാദ് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പാലാ മിഷനിൽ കുടുംബവർഷം ഉദ്ഘാടനം ചെയ്തു. ബഹു. ഐസക് കുറിച്ചിയേൽ അച്ചനും കോ-ഓർഡിനേറ്റർ ബഹു. ജോർജ് കാരാംവേലി അച്ചനും ബഹു. ആന്റണി ജോർജ് വാഴയിൽ അച്ചനും സഹകാർമ്മികരായിരുന്നു. തുടർന്ന് കുടുംബവർഷസന്ദേശം നൽകുകയും 'കുടുംബവവർഷ ജ്യോതി' പ്രകാശനം ചെയ്യുകയും ചെയ്തു. കുടുംബനവീകരണ പ്രവർത്തനങ്ങൾക്കു തുടക്കമായി. എല്ലാ മിഷൻ കേന്ദ്രങ്ങളിലും പ്രത്യേക നവീകരണ ശുശ്രൂഷകൾ ആരംഭിക്കുകയും ചെയ്തു.

**2. ജപമാലമാസാചരണം**

മാതൃഭക്തിയുടെ ആഘോഷമായ ജപമാല മാസാചരണം പാലാ മിഷൻ കേന്ദ്രങ്ങളിൽ അതിമനോഹരമായി നടന്നുകൊണ്ടിരിക്കുന്നു. തിരുസ്വരൂപപ്രദക്ഷിണങ്ങൾ, ജപമാല കൂട്ടായ്മ സമ്മേളനങ്ങൾ. കോനാമ്പെട്ട ഇടവകയിൽ ബഹു. ജോസഫ് കല്ലാച്ചേരിൽ അച്ചനും ജണ്ട വെങ്കിട്ടപുരം, മേട്ടുപ്പള്ളി, മാമഡികട് എന്നിവിടങ്ങളിൽ ബഹു. ജോസഫ് പരിയാത്ത് അച്ചനും ഗൊല്ലപ്പള്ളി, മൈലാരം എന്നിവിടങ്ങളിൽ ബഹു. ജോർജ് വയലിപ്പറമ്പിൽ, ജോർജ് കൊട്ടാരത്തിൽ അച്ചന്മാരും നെന്നല, കൊത്തഗുടം, മന്നഗുഡം, കർജി എന്നിവിടങ്ങളിൽ ബഹു. ഐസക് കുറിച്ചിയേൽ, ആന്റണി ജോർജ് വാഴയിൽ, ജോർജ് കാരാംവേലി അച്ചന്മാരും ഒപ്പമുള്ള സന്യാസിനീ സഹോദരിമാരും വിവിധ പ്രവർത്തനങ്ങൾക്കും ശുശ്രൂഷകൾക്കും നേതൃത്വം നൽകുന്നു.

**3. മിഷൻ സന്ദർശനം**

പ്രശസ്ത ദൈവശാസ്ത്രജ്ഞനും പാലാ മിഷന്റെ അഭ്യുദയകാംക്ഷിയുമായ പെരിയ ബഹു. ഡോ. ജെയിംസ് കട്ടക്കൽ ഈ വർഷവും പതിവുപോലെ ഒക്ടോബർ 4 മുതൽ 10 വരെയുള്ള ദിനങ്ങളിൽ പാലാ മിഷനിൽ സന്ദർശനം നടത്തി പുതിയനിർദ്ദേശങ്ങളും സഹായങ്ങളും നൽകിയത് പാലാ മിഷനും മിഷനറിമാർക്കും പ്രോത്സാഹനമായി. ബഹു. തകടിയേൽ അച്ചന്റെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാ ഇടവകയിൽനിന്നും 3 വൈദികരും 5 അല്മായരും അടങ്ങുന്ന ഒരു ടീം ഒക്ടോബർ 8,9 തീയതികളിൽ പാലാ മിഷൻ

കേന്ദ്രങ്ങൾ സന്ദർശനം നടത്തുകയും മിഷൻ പ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കുകയും ചെയ്തു. ബഹു. കട്ടക്കൽ അച്ചനും തകടിയേൽ അച്ചനും ടീമിനും പാലാ മിഷൻ നന്ദി അറിയിക്കുന്നു.

**4.** യാത്രയയപ്പ്

കഴിഞ്ഞ ആറുമാസക്കാലം പാലാ മിഷനിൽ സ്തുത്യർഹമായ സേവനം കാഴ്ച വച്ച ബ്രദർ ജോജിക്കും ബ്രദർ ജോയേലിനും യാത്രയയ്പ്പു നൽകി. പുതിയ റീജൻസായ ബ്രദർ ആറ്റുചാലിക്കും ബ്രദർ കട്ടിപ്പറമ്പിലിനും പാലാ മിഷനിലേക്ക് സ്വാഗതം.

**5. മന്നഗുഡം**

മന്നഗുഡം പള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു.

**ഫാ. ജോർജ് കാരാംവേലി** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. സാന്തോം മിഷൻ**

ഗുജറാത്തിലെ സാന്തോം മിഷനിൽനിന്നും ആശംസകൾ! പാലാ രൂപത പുതിയതായി ഏറ്റെടുക്കുന്ന ഗുജറാത്തിലെ പത്തു ഡിസ്ട്രിക്ടുകൾ ഉൾപ്പെടുന്ന സാന്തോം മിഷൻ ഞങ്ങൾ കൂടുതൽ പരിചയപ്പെട്ടുവരുന്നു. പാലാ രൂപതയിൽനിന്നും മൂന്നു വൈദികരാണല്ലോ ഇവിടെ ശുശ്രൂഷ ചെയ്യാൻ ആരംഭിച്ചത്. 18 മിഷൻ സ്റ്റേഷനുകളും 14 വൈദികരും സി.എം.സി. സന്യാസസഭാംഗങ്ങളായ രണ്ടു സഹോദരിമാരും ഈ മിഷനിൽ ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നു.

**2. പാലാ രൂപതയ്ക്കായി ഒരു ഭവനം**

ഈശോ സഭാവൈദികരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഒരു ഫ്ളാറ്റ് പാലായിൽനിന്നും ഗുജറാത്തിൽ ശുശ്രൂഷക്കായി എത്തിയ വൈദികർക്ക് ഔദാര്യപൂർവ്വം വിട്ടുതന്നിരിക്കുന്നു. ഇതു നവീകരിച്ച് കഴിഞ്ഞ സെപ്തംബർ 8-ാം തീയതി ആശീർവദിച്ചു. ഒക്ടോബർ ഒന്നു മുതൽ ഫാ. ജേക്കബ് വെള്ളമരുതുങ്കലും ഫാ. ജോസഫ് മലേപ്പറമ്പിലും താമസമാരംഭിക്കുകയും ചെയ്തു. മൂന്നു മുറികളും എട്ടു ബെഡുകളും ഈ ഭവനത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ഈ ഭവനത്തിലേയ്ക്ക് പാലായിൽനിന്നും മിഷൻ സന്ദർശനത്തിനായി ഇവിടെയെത്തുന്ന അതിഥികളെ സ്വാഗതം ചെയ്യുന്നു.

**3. സെന്റ് അൽഫോൻസാ കുർബാന സെന്റർ - തൽതേജ്**

ഈ കുർബാന സെന്ററിൽ ഒക്ടോബർ 14-ാം തീയതി മുതൽ ബഹു. ജോസഫ് മലേപ്പറമ്പിലച്ചൻ വികാരിയായി ശുശ്രൂഷ ചെയ്യുന്നു. ഇടവകാതിർത്തിയിൽ താമസിക്കുന്ന സീറോ-മലബാർ വിശ്വാസികൾക്ക് സ്വന്തമായി ദൈവാലയമില്ലാത്തതിനാൽ ഈശോ സഭാ വൈദികരുടെ സെന്റ് സേവ്യേഴ്സ് ദൈവാലയത്തിലാണ് ഞായറാഴ്ചകളിലും മാസാദ്യ ബുധനാഴ്ചകളിലും പരി. കുർബാനയർപ്പിക്കുന്നത്. 112-ഓളം കുടുംബങ്ങൾ ഈ ഇടവകയിലുണ്ട്. 180 ഓളം പേർ

കുർബാനയിൽ സംബന്ധിക്കുന്നു. കുട്ടികൾക്ക് ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ വിശ്വാസപരിശീലനം എല്ലാ ഞായറാഴ്ചകളിലും നടന്നുവരുന്നു. 110 ഓളം കുട്ടികളും 28 വിശ്വാസപരിശീലകരും ഇവിടെ പരിശീലനത്തിലേർപ്പെട്ടിരിക്കുന്നു. ഒക്ടോബർ മാസത്തിൽ 10 ദിവസങ്ങളിൽ വിവിധ വാർഡുകളിലെ ഭവനങ്ങളിൽ ആഘോഷമായ ജപമായും പരി. കുർബാനയും നടത്തി. 8 വാർഡുകളായി തിരിച്ച് നടത്തുന്ന കുടുംബകൂട്ടായ്മകളിലൂടെ സീറോ-മലബാർ സഭയെക്കുറിച്ചും ആത്മീയജീവിതത്തെക്കുറിച്ചും കുട്ടികളുടെ വിശ്വാസരൂപീകരണത്തെക്കുറിച്ചും അറിവു നൽകുന്നു.

**4. ബാപ്പു നഗർ കുർബാന സെന്റർ**

ബഹു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ വികാരിയായി ശുശ്രൂഷ ചെയ്യുന്ന ബാപ്പു നഗർ, നരോഡ, മേഘാനി നഗർ എന്നീ സ്ഥലങ്ങളിൽ പരി. കുർബാനയും ജപമാലയും വാർഡുപ്രാർത്ഥനകളും നടത്തി. ജേക്കബച്ചൻ ഭവനസന്ദർശനം ആരംഭിച്ചു. പള്ളികളിൽ പരി. കുർബാനയോടെ തുടക്കംകുറിച്ച കൊന്ത നമസ്കാരപ്രാർത്ഥനകളിൽ ഇടവകാംഗങ്ങൾ ധാരാളമായി പങ്കുചേർന്നു. വചനശുശ്രൂഷയും ഭവനസന്ദർശനവും വഴി ഇടവകയിൽ കൂട്ടായ്മകളെ സജീവമാക്കികൊണ്ടിരിക്കുന്നു. ഒക്ടോബർ 31-ന് ആഘോഷമായ പരി.കുർബാനയും ജപമാലറാലിയും ലത്തീൻ ഇടവകദൈവാലയം കേന്ദ്രീകരിച്ച് നെരോഡ കുർബാന സെന്ററിൽ ഓരോ മാസവും രണ്ടു ഞായറാഴ്ചകളിൽ പരി. കർബാനയർപ്പിക്കുന്നു.

**4. ആനന്ദ്-കരംസദ് കുർബാന സെന്ററുകൾ**

ബഹു. ജോർജ് കാവുംപുറത്തച്ചന്റെ നേതൃത്വത്തിൽ ആനന്ദിൻ കുടുംബസന്ദർശനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പരി. അമ്മയുടെ ജപമാല ചൊല്ലി ഒക്ടോബർ മാസത്തിൽ 10 ദിവസങ്ങൾ പ്രാർത്ഥനാദിനങ്ങളായി ആചരിച്ചു. കരംസദ് കുർബാന സെന്ററിൽ ഞായറാഴ്ച കുർബാനയോടനുബന്ധിച്ച് ആഘോഷമായ ജപമാല പ്രാർത്ഥന നടത്തി. കേരള കത്തോലിക് അസോസിയേഷന്റെ 29-ാം വാർഷികം ആനന്ദിൽ ഒക്ടോബർ 14 ന് നടത്തി. ബഹു. ജോസഫ് പുലവേലിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ പരി. കുർബാനയർപ്പിച്ചു. ഡോ. ജോസഫ് മലേപ്പറമ്പിൽ വചനസന്ദേശം നൽകുകയും 150-ഓളം അംഗങ്ങൾ പങ്കെടുത്ത പൊതു സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയും ചെയ്തു. ലത്തീൻ പള്ളി വികാരി റവ. ഫാ. ജോൺ ബ്രിട്ടോ, റവ. ഫാ. ജോസഫ് പുലവേലിൽ, റവ. ഫാ. ജോർജ് കാവുംപുറം തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. ഇടവകാംഗങ്ങളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

**6. മണിനഗർ ഇടവകയിൽ പുതിയ സീറോ-മലബാർ ദൈവാലയ നിർമ്മാണം**

മണിനഗർ ഇടവകയിലെ സെന്റ് തോമസ് കുർബാന സെന്ററിന്റെ ആഭിമുഖ്യത്തിൽ പുതിയ ഇടവക ദൈവാലയനിർമ്മാണത്തിന്റെ പണികൾ ആരംഭിച്ചു. ഡിസംബർ മാസത്തിൽ കൂദാശ ചെയ്യത്തക്കവിധം പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നുവരുന്നു.

**6. ഗുജറാത്തു മിഷനിലെ വൈദികരുടെ മാസധ്യാനം**

ഗുജറാത്തുമിഷനിൽ ജോലി ചെയ്യുന്ന വിവിധ രൂപതക്കാരും സമർപ്പിത സമൂഹത്തിലെ അംഗങ്ങളുമായ വൈദികരുടെ മാസധ്യാനം ബെറോഡ സെന്റ് അൽഫോൻസാ ഇടവകയിൽ വച്ച് ഒക്ടോബർ 8-ാം തീയതി നടത്തി. അഹമ്മ ദാബാദ്, ബറോഡ് വാപ്പി, സിൽവാസ, സൂറത്ത് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള 14 വൈദികരാണ് ഇതിൽ പങ്കുചേർന്നത്. ഡോ. ജോസഫ് മലേപറമ്പിൽ വചന ചിന്തകൾ പങ്കുവയ്ക്കുകയും തുടർന്ന് ഒരു മണിക്കൂർ ദിവ്യകാരുണ്യാരാധന നടത്തുകയും ചെയ്തു. തുടർന്ന്, മൂന്നുമണി വരെ നീണ്ടുനിന്ന വിശദമായ ചർച്ച കളിൽ സീറോ-മലബാർ സഭയുടെ വിശ്വാസപൈതൃകം ഇടവക സമൂഹങ്ങൾക്ക് പകർന്നു നല്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ഓരോ മിഷൻ സെന്ററിനെയും പരിചയപ്പെടുത്തിയ ചർച്ചകൾ ഗുജറാത്തുമിഷനെ കൂടുതൽ ഏകീകരിക്കാനും ഫലപ്രദമായി വിശ്വാസപരിപോഷണം നടത്താനും ഏറെ സഹായകമായി. എല്ലാ മാസവും കൃത്യമായി വിവിധ ഇടവകകൾ കേന്ദ്രീ കരിച്ച് വൈദികരുടെ മാസധ്യാനങ്ങൾ നടത്താനും തീരുമാനിച്ചു.

**ഫാ. ജോസഫ് മലേപ്പറമ്പിൽ** (കോർഡിനേറ്റർ)

# മിഷൻലീഗ് വാർത്തകൾ

**1. ജീവദർശൻ കോഴ്സ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ജീവദർശൻ കോഴ്സിന്റെ അഞ്ചാമത്തെ ക്ലാസ് ഒക്ടോബർ 2-ാം തീയതി ഭരണ ങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. റവ. ഡോ. ഡൊമിനിക് വെച്ചൂർ ക്ലാസ് നയി ച്ചു. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് അദ്ദേഹം സർട്ടിഫിക്കറ്റു കൾ വിതരണം ചെയ്തു. ശ്രീ. മനു ചെറുകാട്ടിൽ, ശ്രീ. ഫ്രാൻസീസ് മടുക്കോലി ക്കൽ തുടങ്ങിയവർ കോഴ്സിന് നേതൃത്വം നൽകി.

**2. ദേശീയ വാർഷികം**

ചെറുപുഷ്പ മിഷൻലീഗ് ദേശീയവാർഷികം തക്കല രൂപതയിലെ പട ന്താലുംമൂട് ഇടവകയിൽ ഒക്ടോബർ 7-ാം തീയതി നടന്നു. ദേശീയ പ്രസിഡന്റ് ശ്രീ. ബിനോയി പള്ളിപ്പറമ്പിൽ അധ്യക്ഷത വഹിച്ചയോഗം തക്കല രൂപതാദ്ധ്യ ക്ഷൻ മാർ ജോർജ് രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ദേശീയ വാർഷികത്തിലും റാലിയിലും രൂപതാ പ്രതിനിധികൾ പങ്കെടുത്തു.

**3. കയ്യെഴുത്തു മാസിക മത്സരം**

മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ കയ്യെഴുത്തുമാസിക മത്സരം സംഘടിപ്പിക്കുന്നു. 'കുഞ്ഞുമിഷനറിമാർ പ്രേഷിതയുവത്വത്തിലേയ്ക്ക്' എന്നതാണ് മത്സരവിഷയം. മേഖലാ തലത്തിൽ A,B,C വിഭാഗങ്ങളിൽ ഒന്നാമ തെത്തുന്ന മാസികകൾ നവംബർ 30-നു മുമ്പായി രൂപതാകേന്ദ്രത്തിൽ എത്തി ക്കേണ്ടതാണ്. ഈ രചനകൾ രൂപതാതല തിരഞ്ഞെടുപ്പിനായി പരിഗണിക്കുന്ന താണ്.

**4. സംസ്ഥാനസമിതി സന്ദർശനം**

മിഷൻലീഗ് സംസ്ഥാനതലത്തിലെ മികച്ച രൂപത, മേഖല, ശാഖാ തിരഞ്ഞെടുപ്പുകൾക്കായി സംസ്ഥാനസമിതി സന്ദർശനം നടത്തുന്നു. പാലാ രൂപതയും പ്രവിത്താനം, കുറവിലങ്ങാട് മേഖലകളും കയ്യൂർ, ഉള്ളനാട്, ശാഖകളും ഒക്ടോബർ 27-ാം തീയതി സംസ്ഥാനസമിതി സന്ദർശിക്കും.

**5. മിഷൻഞായർ ആചരണം**

സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിലുള്ള മിഷൻഞായർ ആചരണം ഒക്ടോബർ 28-ാം തീയതി ഞായറാഴ്ച കുറവിലങ്ങാട് ശാഖയിൽ വച്ച് നടത്തുന്നു. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന പൊതുസമ്മേളനം പാലാ രൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്യും. തുടർന്ന് മേഖലയിലെ കുഞ്ഞുമിഷനറിമാർ പങ്കെടുക്കുന്ന പ്രേഷിതറാലി നടക്കും. 11.30 ന് വി. കുർബാന ഉണ്ടായിരിക്കും.

**6. രൂപതാ വാർഷികം**

ഈ വർഷത്തെ ചെറുപുഷ്പ മിഷൻലീഗ് രൂപതാവാർഷികം 2018 നവംബർ 25-ാം തീയതി ഞായറാഴ്ച ചേർപ്പുങ്കൽ മാർ സ്ലീവ ഫൊറോനാപ്പള്ളിയിൽ വച്ചു നടക്കുന്നതാണ്. രാവിലെ 9.30-ന് വി. കുർബാന, തുടർന്ന് രൂപതാ കൗൺസിൽ ഉച്ചയ്ക്കുശേഷം രൂപതയിലെ കുഞ്ഞുമിഷനറിമാർ പങ്കെടുക്കുന്ന റാലിയും പൊതുസമ്മേളനവും ഉണ്ടായിരിക്കും. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് മുഖ്യ അതിഥിയായിരിക്കും.

**7. അരുവിത്തുറ റീജിയണൽ സെമിനാർ**

മിഷൻലീഗ് അരുവിത്തുറ റീജിയണൽ സെമിനാർ ഒക്ടോബർ 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മുതൽ തീക്കോയി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ശ്രീ. അരുൺ പുത്തൻപുരയ്ക്കൽ, ശ്രീ. ഫ്രാങ്ക്ളിൻ പരുന്തുംവീട്ടിൽ തുടങ്ങിയവർ സെമിനാർ നയിച്ചു. റീജിയണൽ ഓർഗനൈസർ ജോബിൻ സ്കറിയ, തീക്കോയി മേഖലാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് വട്ടമുകളേൽ, തീക്കോയി മേഖലാ പ്രസിഡന്റ് ശ്രീ. നേവി ജോർജ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**8. പാലാ റീജിയണൽ സെമിനാറും സംഗമവും**

മിഷൻലീഗ് പാലാ റീജിയണൽ സംഗമവും സെമിനാറും ഒക്ടോബർ 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ പാലാ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തി. റവ.ഫാ. നോബിൾ പാറയ്ക്കൽ സെമിനാർ നയിച്ചു.

**9. മേഖലാ വാർത്തകൾ**

**പ്രവിത്താനം : പ്രസംഗപരിശീലനകോഴ്സ്**

മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രസംഗപരിശീലനകോഴ്സിന്റെ ആദ്യക്ലാസ് ഒക്ടോബർ 2-ാം തീയതി ചൊവ്വാഴ്ച 9.30 മുതൽ 3.30 വരെ പ്രവിത്താനം സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി ആൻസി ഐക്കരക്കുന്നേൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ വൈസ് ഡയറ

ക്ടർ സി. സ്റ്റാർലറ്റ് സി.എം.സി. അധ്യക്ഷത വഹിച്ചു. ശ്രീ. ബിജു അരീക്കാട്ട് ക്ലാസ് നയിച്ചു. എല്ലാ ശാഖകളിൽ നിന്നും കുട്ടികൾ പങ്കെടുത്തു.

**പെൻസിൽ ഡ്രോയിംഗ്, കളറിംഗ് മത്സരങ്ങൾ**

മേഖലയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച കുഞ്ഞേട്ടൻ സ്മാരക കളറിംഗ് മത്സരവും പെൻസിൽ ഡ്രോയിംഗ് മത്സരവും നടത്തി. മേഖലാ ഭാരവാഹികൾ മത്സരങ്ങൾക്ക് നേതൃത്വം നൽകി.

**ഷോർട്ട് ഫിലിം മത്സരം**

മേഖലയിലെ ശാഖകൾക്കായി ഒരു ഷോർട്ട്ഫിലിം മത്സരം സംഘടിപ്പിക്കുന്നു. 5 മിനിറ്റ് ദൈർഘ്യമുള്ള ഷോർട്ട് ഫിലിമുകൾ തയ്യാറാക്കി ഒക്ടോബർ 30 നു മുമ്പായി സി.ഡികൾ മേഖലാ കേന്ദ്രത്തിലെത്തിക്കണം. മികച്ച സൃഷ്ടികൾക്ക് ക്യാഷ് അവാർഡുകൾ നൽകുന്നതാണ്.

**കുറവിലങ്ങാട് - അൾത്താരബാലസംഗമവും ജപമാലറാലിയും**

മേഖലയുടെ ആഭിമുഖ്യത്തിൽ ശാഖകളിലെ അൾത്താരബാലന്മാരുടെ സംഗമവും ജപമാലറാലിയും ഒക്ടോബർ 2-ാം തീയതി നടത്തി. മേഖലാ രക്ഷാധികാരി ആർച്ച് പ്രീസ്റ്റ് റവ.ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു.

**ക്യാമ്പുകൾ**

മേഖലാതലത്തിൽ ഒക്ടോബർ 18,19 തീയതികളിൽ സീനിയേഴ്സ് നൈറ്റ് ക്യാമ്പും ജൂണിയേഴ്സ് ക്യാമ്പും നടത്തു. മേഖലാ രക്ഷാധികാരി ആർച്ച് പ്രീസ്റ്റ്, റവ.ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. റവ.ഫാ. തോമസ് കുറ്റിക്കാട്ടിൽ, സി. ജെൻസി സി.എം.സി, ശ്രീ. ബിജോയി ജോർജ്, ശ്രീ. അമൽ സെബാസ്റ്റ്യൻ, എലിസബത്ത് ജോണി, ദിയ ഫ്രാങ്ക്ളിൻ, റിജു കെ. തോമസ്, സെബിൻ പോൾ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

**മുട്ടുചിറ - അൽഫോൻസാ തീർത്ഥാടനം**

മേഖലയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 7-ാം തീയതി അൽഫോൻസാ തീർത്ഥാടനം നടത്തി. മുട്ടുചിറ റൂഹാദക്കുദിശാ ഫൊറോനാപ്പള്ളിയിൽനിന്ന് ആരംഭിച്ച തീർത്ഥാടനം മേഖലാ രക്ഷാധികാരി റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്തു. തീർത്ഥാടനം അൽഫോൻസാ ഭവനത്തിലെത്തിയപ്പോൾ ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ സന്ദേശം നൽകി. മേഖലാ ഡയറക്ടർ റവ.ഫാ. ജോസഫ് ഇല്ലത്തുംപറമ്പിൽ, മേഖലയിലെ വൈദികർ, സി. അനിതാ മരിയ സി.എം.സി, ഷാജി മുകളേപ്പറമ്പിൽ, സിജോ ചേമ്പാലയിൽ, ക്രിസ്റ്റി മുളന്താനത്ത്, സണ്ണി കലയന്താനം, ബിജു മുല്ലക്കുടിയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**രാമപുരം - കുഞ്ഞച്ചൻ തീർത്ഥാടനം**

മേഖലയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 14-ാം തീയതി ഞായറാഴ്ച കുഞ്ഞച്ചൻ തീർത്ഥാടനം നടത്തി. രാമപുരം സെന്റ് അഗസ്റ്റിൻ സ്കൂൾ അങ്കണത്തിൽ നിന്ന് ആരംഭിച്ച് വാ. കുഞ്ഞച്ചന്റെ കബറിടത്തിലേക്ക് നടത്തിയ തീർത്ഥാടനത്തിൽ മേഖലയിലെ ശാഖകളിലെ കുഞ്ഞുമിഷണറിമാർ പങ്കെടുത്തു.

**അരുവിത്തുറ– ഏകദിന സെമിനാർ**

മേഖലയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2–ാം തീയതി അരുവിത്തുറ സെന്റ് ജോർജ് പള്ളി ഹാളിൽ വച്ച് സീനിയർ വിഭാഗം കുട്ടികൾക്കായി ഏകദിന സെമിനാർ നടത്തി. മേഖലാ ഡയറക്ടർ റവ.ഫാ. ജോസഫ് അമ്പാട്ടുപടവിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ. അരുൺ പുത്തൻപുരയ്ക്കൽ ക്ലാസ് നയിച്ചു. സി. സാലി ജോൺ എഫ്.സി.സി., ബെന്നിസൺ സണ്ണി, ജോബിൻ സ്കറിയ, ഡോണ മരിയ, ഫെബി ബെന്നി, ടോം ജോസ്, ജോബിൻ ടി ജോണി, ജോബി ആലയ്ക്കപ്പറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**തുടങ്ങനാട് – അൾത്താരബാല സംഗമം**

മേഖലയിലെ അൾത്താരബാലന്മാരുടെ സംഗമം മറ്റത്തിപ്പാറ ഗാഗുൽത്താ പള്ളിയിൽ വച്ച് ഒക്ടോബർ 19–ാം തീയതി വെള്ളിയാഴ്ച നടന്നു. റവ.ഫാ. മാത്യു കദളിക്കാട്ടിൽ, റവ.ഫാ. ജോൺ ഇടയത്ത്, റവ.ഫാ. മാർട്ടിൻ പന്തിരുവേലിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**നവപ്രേഷിതസംഗമം**

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ നവപ്രേഷിതസംഗമം ഒക്ടോബർ 28–ാം തീയതി ഉച്ചകഴിഞ്ഞ് തുടങ്ങനാട് ഫൊറോന പള്ളിയിൽ വച്ചു നടന്നു.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

---

# കെ.സി.എസ്.എൽ.

---

**അൽഫോൻസാ കളറിംഗ് – രൂപതാതലമത്സരം**

അൽഫോൻസാ കളറിംഗ് രൂപതാതലമത്സരം ഒക്ടോബർ 2 ന് രാവിലെ അൽഫോൻസാ കോളേജിൽ വച്ച് നടത്തി. ഓരോ സ്കൂളിൽ നിന്നും എൽ. പി, യു. പി, എച്ച്. എസ്, എച്ച്. എസ്. എസ് വിഭാഗങ്ങളിലായി ഫസ്റ്റ്, സെക്കന്റ് സ്ഥാനങ്ങൾ ലഭിച്ചവരാണ് മത്സരത്തിൽ സംബന്ധിച്ചത്.

**രൂപതാതല സാഹിത്യരചനാമത്സരം**

കെ.സി.എസ്.എൽ –ന്റെ ഈ വർഷത്തെ രൂപതാതല സാഹിത്യരചനാ മത്സരങ്ങൾ ഒക്ടോബർ 13 ന് രാവിലെ പത്തിന് പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തുകയുണ്ടായി. സ്കോളർഷിപ്പ് പരീക്ഷ, ബൈബിൾ നോളജ് ക്വിസ്, കെ.സി.എസ്.എൽ. ക്വിസ്, ചിത്രരചന, കഥാരചന, ഉപന്യാസരചന, കവിതാരചന എന്നീ മത്സരങ്ങളാണ് സംഘടിപ്പിച്ചത്. നൂറിൽപ്പരം സ്കൂളുകളിൽനിന്നായി ആയിരത്തോളം കുട്ടികൾ പങ്കെടുത്തു. ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, ബ്രദർ റോണി നടുവിലേക്കൂറ്റ്, പ്രസിഡന്റ് സാലി കെ. ജെ, ജനറൽ ഓർഗനൈസർ സോജൻ കെ.ജെ, മറ്റ് എക്സിക്യൂട്ടീവംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നല്കി. ഉച്ചയോടെ മത്സരങ്ങൾ സമാപിച്ചു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഒക്ടോബർ 13-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മീറ്റിംഗിൽ ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ അദ്ധ്യക്ഷനായിരുന്നു. നവംബർ 10-ന് നടത്താനിരുന്ന വിജ്ഞാനോത്സവം ഡിസംബർ ഒന്നിലേക്ക് മാറ്റുകയും ഡയറക്ടറച്ചൻ അതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**യാത്രയയപ്പ് നൽകി**

കെ.സി.എസ്.എൽ-നു വേണ്ടി 6 മാസക്കാലം സ്തുത്യർഹസേവനം അനുഷ്ഠിച്ച ബ്രദർ റോണി നടുവിലേക്കൂറ്റിന് യാത്രയയപ്പ് നൽകി. മീറ്റിംഗിൽ ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ അദ്ധ്യക്ഷനായിരുന്നു. പ്രസിഡന്റ് സാലി കെ. ജെ, സി. ജെയിൻ റോസ് സി. എം. സി, എബി ജോസ് തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ബ്രദർ നന്ദി പറഞ്ഞ് കെ. സി. എസ്. എൽ അനുഭവങ്ങൾ പങ്കുവച്ചു.

**സ്വീകരണം നൽകി**

ഒക്ടോബർ 15 ന് കെ. സി. എസ്. എൽ ഓഫീസിൽ പുതിയതായി ചാർജെടുത്ത ബ്രദർ അനൂപ് വാഴേപറമ്പിലിന് സ്റ്റുഡന്റ്സ് ചെയർമാൻ ആൽബിൽ ജിജോ പൂച്ചെണ്ട് നൽകി ഹാർദ്ദമായി സ്വീകരിച്ചു. ബ്രദർ റോണി നടുവിലേക്കൂറ്റ്, എച്ച്. എസ്. എസ് സെക്രട്ടറി ജോൺ തോമസ് തുടങ്ങിയവരും സന്നിഹിതരായിരുന്നു.

**ഡിക്ലമേഷൻ മത്സരം**

ഒക്ടോബർ 19 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് പാലാ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് ഡിക്ലമേഷൻ മത്സരം നടത്തി. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികവും രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികവും അനുസ്മരിക്കുന്ന പശ്ചാത്തലത്തിൽ, ഗാന്ധിജിയുടെ മരണവാർത്ത പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു രാഷ്ട്രത്തെ ഔദ്യോഗികമായി അറിയിച്ച പ്രഭാഷണമാണ് വികാരോജ്ജ്വലപ്രസംഗ മത്സരത്തിനായി നിശ്ചയിച്ചത്. എച്ച്. എസ്. എസ്, എച്ച്. എസ്, യു. പി വിഭാഗങ്ങൾ തിരിച്ച് നടത്തിയ മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു. ഉച്ചയോടുകൂടി മത്സരം സമാപിച്ചു.

**കൈയെഴുത്ത് മാസിക മത്സരം**

ഒക്ടോബർ 19 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് പാലാ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് കൈയെഴുത്ത് മാസിക മത്സരം നടത്തി. എച്ച്. എസ്. എസ്, എച്ച്. എസ്, യു. പി വിഭാഗങ്ങൾ തിരിച്ച് നടത്തിയ മത്സരത്തിൽ 16 ടീമുകൾ പങ്കെടുത്തു. ഉച്ചയോടുകൂടി മത്സരം സമാപിച്ചു.

**ജൂബിലേറിയന് ആശംസ**

സന്ന്യാസ വ്രതവാഗ്ദാനത്തിന്റെ സിൽവർജൂബിലി ആഘോഷിക്കുന്ന കെ.സി.എസ്.എൽ രൂപത എക്സിക്യൂട്ടീവംഗമായ റവ. സി. മരിയ എസ്.എച്ചിന്

ഇടമറുകിൽ ചേർന്ന ജൂബിലിയാഘോഷപരിപാടികളിൽ ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

**സ്പെഷൽ സ്കൂൾ സന്ദർശനം**

മൂന്നാനി സ്നേഹാരാം സ്പെഷൽ സ്കൂളും പൈകട ആതുരാലയവും ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ സന്ദർശിക്കുകയും അന്തേവാസികളുമായി ആശയങ്ങൾ പങ്കുവയ്ക്കുകയും അവരുടെ കലാപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു. ബ്രദർ അനൂപ് വാഴേപ്പറമ്പിൽ ഒപ്പമുണ്ടായിരുന്നു.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

---

# എസ്.എം.വൈ.എം.

---

**1. വിശ്വാസപ്രഖ്യാപന റാലിയും – വൈദിക യുവജനസംഗമവും**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 13–ാം തീയതി രാമപുരം മാർ ആഗസ്തീനോസ് ഫൊറോന പള്ളിയിൽ വച്ച് വിശ്വാസപ്രഖ്യാപനറാലിയും വൈദികയുവജനസംഗമവും നടത്തി. വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ ആമുഖപ്രഭാഷണം നടത്തി. രാമപുരം ഫൊറോനാ വികാരി വെരി. റവ.ഡോ. ജോർജ് ഞാറക്കുന്നേൽ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് ആൽവിൻ ഞായർകുളം അദ്ധ്യക്ഷനായിരുന്നു. റവ. ഡോ. സെബാസ്റ്റ്യൻ നടുത്തടം, അസി. ഡയറക്ടർ ഫാ. ജെയിംസ് മടിക്കാങ്കൽ, ഫാ. ജോസഫ് വയലിൽ, സി. ഷൈനി ഡി.എസ്.റ്റി., ബിബിൻ ചാമക്കാലായിൽ എന്നിവർ പ്രസംഗിച്ചു. യുവജന വർഷത്തോടനുബന്ധിച്ച് നടത്തിയ സമ്മാനകൂപ്പൺ നറുക്കെടുപ്പ് നടത്തുകയും ചെയ്തു. രൂപതാസമിതി കാര്യപരിപാടികൾക്ക് നേതൃത്വം നൽകി.

**2. YATP ക്യാമ്പ്**

എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന യൂത്ത് ആനിമേറ്റർ ട്രെയിനിംഗ് പ്രോഗ്രാം **YATP** 6–ാം സെക്ഷൻ ഒക്ടോബർ 12,13 തീയതികളിൽ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടി. ക്യാമ്പ് കോർഡിനേറ്റർ ശ്രീ. സുരേഷ് മാത്യു എന്നിവർ നേതൃത്വം നൽകി. ലിജോ മൂക്കത്ത് ക്ലാസുകൾ നയിച്ചു.

**3. യുവജനകൺവൻഷൻ**

യുവജന വർഷത്തിന്റെ ഭാഗമായി ഒക്ടോബർ 18–ാം തീയതി എസ്.എം.വൈ.എം. മുട്ടുചിറ മേഖല AWAKE 2018 യുവജന കൺവൻഷൻ സംഘ

ടിപ്പിച്ചു. സമ്മേളനത്തിൽ രൂപതാ അസി. ഡയറക്ടർ റവ.ഫാ. ജെയിംസ് മടിക്കാങ്കൽ മുഖ്യപ്രഭാഷണം നടത്തി. മേഖലാ രക്ഷാധികാരി വെരി. റവ.ഫാ. ജോസഫ് ഇത്തുംപറമ്പിൽ മേഖലാ ഡയറക്ടർ റവ.ഫാ. മാത്യു മുതുപ്ലാക്കൽ, മേഖലാ പ്രസിഡന്റ് സിജോ സ്കറിയ എന്നിവർ നേതൃത്വം നൽകി. സമ്മേളനത്തിൽ ശ്രീ. ആൽവിൻ ഞായർകുളം, ശ്രീ. ബിബിൻ ചാമക്കാലായിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

**4. അഖിലകേരള മാർഗ്ഗംകളി**

എസ്.എം.വൈ.എം. കുറവിലങ്ങാട് മേഖലയുടെ നേതൃത്വത്തിൽ അഖില കേരള മാർഗ്ഗംകളി മത്സരം സംഘടിപ്പിച്ചു. മേഖല രക്ഷാധികാരി വെരി. റവ.ഫാ. ജോസഫ് തടത്തിൽ, മേഖലാ ഡയറക്ടർ റവ.ഫാ. ജോർജ് നെല്ലിക്കൽ എന്നിവർ നേതൃത്വം നൽകി.

**5. വനിതാസംഗമം**

എസ്.എം.വൈ.എം. കോതനല്ലൂർ മേഖലയിൽ ഒക്ടോബർ 18-ാം തീയതി വനിതാസംഗമം നടത്തി. രക്ഷാധികാരി വെരി. റവ.ഫാ. ജോർജ് ഞാറക്കുന്നേൽ നേതൃത്വം നൽകി.

**6. യാത്രയയപ്പ്**

ആറുമാസക്കാലം എസ്.എം.വൈ.എം. ൽ റീജന്റായി സേവനുമനുഷ്ഠിച്ചതിനുശേഷം പറത്താനം സീവ്യൂ എസ്റ്റേറ്റിലേയ്ക്ക് സ്ഥലം മാറിപോകുന്ന ബ്ര. ജോമിൻ മുകളേലിന് യാത്രയയപ്പ് നൽകി.

**7. സ്വീകരണം**

എസ്.എം.വൈ.എം. ലേയ്ക്ക് പുതുതായി എത്തിയ റിജന്റ് ബ്ര. ജോജി അട്ടാങ്ങാട്ടിലിന് സ്വീകരണം നൽകി.

**ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ (ഡയറക്ടർ)**

**ഫാ. ജെയിംസ് മടിക്കാങ്കൽ (അസി.ഡയറക്ടർ)**

## ജീസസ് യൂത്ത്

**1. നവീകര സെമീനാർ - ചേർപ്പുങ്കൽ കോളേജ്**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ചേർപ്പുങ്കൽ മാർ സ്ലീവാ കോളേജിൽ സെപ്തംബർ 28-ന് നവീകരണസെമിനാർ നടന്നു. ഫാ. കുര്യൻ മറ്റം ആമുഖ പ്രസംഗം നടത്തി. 'ആത്മീയതയും ദൈവവചനവും എങ്ങനെ പഠനത്തിനു പ്രയോജനപ്പെടുത്താം' എന്ന വിഷയത്തെക്കുറിച്ച് തോമസ് കുര്യൻ ക്ലാസ്സെടുത്തു. പ്രിൻസിപ്പൽ ഫാ. ജോസഫ് ഞാറക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.

**2. വല്യച്ചൻ മലയിൽ കുരിശിന്റെ വഴി**

ജീസസ് യൂത്ത് പ്രവർത്തനങ്ങളുടെ വിജയത്തിനായി സെപ്തംബർ 29-ന് ജീസസ് യൂത്തിലെ 40-ലധികം യുവജനങ്ങൾ അരുവിത്തുറ വല്യച്ചൻ മലയി

ലേക്ക് കുരിശിന്റെ വഴി നടത്തി. ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം എന്നിവർ നേതൃത്വം നൽകി.

**3. ഓറിയന്റേഷൻ പ്രോഗ്രാം – ഉഴവൂർ കോളേജ്**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 2-ന് ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. ഫാ. കുര്യൻ മറ്റം, അനിത ജോജി, ആൽവിൻ സ്കറിയ, പ്രണോയി, ജോയിസി തോമസ് എന്നിവർ നേതൃത്വം നൽകി.

**4. രാത്രി ആരാധനയും ജപമാല പ്രദക്ഷിണവും**

ജീസസ് യൂത്ത് നടത്തിവരുന്ന രാത്രി ആരാധന അരുണാപുരം പള്ളിയിൽ ഒക്ടോബർ 5 വൈകിട്ട് ആരംഭിച്ച് 6-ാം തീയതി രാവിലെ സമാപിച്ചു. ജാഗരണ പ്രാർത്ഥനയയ്ക്കു മുന്നോടിയായി പള്ളിക്കുചുറ്റും ജപമാല പ്രദക്ഷിണവും നടത്തി. ഫാ. ജോസഫ് മണ്ണനാൽ, ഫാ. കുര്യൻമറ്റം, ഫാ. ജയിംസ് മടിക്കാങ്കൽ എന്നിവർ ജപമാല റാലിക്കു നേതൃത്വം വഹിച്ചു. ഫാ. തോമസ് ഓലായത്തിൽ വചനസന്ദേശം നൽകി. ആൽവിൻ സ്കറിയ, റോയി ജോസഫ്, ബിജീഷ് എന്നിവർ ശുശ്രൂഷകൾ സംഘടിപ്പിച്ചു.

**5. നേതൃത്വസമ്മേളനം**

ജീസസ് യൂത്തിന്റെ രൂപതാ നേതൃത്വസമ്മേളനം സെപ്തംബർ 29-ന് ഭരണങ്ങാനം മാതൃഭവനിൽ ചേർന്നു. ഫാ. കുര്യൻമറ്റം, സി. ജോൺസി എഫ്.സി.സി., ആൽവിൻ സ്കറിയ, പ്രണോയി ടോം, ജോയിസി തോമസ് എന്നിവർ നേതൃത്വം നൽകി.

**6. വചനപഠനധ്യാനം**

പാലാ ചെത്തിമറ്റം ധ്യാനമന്ദിരത്തിൽ വച്ച് ഒക്ടോബർ 10,11,12,13 തീയതികളിൽ വചനപഠനധ്യാനം നടന്നു. ഫാ. കുര്യൻമറ്റം, നന്ദുജോൺ എന്നിവർ നേതൃത്വം കൊടുത്തു.

**7. വെരിത്താസ് – 18**

വെരിത്താസ് -18 എന്ന പേരിൽ ഒരു ജീവിതദർശന നവീകരണ കോൺഫ്രൻസ് ഒക്ടോബർ 17,18,19,20 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ നടന്നു. ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ജയിംസ് മംഗലത്ത്, ഫാ. കുര്യൻമറ്റം, ഫാ. ജയിംസ് മടിക്കാങ്കൽ, ബീനാ സാബു, ആൽവിൻ സ്കറിയാ എന്നിവർ ആശംസകൾ അർപ്പിച്ചു. വിവിധ ദിവസങ്ങളിൽ ഫാ. എബിൻ നീറുവേലി വി.സി., ഫാ. തോമസ് കോഴിമല എം.സി.ബി.എസ്., ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജെയിംസ് മടിക്കാങ്കൽ, ഫാ. ജോസഫ് എഴുമയിൽ, ജോസഫ് ദാസൻ, ശശി ഇമ്മാനുവേൽ, സണ്ണി തയ്യിൽ, സജി അറക്കുളം, ഡോ. ആൻസി ജോർജ്സ സജി കുടുത്തുരുത്തി എന്നിവർ ശുശ്രൂഷകൾ നയിച്ചു. മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ ഏറ്റവും കൂടുതൽ യുവജനങ്ങളെ പങ്കെടുപ്പിച്ച കോളേജിനും (അൽഫോൻസാ കോളേജ്) ഹോസ്റ്റലുകൾ (എസ്.എച്ച്. ഹോസ്റ്റൽ അരുണാപുരം, അഡോറേഷൻ

ഹോസ്റ്റൽ, അരുണാപുരം) ക്കുമുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു സന്ദേശം സന്ദേശം നൽകി. ആൽവിൻ സ്കറിയ, റോണി രാജു, പ്രണോയി ടോം, ജോൺ വിവേക്, എൽസാ, ജോയിസി തോമസ് എന്നിവർ നേതൃത്വം കൊടുത്തു.

**8. ഹൗസ് ഹോൾഡ് സമ്മേളനം**

ജീസസ് യൂത്തിന്റെ പ്രതിമാസ ഹൗസ് ഹോൾഡിന്റെ പാലാ മേഖലായ കൂട്ടായ്മ ഒക്ടോബർ 28-ന് ശാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ഫാ. കുര്യൻ മറ്റം നേതൃത്വം നൽകി.

**9. നവീകരണധ്യാനം - പാലാക്കാട്**

പാലാക്കാട് ഇടവകയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഒക്ടോബർ 26,27 തീയതികളിൽ വിദ്യാർത്ഥികളുടെ നവീകരണധ്യാനം നടന്നു. ഫാ. കുര്യൻ മറ്റം, പ്രകാശ് മാത്യു, അനിതാ ജോജി എന്നിവർ നേതൃത്വം നൽകി. വികാരി തോമസ് വെട്ടുകാട്ടിൽ, പ്രിൻസിപ്പൽ സി. നവ്യാ എന്നിവർ സംഘാടകരായി പ്രവർത്തിച്ചു.

**10. ജീസസ് യൂത്ത് കൂട്ടായ്മ- തീക്കോയി**

തീക്കോയി ഫൊറോനയിലെ യുവജന കൂട്ടായ്മ ഒക്ടോബർ 27-ന് തീക്കോയി ഇടവകയിൽ നടന്നു. ഫാ. കുര്യൻ മറ്റം മുഖ്യവചനസന്ദേശം നല്കി. വികാരി ഫാ. ജോസഫ് കിഴക്കേക്കര, ഫാ. കുര്യാക്കോസ് വട്ടമുകളേൽ, സാജു എന്നിവർ കൂട്ടായ്മയ്ക്കു നേതൃത്വം കൊടുത്തു.

**ഫാ. കുര്യൻ മറ്റം** (ചാപ്ലയിൻ)
**ഫാ. ജെയിംസ് മടിക്കാങ്കൽ** (പ്രീസ്റ്റ് ആനിമേറ്റർ)

---

# കുടുംബകൂട്ടായ്മ

---

**21-10-2018**

പുതിയ റിസോഴ്സ് ടീമിന്റെ ട്രെയിനിംഗ് പ്രോഗ്രാം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 10 മുതൽ 1 വരെ നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കോർഡിനേറ്റർ ശ്രീ. തോമസ് വടക്കേൽ, റവ.സി. ജോസ് മേരി എന്നിവർ നേതൃത്വം നൽകി.

**4-10-2018**

കുടുംബകൂട്ടായ്മ രൂപതാ കൗൺസിൽ യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അദ്ധ്യക്ഷം വഹിച്ചു. രൂപതാ സെക്രട്ടറി ജോണി വേലംകുന്നേൽ റിപ്പോർട്ട് അവതരിപ്പിച്ചു. ഫൊറോനാ തിരിച്ചുള്ള അവലോകനം നടത്തി. രൂപാത കോ-ഓർഡിനേറ്റർ ശ്രീ. തോമസ് വടക്കേൽ, റവ.സി. ജോസ് മേരി എന്നിവർ യോഗത്തിൽ സംസാരിച്ചു.

**10-10-2018**

പുതിയ റീസോഴ്സ് ടീമിന്റെ തുടർപരിശീലനം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**10-10-2018**

കളത്തൂക്കടവ് ഇടവകയിലെ കൂട്ടായ്മ ഭാരവാഹികൾക്കായി റവ.സി. ജോസ് മേരി ക്ലാസ് എടുത്തു. ഇടവക വികാരി ബഹു. ജോസഫ് പരുവുമ്മേൽ നേതൃത്വം നൽകി.

**17-10-2018**

പുതിയ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**21-10-2018**

വേഴങ്ങാനം പള്ളിയിൽ രൂപത ഡയറക്ടർ റവ.ഫാ.വിൻസെന്റ് മൂങ്ങാമാക്കൽ വിശുദ്ധ കുർബാന അർപ്പിച്ച് കൂട്ടായ്മ ജീവിതശൈലിയെക്കുറിച്ച് സന്ദേശം നൽകി.

**21-10-2018**

വേഴങ്ങാനം ഇടവകയിലെ എല്ലാ കൂട്ടായ്മ യൂണിറ്റുകളിലും റിസോഴ്സ് ടീം അംഗങ്ങൾ എത്തി വൈകിട്ട് 4.30 മുതൽ 6.30 വരെ ക്ലാസ് എടുത്തു.

**24-10-2018**

പുതിയ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**28-10-2018**

കുറിച്ചിത്താനം പള്ളിയിൽ രൂപത ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വിശുദ്ധബലി അർപ്പിച്ച് കുടുംബകൂട്ടായ്മയുടെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു.

**28-10-2018**

കുറിച്ചിത്താനം ഇടവകയിലെ 20 യൂണിറ്റുകളിലും റിസോഴ്സ് ടീം അംഗങ്ങൾ വൈകുന്നേരം ക്ലാസുകൾ എടുത്തു.

**31-10-2018**

പുതിയ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കോ-ഓർഡിനേറ്റർ ശ്രീ. തോമസ് വടക്കേൽ, റവ.സി. ജോസ്മേരി എന്നിവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിശുദ്ധനാട് തീർത്ഥാടനം

2019 ഫെബ്രുവരി മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ വിശുദ്ധനാട് തീർത്ഥാടനം ക്രമീകരിക്കുന്നു.

## B. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ഒക്ടോബർ 1-3, 22-24** തിയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 305 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**നവംബർ 12-14, 26-28** തിയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ തുടരുന്നു. **ഡിസംബർ 10-12, 31-2** തിയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ഒക്ടോബർ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് തടത്തിൽ ക്ലാസ്സെടുത്തു. 542 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**4. യാത്രയയപ്പ് മംഗളങ്ങൾ - പാലാ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിൽ ആറു മാസകാലം റീജന്റായി സേവനം ചെയ്ത ബ്രദർ നിതിൻ ചൂരയ്ക്കലിന് ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങൾ സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നേർന്നു.

**5. ബ്രദർ റോണി നടുവിലേക്കൂറ്റിനു സ്വാഗതം**

പാലാ ഫാമിലി അപ്പോസ്തലേറ്റിൽ റീജൻസിക്കായി നിയമിതനായിരിക്കുന്ന ബ്രദർ റോണി നടുവിലേക്കൂറ്റിനെ സ്വാഗതം ചെയ്തു.

## C. മാതൃ-പിതൃവേദി സംയുക്തപരിപാടികൾ

**1. വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ തീർത്ഥാടനം**

ഒക്ടോബർ 9-ാം തീയതി മാതൃ-പിതൃവേദികളുടെ സംയുക്താഭിമുഖ്യത്തിൽ രാമപുരത്തുള്ള വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കലേയ്ക്ക് ഭക്തിനിർഭരമായ തീർത്ഥാടനം നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ വിശുദ്ധകുർബാന അർപ്പിച്ച് സന്ദേശം നല്കി. 12.30ന് നേർച്ചയൂണോടുകൂടി തീർത്ഥാടനം സമാപിച്ചു. ആയിരത്തിഇരുനൂറോളം ആളുകൾ തീർത്ഥാടനത്തിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട ഫൊറോന വികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേൽ, വൈസ് പോസ്റ്റുലേറ്റർ റവ. ഡോ. സെബാസ്റ്റ്യൻ നടുത്തടം എന്നിവർ തീർത്ഥാടനത്തിന് നേതൃത്വം നല്കി.

**2. സെമിനാർ - കോതനല്ലൂർ**

കോതനല്ലൂർ ഫൊറോന കന്തീശങ്ങൾ ഓഡിറ്റോറിയത്തിൽ വച്ച് നവംബർ 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ കുടുംബനവീകരണസെമിനാർ നടത്തപ്പെടുന്നു. വെരി. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം നിർവഹിക്കുന്നതുമാണ്. 'പേരന്റിംഗ്' എന്ന വിഷയത്തെ ആസ്പദമാക്കി ഡയറക്ടർ റവ. ഡോ. അബ്രഹാം പാലയ്ക്കതടത്തിൽ ക്ലാസ്സ് നയിക്കുന്നു.

## D. പിതൃവേദി

**1. പ്രവർത്തനോദ്ഘാടനം - കവീക്കുന്ന്**

കവീക്കുന്ന് ഇടവകയിൽ പിതൃവേദിയുടെ യൂണിറ്റുതല പ്രവർത്തോദ്ഘാടനം റവ.ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ നടത്തി. വികാരി റവ. ഫാ. മാത്യു പന്തലാനിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പരിപാടിയിൽ പിതൃവേദി രൂപത സെക്രട്ടറി ബെന്നി കോച്ചേരിയും യൂണിറ്റ് പ്രസിഡന്റും ആശംസകളർപ്പിച്ച് സംസാരിച്ചു.

**2. കലണ്ടർ, ഡയറി - കുറവിലങ്ങാട്**

കുറവിലങ്ങാട് യൂണിറ്റിന്റെ നേതൃത്വത്തിൽ 2019 ലെ വാർഷിക കലണ്ടറും മുത്തിയമ്മ ഡയറിയും പുറത്തിറക്കി. ഭദ്രാവതി രൂപത ബിഷപ്പ് ജോസഫ് അരുമച്ചാടത്ത് പ്രകാശനകർമ്മം നിർവഹിച്ചു.

**3. കെരൂബ് - മണ്ണാറപ്പാറ**

മണ്ണാറപ്പാറ യൂണിറ്റ് 'കെരൂബ്' എന്ന പേരിൽ ത്രൈമാസിക പ്രസിദ്ധീകരിച്ചു.

**4. യൂണിറ്റ് വാർഷിക റിപ്പോർട്ട് - നവംബർ 15**

മികച്ച യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിനായി യൂണിറ്റുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് നവംബർ 15-ാം തീയതിക്ക് മുൻപായി ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ എത്തിക്കണമെന്ന് ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ അറിയിച്ചു. (കർമ്മരേഖയുടെ പേജ് നമ്പർ 22 ൽ ചേർത്തിട്ടുള്ള അവലോകന നിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കും മികച്ച യൂണിറ്റിനെ തിരഞ്ഞെടുക്കുന്നത്)

## E. മാതൃവേദി

**1. യൂണിറ്റുസന്ദർശനം - മണിയംകുളം**

അരുവിത്തുറ മേഖലയുടെ കീഴിലുള്ള മണിയംകുളം യൂണിറ്റിൽ മാതൃവേദി ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ, ജോയിന്റ് ഡയറക്ടർ സി. കുസുമം എസ്.എച്ച്, ശാന്തമ്മ ജോസഫ് മേച്ചേരിൽ, ബിന്ദു ഷാജി കുന്നയ്ക്കാട്ട് എന്നിവർ യൂണിറ്റ് സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. റവ. ഫാ. തോമസ് പുരയിടം അദ്ധ്യക്ഷം വഹിച്ചു.

**2. 'സ്നേഹമേഘതുണ്ട്'- പാലാ**

നവംബർ 6 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് **പാലാ അൽഫോൻസാ കോളേജ് ഓഡിറ്റോറിയത്തിൽ** വച്ച് പാലാ രൂപത മാതൃവേദി അംഗങ്ങൾക്കായി പാലാ കമ്മ്യൂണിക്കേഷൻസിന്റെ ഏറ്റവും പുതിയ നാടകം 'സ്നേഹമേഘതുണ്ട്' അവതരിപ്പിക്കുന്നതാണ്.

**3. അറിയിപ്പ്**

**കരോൾഗാനമത്സരം - പാലാ**

ഡിസംബർ 11 ചൊവ്വാഴ്ച 10 മണിക്ക് പാലാ ഷലോം സെന്റിൽ രൂപതാതല കരോൾ ഗാനമത്സരം നടത്തപ്പെടുന്നതാണ്.

**4. പുതിയ യൂണിറ്റ് - മല്ലികശ്ശേരി**

മല്ലികശ്ശേരി ഇടവകയിൽ മാതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു.

## F. ഹോംമിഷൻ

**1. അടിവാരം**

നവംബർ 5 മുതൽ അടിവാരം ഇടവകയിൽ ആരംഭിക്കുന്ന ഹോംമിഷന് ഒരുക്കമായി നവംബർ 4-ാം തീയതി ഞായറാഴ്ച ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകും.

**2. ലൂർദ്മൗണ്ട്**

അടിവാരം ഇടവകയിലെ ഹോംമിഷനുശേഷം ഡിസംബർ 4 മുതൽ ലൂർദ്മൗണ്ട് ഇടവകയിൽ ഹോംമിഷൻ ആരംഭിക്കുന്നതാണ്.

## G. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രി മണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീക രണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഒക്ടോബർ മാസത്തെ മാഗസിൻ വിത രണം ചെയ്തുവരുന്നു.

## H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

**1. മംഗല്യനിധി സംഭാവന 1,22,000 രൂപാ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരി ശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കു കൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാ മിക് വർക്കുകൾ , ക്രോച്ചറ്റ് വർക്കുകൾ , ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ് , കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷ യങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്ര ഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ — 9496571321

## I. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതി യായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **രാമപുരം, മണ്ണയ്ക്കനാട്, ഉദയ ഗിരി, കുറവിലങ്ങാട്, തുടങ്ങനാട്, നെല്ലിയാനി, ജോസ്ഗിരി, പൂഞ്ഞാർ** എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹാ യമായി **45,000** രൂപാ നൽകി.

**ഫാ. അബ്രഹാം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**1. ജാഗ്രത സെമിനാർ**

ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പേരിൽ കത്തോലിക്കാ സഭയെ ആകമാനം ആക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യുന്ന ഗൂഢാലോചനകൾക്കെതിരെ കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 30-ന് ജാഗ്രതാ സെമിനാർ സംഘടിപ്പിച്ചു. ചാനൽ രംഗത്തെ മത്സരങ്ങളും റേറ്റിംഗുകൾക്കുവേണ്ടിയുള്ള പരക്കം പാച്ചിലുകളും സഭാവിരുദ്ധ ശക്തികളുടെ ആക്രമണങ്ങളും ചേർന്ന് നിരന്തരം സഭയെ തേജോവധം ചെയ്യാൻ ശ്രമിക്കുന്നത് അപലപനീയമാണെന്ന് സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടു. ചാനൽ ജഡ്ജിമാർ വിധി കല്പിക്കുന്ന സാഹചര്യം സമൂഹത്തിൽ ഗുരുതര പ്രത്യാഘാതങ്ങൾ ഉളവാക്കുന്നുണ്ട്. ഇതിനെതിരെ വിശ്വാസസമൂഹം ജാഗ്രതയുള്ളവരാകണമെന്ന് യോഗം ഓർമ്മിപ്പിച്ചു. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സെമിനാർ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

**2. നേതൃസമ്മേളനം കോട്ടയത്ത്**

കത്തോലിക്കാ കോൺഗ്രസ് പാലാ, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം രൂപതാകളുടെ സംയുക്ത നേതൃസമ്മേളനം ഒക്ടോബർ 14 ന് കോട്ടയത്ത് വച്ച് നടത്തപ്പെട്ടു. ആനുകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ കത്തോലിക്കാ കോൺഗ്രസ് സ്വീകരിക്കേണ്ട കർമ്മപരിപാടികൾക്ക് യോഗം രൂപം നൽകി. നവംബർ 6-ന് എറണാകുളത്ത് വച്ച് വിപുലമായ കൺവൻഷൻ വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. കേന്ദ്രസമിതി, രൂപതാ സമിതികളുടെ ഭാരവാഹികൾ പങ്കെടുത്തു.

**3. അടുക്കളത്തോട്ട മത്സരം**

കത്തോലിക്ക കോൺഗ്രസ് രൂപതാസമിതി സംഘടിപ്പിക്കുന്ന അടുക്കളത്തോട്ട മത്സരം ആരംഭിച്ചു. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലാണ് മത്സരം നടത്തപ്പെടുന്നത്. മായം ചേർന്ന പച്ചക്കറികളെ ഉപേക്ഷിക്കുന്നതിനും കുടുംബകൃഷി എന്ന ആശയം പ്രചരിപ്പിക്കുന്നതിനും വേണ്ടിയാണ് മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. 15000/-, 10000/-, 7500/- എന്നീ ക്രമത്തിൽ സമ്മാനങ്ങളും ഒപ്പം റീജിയണൽ തലത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കുന്നതാണ്.

**4. വർക്കി പുതുപ്പള്ളി സാറിന് ആദരാഞ്ജലികൾ**

എ.കെ.സി.സി. പാലാ രൂപത മുൻ പ്രസിഡന്റായിരുന്ന കടപ്ലാമറ്റം ഇടവകാംഗം ശ്രീ. വർക്കി പുതുപ്പള്ളി അന്തരിച്ചു. ദീർഘകാലം സംഘടനയുടെ നേതൃത്വം വഹിക്കുകയും സഭയുടെയും സമുദായത്തിന്റെയും വളർച്ചക്കുവേണ്ടി നിസ്തുലമായ സംഭാവനകൾ നൽകുകയും ചെയ്ത വർക്കി സാറിനോടുള്ള ആദരവ് പ്രകടിപ്പിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. സംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ എന്നിവർ നേതൃത്വം നൽകി.

**5. മാധ്യമസെമിനാറുകൾ**

കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകൾതോറും മാധ്യമ ജാഗ്രത സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു. അന്ത്യാളം, കത്തീഡ്രൽ, ഭരണങ്ങാനം, കോതനല്ലൂർ, കുറവിലങ്ങാട് തുടങ്ങിയ യൂണിറ്റുകളിൽ സെമിനാറുകൾ നടത്തപ്പെട്ടു. നവംബർ, ഡിസംബർ മാസങ്ങളിലായി ബാക്കി യൂണിറ്റുകളിൽ സെമിനാറുകൾ നടത്തപ്പെടുന്നതാണ്.

**6. ആബുലൻസ് സർവീസ്**

എ.കെ.സി.സി. മരങ്ങാട്ടുപിള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആബുലൻസ് സർവ്വീസ് ആരംഭിച്ചു. മരങ്ങാട്ടുപിള്ളി പള്ളി വികാരി ഫാ. ജോർജ് വഞ്ചിപ്പുര വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. സാജു അലക്സ്, ഇമ്മാനുവേൽ നിധീരി, ആൻസമ്മ സാബു, ജോസ് വട്ടുകുളം, മെജോ നിക്കോളാസ്, റോബിൻ കരിപ്പാത്ത്, ഫാ. ജോൺ മറ്റമുണ്ടയിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**7. സൗജന്യ അസ്ഥിരോഗ നിർണ്ണയക്യാമ്പ്**

മുളക്കുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാരിഷ് ഹാളിൽ വച്ച് സൗജന്യ അസ്ഥിരോഗനിർണ്ണയക്യാമ്പ് നടത്തപ്പെട്ടു. അനൂപ് ജേക്കബ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഫാ. ജോസ് കളപ്പുര, ജയിംസ് കുറ്റിക്കോട്ടയിൽ എന്നിവർ നേതൃത്വം നൽകി.

**8. കുടുംബസംഗമവും ഡയറക്ടറി പ്രകാശനവും**

എ.കെ.സി.സി. കാഞ്ഞിരമറ്റം യൂണിറ്റിലെ അംഗങ്ങളും കുടുംബാംഗങ്ങളും ഒത്തുചേർന്ന കുടുംബസംഗമം കാഞ്ഞിരമറ്റം പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. ഇടവകയിലെ മുഴുവൻ കുടുംബാംഗങ്ങളുടെയും വിശദമായ വിവരങ്ങൾ അടങ്ങിയ ഇടവക ഡയറക്ടറി തദവസരത്തിൽ വച്ച് അഭിവന്ദ്യ മരിക്കൻ പിതാവ് പ്രകാശനം ചെയ്തു. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. എബ്രാഹം എരിമറ്റത്തിൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് ചെരിപുറം എന്നിവർ പ്രസംഗിച്ചു.

**9. ചെറുതേനീച്ച വളർത്തൽ പരിശീലനം**

പൂവത്തോട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാരീഷ് ഹാളിൽ വച്ച് ചെറുതേനീച്ച വളർത്തലിനെയും പരിപാലനത്തെയും കുറിച്ച് സൗജന്യ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു.

**ഇമ്മാനുവേൽ നിധീരി** (ജന. സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. മത്സ്യകൃഷി പരിശീലപരിപാടി നടത്തി**

വീട്ടുവളപ്പിൽ മീൻവളർത്തൽ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ പാലാ പി.എസ്.ഡബ്ളിയു.എസ്. പാലാ ഷലോം പാസ്റ്ററൽ സെന്റർ, മുട്ടുചിറ

സീയോൻ ഭവൻ എന്നീ സ്ഥലങ്ങളിൽ വച്ച് സെമിനാർ സംഘടിപ്പിച്ചു. സൊസൈറ്റി ആരംഭിച്ച മത്സ്യകൃഷി പ്രോത്സാഹനപദ്ധതിയുടെ ഉദ്ഘാടനം ജോസ് കെ.മാണി എം.പി. നിർവ്വഹിച്ചു. പി.എസ്.ഡബ്ളിയു.എസ്. ഡയറക്ടർ മാത്യു പുല്ലുകാലായിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. അന്താരാഷ്ട്ര കായൽ മത്സ്യകൃഷി ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. കെ.ജി. പത്മകുമാർ ക്ലാസ് നയിച്ചു.

പി.എസ്.ഡബ്ലിയു.എസിന്റെ നേതൃത്വത്തിൽ മത്സ്യകർഷക കൂട്ടായ്മ രൂപീകരിക്കുകയും അതുവഴി ശാസ്ത്രീയമായി മീൻകുളങ്ങൾ നിർമ്മിക്കുന്നതിന് പരിശിലനം, മീൻ കുഞ്ഞുങ്ങളുടെ ലഭ്യത, വായ്പ, സബ്സിഡി എന്നിവയും മത്സ്യ വിപണനവും ഉറപ്പുവരുത്തിവരുന്നു.

**2. തേനീച്ച വളർത്തൽ പരിശീലനം**

കുമരകം കാർഷിക ഗവേഷണകേന്ദ്രത്തിന്റെ സഹകരണത്തോടെ തീക്കോയി പാരീഷ് ഹാളിൽ വച്ച് സൗജന്യ തേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിച്ചു. തീക്കോയി ഫൊറോനാപ്പള്ളി വികാരി ഫാ. ജോസഫ് കിഴക്കേക്കരയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ വച്ച് തീക്കോയി ഗ്രാപഞ്ചായത്ത് പ്രസിഡന്റ് ഷാജൻ പുറപ്പന്താനം പരിശീലനം ഉദ്ഘാടനം ചെയ്തു. കുമരകം കൃഷിവിജ്ഞാപനകേന്ദ്രം ടെക്നിക്കൽ ഓഫീസർ ജോളി ജോസഫ് പരിശീലനത്തിന് നേതൃത്വം നൽകി.

**3. അഗ്രിമ കർഷകഓപ്പൺ മാർക്കറ്റ് വാർഷികം**

ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിച്ച് കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്തിൽ പാലാ ടൗണിൽ ആരംഭിച്ച അഗ്രിമ കർഷകഓപ്പൺ മാർക്കറ്റിന്റെ 2-ാമത് വാർഷികസമ്മേളനം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. പി.എസ്.ഡബ്ളിയു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം പാലാ രൂപതാ വികാരി ജനറാൾ മോൺ അബ്രാഹം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു.

**4. ശീതകാല പച്ചക്കറി തൈവിതരണം**

പി.എസ്.ഡബ്ളിയു.എസ്. സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാലാ അഗ്രിമാ കർഷക ഓപ്പൺ മർക്കറ്റ്, പൂഞ്ഞാർ, തീക്കോയി, മൂലമറ്റം, മുട്ടുചിറ എന്നീ സ്ഥലങ്ങളിൽവച്ച് ശീതകാല പച്ചക്കറിതൈ വിതരണം സംഘടിപ്പിച്ചു. കാബേജ്, ക്യാപ്സിക്കം, തക്കാളി, കോളിഫ്ളവർ, പാവൽ, പടവലം, കുക്കുമ്പർ, വഴുതന, ചീനി, പയർ, വെണ്ട, വെള്ളരി തുടങ്ങിയ ഇനത്തിൽപ്പെട്ട 40,000 തൈകൾ വിതരണം ചെയ്തു.

**5. കൂൺകൃഷി പരിശീലനം**

ശാസ്ത്രീയവും ആദായകരവുമായ വിധത്തിൽ കൂൺ കൃഷി പരിശീലന പരിപാടി പാലാ, മുട്ടുചിറ എന്നീ സ്ഥലങ്ങളിൽവച്ച് നടത്തി.

**6. തെങ്ങിൻതൈ വിതരണം**

തേങ്ങാ, എണ്ണ, നീര എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമായ അത്യുൽപാദനശേഷി കൂടിയ ഇനത്തിൽപ്പെട്ട തെങ്ങിൻതൈകൾ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വിതരണം ചെയ്തുവരുന്നു.

**7. ഡ്രൈ ബനാന**

പി.എസ്.ഡബ്ളിയു.എസ്. അഗ്രിമ കർഷകഓപ്പൺമാർക്കറ്റിന്റെ ആഭിമുഖ്യത്തിൽ ആധുനികസംവിധാനമുള്ള ഡ്രയറുകളിൽ സംസ്കരിച്ച് ഉണക്കിയ ഡ്രൈ ബനാന പി.എസ്.ഡബ്ളിയു.എസ്. ഓഫീസിലും അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിലും ലഭ്യമാണ്.

**8. മുട്ടക്കോഴി വിതരണം**

അത്യുല്പാദനശേഷി കൂടിയ ബിബി 380 എന്ന ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ പാലാ അഗ്രിമ കർഷകഓപ്പൺ മാർക്കറ്റിൽ നവംബർ 12 ന് വിതരണം ചെയ്യുന്നു.

**9. തയ്യൽ പരിശീലനപരിപാടി നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മുട്ടുചിറ സീയോൻഭവനിൽ വച്ച് തയ്യൽ പരിശീലനപരിപാടി സംഘടിപ്പിച്ചു.

**10. കുടുംബോദ്ധാരണപദ്ധതി**

പി.എസ്.ഡബ്ളിയു.എസ്. സേവ് എ ഫാമിലി പ്ലാനിന്റെ സഹായത്തോടെ പാലാ രൂപതയിൽ നടപ്പിലാക്കിവരുന്ന കുടുംബസഹായ പദ്ധതിയുടെ റീജിയൺ തലത്തിലുള്ള പരിശീലനം പാലാ, മുട്ടുചിറ, അരുവിത്തുറ എന്നീ സ്ഥലങ്ങളിൽവച്ച് നടത്തി. പദ്ധതിപ്രകാരം കഴിഞ്ഞ മാസം 19 ഇടവകകളിലായി 3,69,649 രൂപയുടെ സഹായം വിതരണം ചെയ്തു. 11 കുടുംബങ്ങളെ പുതിയതായി പദ്ധതിയിൽ ഉൾപ്പെടുത്തി.

**11. സോളാർലാമ്പ് വിതരണം**

പി.എസ്.ഡബ്ളിയു.എസ്. സോളാർലാമ്പുകൾ, വാട്ടർ ഹീറ്റർ, സ്ട്രീറ്റ് ലൈറ്റ്, ഹോം സിസ്റ്റം എന്നിവയുടെ വിതരണം ആരംഭിച്ചു.

**12. മെഡിക്കൽ ക്യാമ്പ് നടത്തി**

പൂവരണി, മലയിഞ്ചിപ്പാറ, കാക്കൂർ, കോതനല്ലൂർ എന്നീ സ്വാശ്രയസംഘങ്ങളുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി.

**13. സ്വാശ്രയസംഘം വാർഷികങ്ങൾ**

പ്രവിത്താനം, വേഴങ്ങാനം, വിളക്കുമാടം, ഏന്തയാർ, മോനിപ്പള്ളി, വാക്കാട്, കാളികാവ്, വാലാച്ചിറ, മാവടി, ജയ്ഗിരി എന്നീ യൂണിറ്റുകളുടെ വാർഷികം നടത്തി.

**14. ധനസഹായങ്ങൾ**

പി.എസ്.ഡബ്ളിയു.എസ്.ന്റെ വിവിധ സ്വയംസ്വാശ്രയസംഘങ്ങൾ കഴിഞ്ഞ മാസം 52000 രൂപ ചികിത്സാസഹായമായി നൽകി.

**15. ജലനിധി**

പി.എസ്.ഡബ്ളിയു.എസ്.ന്റെ ലോകബാങ്ക് സഹായത്തോടെ കരൂർ, കൊഴുവ നാൽ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന ജലനിധി പദ്ധതിയുടെ അവലോ കനം നടത്തി.

**16. കർഷകദളം രൂപീകരണം**

ളാലം പഴയപള്ളി ഇടവകയുടെ ആഭിമുഖ്യത്തിൽ മുണ്ടുപാലത്തുവച്ച് കർഷക ദളരൂപീകരണസെമിനാർ നടത്തി. ഫാ. മൈക്കിൾ വടക്കേക്കരയുടെ അദ്ധ്യക്ഷ തയിൽ പി.എസ്.ഡബ്ളിയു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. രൂപതാ കമ്മിറ്റി**

2018 സെപ്റ്റംബർ 30-ാം തീയതി ഞായറാഴ്ച 10.30 ന് ഷലോം പാസ്റ്റ റൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യുവിന്റെ അദ്ധ്യക്ഷത യിൽ കൂടിയ യോഗത്തിൽ രൂപത കമ്മിറ്റി നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗത്തിൽ മുഖ്യസന്ദേശം നൽകി. തുടർന്ന് രാമപുര ത്തേയ്ക്കുള്ള തീർത്ഥാടനപദയാത്രയെക്കുറിച്ചു ചർച്ച ചെയ്തു.

**2. യൂത്ത് റിസോഴ്സ് ട്രെയിനിംഗ് ക്യാമ്പ്**

2018 ഒക്ടോബർ 12, 13, 14 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞ ച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് യുവജനങ്ങൾക്കുള്ള ട്രെയിനിംഗ് ക്യാമ്പ് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗ ത്തിൽ വികാരിജനറാൾ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ക്യാമ്പ് ഉദ്ഘാ ടനം ചെയ്തു. രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ ആശംസയർപ്പിച്ചു സംസാ രിച്ചു. റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ശ്രീ. അരുൺ റോബർട്ട്, ശ്രീമതി റാണിപോൾ, റവ. ഫാ. ജോസഫ് ആലഞ്ചേരിൽ, ശ്രീ. ജോൺ കട്ടൂപറമ്പിൽ, റവ. ഫാ. ജോസ് വടക്കേക്കുറ്റ് എന്നിവർ ക്ലാസ്സെടുത്തു. നീതുമോൾ ബാബു, ആൽവിൻ മാത്യു, സജന സണ്ണി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി. ക്യാമ്പം ഗങ്ങൾ എസ്എംവൈഎമ്മിന്റെ നേതൃത്വത്തിൽ രാമപുരത്തു നടത്തിയ യുവജ നസമിതിയിലും സംഗമത്തിലും പങ്കെടുത്തു.

**3. തീർത്ഥാടനപദയാത്ര**

ഡിസിഎംഎസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിലേക്ക് ഒക്ടോബർ 16-ാം തീയതി തീർത്ഥാടനപദയാത്ര നടത്തി. ചക്കാമ്പുഴ ടൗൺ കപ്പേളയുടെ മുമ്പിൽവച്ച് രാവിലെ 9.30 ന് പാലാ രൂപത സഹായമെത്രാനും കെസിബിസി എസ്.സി./

എസ്.റ്റി./ബി.സി. കമ്മീഷൻ ചെയർമാനുമായ മാർ ജേക്കബ് മുരിക്കൻ പദയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ചക്കാമ്പുഴ പള്ളി വികാരി റവ. ഫാ. ജെയിംസ് വയലിൽ, മദർ സുപ്പീരിയർ, സിസ്റ്റേഴ്സ് എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതമാശംസിച്ചു.

രൂപതാപ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം സെക്രട്ടറി ശ്രീ. ജോണി ജോസഫ് പരമല, ജോ. സെക്രട്ടറി ശ്രീമതി ബിജി സാലസ്, ഖജാൻജി ടി.ഡി. കുര്യാക്കോസ്, ഓർഗനൈസർ പി.ഒ. പീറ്റർ മറ്റു രൂപതാ കമ്മറ്റിയംഗങ്ങളും പദയാത്രയ്ക്കു നേതൃത്വം നൽകി. 11.30 ന് രാമപുരം ദൈവാലയങ്കണത്തിൽ എത്തിച്ചേർന്ന പദയാത്ര രാമപുരം ഫൊറോനാപ്പള്ളി വികാരി വെരി. റവ. ഡോ. ജോർജ് ഞാറക്കുന്നേൽ, വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ നടുത്തടം, ഡിസിഎംഎസ് യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ കിഴക്കേപറമ്പിൽ, യൂണിറ്റ് പ്രസിഡന്റ് ജോഷി ഏറത്ത്, മേഖല പ്രസിഡന്റ് തോമസ് കൊട്ടിച്ചേരിൽ എന്നിവർ ചേർന്നു സ്വീകരിച്ചു. തുടർന്നു രൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ കുഞ്ഞച്ചന്റെ കബറിടത്തുങ്കൽ പ്രാർത്ഥന നടത്തി. 2.30 ന് ഫാ. ജോസ് വടക്കേക്കുറ്റിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ചു സന്ദേശം നൽകി.

**4. സിവിൽസർവ്വീസ് കോച്ചിംഗ് ക്ലാസ്**

5-ാം ക്ലാസ്സുമുതൽ 9-ാം ക്ലാസ്സുവരെ പഠിക്കുന്ന ദളിത് കത്തോലിക്കാകുട്ടികൾക്കുവേണ്ടിയുള്ള സിവിൽസർവ്വീസ് കോച്ചിംഗ് ക്ലാസ് സെപ്റ്റംബർ 20, 21 ഒക്ടോബർ 2, 17, 19 എന്നീ തീയതികളിൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽവച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് രൂപതാ ഭാരവാഹികൾ വിവിധ സ്കൂളുകളിൽ ജോലി ചെയ്യുന്ന ഡിസിഎംഎസ് അംഗങ്ങളായ അധ്യാപകർ-അനദ്ധ്യാപകർ എന്നിവർ കോച്ചിംഗിനു നേതൃത്വം നൽകി. ശ്രീ. ജോർജ് കരുണയ്ക്കലും ടീമംഗങ്ങളും കുട്ടികൾക്കു ക്ലാസ്സെടുത്തു.

**5. ഡിസിഎംഎസ് ഇലഞ്ഞി മേഖല കുടുംബസംഗമം**

2018 ഒക്ടോബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 ന് ഇലഞ്ഞി ഫൊറോനപ്പള്ളി എൽ.പി. സ്കൂൾ ഹാളിൽ വച്ച് ഡിസിഎംഎസ് ഇലഞ്ഞി മേഖല കുടുംബസംഗമം നടത്തപ്പെട്ടു. ഇലഞ്ഞി മേഖലാ പ്രസിഡന്റ് ശ്രീ. ഇ.എം. പൈലിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാന കൗൺസിലറും രൂപതാകമ്മിറ്റിയംഗവുമായ ശ്രീ. ബാബു പീറ്റർ യോഗത്തിന് സ്വാഗതം പറഞ്ഞു. രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാടനം ചെയ്തു. ഡിസിഎംഎസ് ഇലഞ്ഞി മേഖലാ ഡയറക്ടർ ഫാ. ജോസഫ് മേയിക്കൽ ആമുഖപ്രഭാഷണവും ഇലഞ്ഞി ഫൊറോനാപ്പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. രൂപതപ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു മുഖ്യപ്രഭാഷണം നടത്തി. പിറവം ലിറ്റിൽ ഫ്ളവർ ചർച്ച് വികാരി റവ. ജോസഫ് നരിതൂക്കിൽ സന്ദേശം നൽകി. ഇലഞ്ഞി മേഖല സെക്രട്ടറി ശ്രീ ബിബിൻ മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ യൂണിറ്റ് പ്രസിഡന്റുമാർ ആശംസയർപ്പിച്ചു. സമ്മാനക്കൂപ്പൺ നറുക്കെടുപ്പ് രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറം നിർവ്വഹിച്ചു. അതിനുശേഷം വിവിധ ഇടവകകളുടെ വിവിധ

കലാപരിപാടികൾ അവതരിപ്പിച്ചു. രൂപതാ കൗൺസിലംഗം ശ്രീ അബ്രാഹം മാത്യു യോഗത്തിന് കൃതജ്ഞതയർപ്പിച്ചു.

**6. മംഗളാരാം ഡിസിഎംഎസ് യൂണിറ്റ് തിരഞ്ഞെടുപ്പ്**

2018 ഒക്ടോബർ 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 ന് മംഗളാരാം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാരീഷ് ഹാളിൽ വച്ചു നടത്തപ്പെട്ടു. റവ. ഫാ. ജോസഫ് ചെറുകരക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗം രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല രൂപത ഓർഗനൈസർ പി.ഒ. പീറ്റർ എന്നിവർ സംസാരിച്ചു. രൂപതാ ഖജാൻജി ടി.ഡി. കുര്യാക്കോസ്, രൂപത കമ്മിറ്റിയംഗം ബിപിൻ ബേബി എന്നിവർ യോഗത്തിൽ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്ത് യൂണിറ്റു രൂപീകരിച്ചു.

**7. കുറവിലങ്ങാട് മേഖലാ കൗൺസിൽ**

2018 ഒക്ടോബർ 8-ാം തീയതി 3.30 ന് കുറവിലങ്ങാട് ഡിസിഎംഎസ് സംഘടനാ ഓഫീസിൽവച്ച് കുറവിലങ്ങാട് മേഖല കൗൺസിൽ നടത്തപ്പെട്ടു. മേഖലാ പ്രസിഡന്റ് ആൽവിൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാടനം ചെയ്തു. കുറവിലങ്ങാട് മേഖലാ ഡയറക്ടറും യൂണിറ്റു ഡയറക്ടറുമായ റവ. ഫാ. മാണി കൊഴുപ്പംകുറ്റി രൂപത ഓർഗനൈസർ ശ്രീ. പി. ഒ. പീറ്റർ എന്നിവർ ആശംസയർപ്പിച്ചു. കുറവിലങ്ങാട് യൂണിറ്റ് പ്രസിഡന്റ് സി.ഒ. വർക്കി യോഗത്തിനു കൃതജ്ഞതയർപ്പിച്ചു. മേഖലാ വൈസ്പ്രസിഡന്റ്, ഖജാൻജി ജോയിന്റ് സെക്രട്ടറി, ഓർഗനൈസർ സെക്രട്ടറി എന്നിവരെ തിരഞ്ഞെടുത്തു.

**8. മോനിപ്പള്ളി ഡിസിഎംഎസ് യൂണിറ്റ് സന്ദർശനം**

2018 ഒക്ടോബർ 14-ാം തീയതി രൂപതാ ഭാരവാഹികളും രൂപത ഡയറക്ടറും യൂണിറ്റ് സന്ദർശനം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട വികാരി റവ. ഫാ. ജോസഫ് വടക്കേമംഗലം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീമതി മോളി മാത്യു സ്വാഗതം പറഞ്ഞു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. റവ. ഫാ. ജോസഫ് ചീനോത്തുപറമ്പിൽ, ശ്രീ ജോണി പരമല ബിപിൻ ബേബി എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. യൂണിറ്റ് ജോയിന്റ് സെക്രട്ടറി ശ്രീമതി ബിജിലി ജോസ് തോട്ടുങ്കൽ കൃതജ്ഞതയർപ്പിച്ചു.

**9. ഡിസിഎംഎസ് സംസ്ഥാന ജസ്റ്റീസ് സൺഡേ ആചരണം**

2018 സെപ്റ്റംബർ 22-ാം തീയതി തിരുവനന്തപുരം വെള്ളയമ്പലം ജൂബിലി ആനിമേഷൻ സെന്ററിൽ വച്ച് സംസ്ഥാന ജസ്റ്റീസ് സൺഡേ ആചരിച്ചു. പാലാ രൂപതയിൽ നിന്നും രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേക്കുറ്റ് രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറം ഓർഗനൈസർ പി. ഒ. പീറ്റർ വൈസ്പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ് മറ്റ് രൂപത കമ്മിറ്റിയംഗങ്ങളും പങ്കെടുത്തു.

**10. മരങ്ങോലി കുടുംബസംഗമവും ജസ്റ്റീസ് സൺഡേ ആചരണവും**

2018 സെപ്റ്റംബർ 2-ാം തീയതി മരങ്ങോലി പള്ളിയിൽവച്ച് ജസ്റ്റീസ് സൺഡേ ആചരണവും നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. പൗലോസ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനവും യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് പുതിയാപറമ്പിൽ ആമുഖപ്രഭാഷണവും നടത്തി. മേഖലാ പ്രസിഡന്റ് ഇ. എം. പൈലി മേഖലാ സെക്രട്ടറി ബിബിൻ മാത്യുവും ആശംസയർപ്പിച്ചു സംസാരിച്ചു. എം. ജി. യൂണിവേഴ്സിറ്റി റിട്ടയേർഡ് പ്രഫ. ഇ.എം. ജോസഫ് മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തെക്കുറിച്ചു ക്ലാസ്സെടുത്തു.

**11. ദീപശിഖാ പ്രയാണം 30-ാം വാർഷികവും പൂർവ്വകാല നേതാക്കളുടെ ഒത്തുചേരലും**

2018 ഒക്ടോബർ 23 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സെന്റ് അഗസ്റ്റിൻ ഫൊറോനാപ്പള്ളിയിൽ വച്ച് കൃതജ്ഞതാബലിയും മൺമറഞ്ഞുപോയ നേതാക്കൾക്കുവേണ്ടി പ്രാർത്ഥനയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കൽ മദ്ധ്യസ്ഥപ്രാർത്ഥനയും രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിൽ നടത്തി. തുടർന്ന് 3.30 ന് രാമപുരം പള്ളി മിനി ഓഡിറ്റോറിയത്തിൽ വച്ച് ഡിസിഎംഎസ് ദീപശിഖാപ്രയാണവാർഷികസമ്മേളനവും ചേർന്നു. ഈശ്വരപ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിൽ പൂർവ്വകാല നേതാക്കൾ ഒത്തുചേർന്നു. മുൻസ്റ്റേറ്റ് പ്രസിഡന്റും രൂപതാ ഓർഗനൈസറുമായ ശ്രീ. പി. ഒ. പീറ്റർ യോഗത്തിന് സ്വാഗതമാശംസിച്ചു. മുൻസംസ്ഥാനഡയറക്ടറും പാലാ രൂപതാ ഡയറക്ടറുമായ റവ. ഫാ. ജോസ് വടക്കേക്കുറ്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാലാ രൂപത സഹായമെത്രാനും കെസിബിസി എസ്.സി.എസ്.റ്റി./ബി.സി. കമ്മീഷൻ ചെയർമാനുമായ മാർ ജേക്കബ് മുരിക്കൻ യോഗം ഉദ്ഘാടനം ചെയ്യുകയും സെന്റ് അഗസ്റ്റിൻസ് പള്ളി വികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. കാഞ്ഞിരപ്പള്ളി മുൻരൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ കാര്യപ്പുറം മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാനപ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ വൈസ്പോസ്റ്റുലേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ നടുത്തടം, രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം മുൻസംസ്ഥാനപ്രസിഡന്റ് ശ്രീ. സി.സി. കുഞ്ഞുകൊച്ച് സംസ്ഥാന രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ് രാമപുരം യൂണിറ്റ് പ്രസിഡന്റ് ജോഷി ഏറത്ത് എന്നിവർ ആശംസയർപ്പിച്ചു. ടി.ജെ. അബ്രാഹം കെ.ഡി. പോൾ, വി.എ. പൗലോസ്, ഏലിക്കുട്ടി ജോസഫ് എന്നിവർ സംസാരിച്ചു. മുതിർന്ന നേതാക്കന്മാരെ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് പൊന്നാടയണിയിച്ച് ആദരിച്ചു. രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല യോഗത്തിന് കൃതജ്ഞതയർപ്പിച്ചു.

**12. സംസ്ഥാന മഹാസമ്മേളനവും പ്രകടനവും കോട്ടയത്ത്**

ദളിത് ക്രൈസ്തവരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ മടി കാണിക്കുന്നതിനെതിരെ പ്രതികരിക്കു

ന്നതിന് ഡിസിഎംഎസ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 2018 നവംബർ 21 ന് കോട്ടയത്ത് പ്രകടനവും മഹാസമ്മേളനവും നടത്തുന്നതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. ആനിക്കാട് സെന്റ് മേരീസ് ആശ്രമവാർഷികം**

ആനിക്കാട് സെന്റ് മേരീസ് ആശ്രമവാർഷികവും സ്വാതന്ത്ര്യദിനാഘോഷവും വിപുലമായ പരിപാടികളോടെ ആശ്രമ അങ്കണത്തിൽവച്ച് നടത്തി. വിനീത് പടന്നമാക്കൽ പതാക ഉയർത്തി. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാത്തച്ചൻ താമരശ്ശേരി അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ചാർളി മൈലാടൂർ റിപ്പോർട്ടവതരിപ്പിച്ചു. വിനീത് പടന്നമാക്കൽ, ജോസഫ് കൊല്ലംകുന്നേൽ തുടങ്ങിയ ജീവകാരുണ്യപ്രവർത്തകരെ ചടങ്ങിൽ ആദരിച്ചു. ഫാ. ജോസ് തൈപ്പറമ്പിൽ ഒ.സി.ഡി വചനപ്രഘോഷണം നടത്തി. തുടർന്ന് ആശ്രമ കലാസമിതി വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**2. ഉള്ളനാട് ശാന്തിഭവൻ ഹോം ഡേ ആഘോഷിച്ചു.**

ഉള്ളനാട് ശാന്തിഭവൻ ഹോംഡേ ആഘോഷം ശാന്തിഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. റവ. ഫാ. ഈനാസ് ഒറ്റത്തെങ്ങുങ്കൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ഫാ. സ്കറിയ വേകത്താനം അധ്യക്ഷത വഹിച്ചു. വികാരി റവ. ഫാ. ജോസ് കോട്ടയിൽ, ജനമൈത്രി സി. ആർ.ഒ. ബിനോയി തോമസ്, വാർഡ് മെമ്പർ മോളി ബേബി കിഴക്കേപറമ്പിൽ, സ്നേഹഗിരി പ്രൊവിൻഷ്യൽ സൂപ്പീരിയർ സിസ്റ്റർ അർച്ചന തുടങ്ങിയവർ പ്രസംഗിച്ചു. സ്ഥാപനത്തിലെ അന്തേവാസികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കലാപരിപാടിൾക്കുശേഷം സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. കെ.എൽ.എം. സംസ്ഥാനസമ്മേളനം**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ സി.ബി.സി.ഐ. ലേബർ കമ്മീഷനും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷനും സംയുക്തമായി എറണാകുളം പാലാരിവട്ടം പി.ഒ.സി.യിൽ കുടിയേറ്റത്തെ ആസ്പദമാക്കി പഠനശില്പശാല സംഘടിപ്പിച്ചു. ജോസഫ് അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ വരാപ്പുഴ അതിരൂപത ആർച്ചുബിഷപ് ഡോ. ജോസഫ് കളത്തിപറമ്പിൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അഡ്വ. തമ്പാൻ തോമസ് മുഖ്യപ്രഭാഷണം നടത്തി. ഫാ.

വർഗീസ് വള്ളിക്കാട്ട്, ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ സെബാസ്റ്റ്യൻ പാലംപറമ്പിൽ, ഫാ. ജെയ്സൺ വടശ്ശേരി തുടങ്ങിയവർ പ്രസംഗിച്ചു.പാലാ രൂപതയെ പ്രതിനിധീകരിച്ച് ഫാ. സ്കറിയ വേകത്താനം മീറ്റിഗിൽ പങ്കെടുത്തു.

**2. വർക്കേഴ്സ് ഫോറം സമ്മേളനം**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പാലാ രൂപതയിലെ വർക്കേഴ്സ് ഫോറത്തിന്റെ പ്രഥമ സമ്മേളനം 2018 നവംബർ 17 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 1.30 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തും. ഫാ. സ്കറിയ വേകത്താനം അധ്യക്ഷത വഹിക്കുന്ന മീറ്റിംഗിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. പുതിയ ഭരണസ മിതി അംഗങ്ങളെ യോഗത്തിൽ തെരഞ്ഞെടുക്കും.

**3. ഇന്റലിജൻസ് ബ്യൂറോയിൽ 1054 ഒഴിവ്**

ഇന്റലിജൻസ് ബ്യൂറോയിൽ സെക്യൂരിറ്റി അസിസ്റ്റന്റ്/ എക്സിക്യൂട്ടീവ് തസ്തികയിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 1054 ഒഴിവുകളുണ്ട്. യോഗ്യത പത്താം ക്ലാസ് ജയം. തത്തുല്യം അപേക്ഷകർക്ക് 27 വയസ് കവിയ രുത്. എഴുത്തു പരീക്ഷ അടിസ്ഥാനമാക്കിയാണ് തെരഞ്ഞെടുക്കുന്നത്. www.mha.gov.in., www.ncs.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ നൽകണം.

**4. ഇന്തോ- ടിബറ്റൽ ബോർഡർ പോലീസിൽ കോസ്റ്റബിൾ**

ഇന്തോ- ടിബറ്റൽ ബോർഡർ പോലീസിൽ കോൺസ്റ്റബിൾ തസ്തിക യിലേക്ക് അപേക്ഷ ക്ഷണിച്ചു. കോൺസ്റ്റബിൾ തസ്തികയിലെ 85 ഒഴിവുകളി ലേക്ക് പുരുഷന്മാർക്കും സ്ത്രീകൾക്കും അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾ 14 -11- 1999 നു മുമ്പും 13-11 2000 ശേഷവും ജനിച്ചവരാകരുത്. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി നവം. 13. 100 രൂപ അപേക്ഷഫീസ് ഓൺ ലൈനായി അടയ്ക്കണം. വെബ് സൈറ്റ് വിലാസം www.recruitment.itbpolice.nic.in

**5. ഗോവ ഷിപ്പ്യാർഡിൽ 34 ഒഴിവ്**

ഗോവഷിപ്പ്യാർഡിൽ 34 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ എട്ട്. www.goashipyard.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക?

**6. ഐ.ഒ.സി.എലിൽ 1340 അപ്രന്റീസ്**

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ വിവിധ റിഫൈനറികളിൽ ട്രേഡ്/ ടെക്നിഷ്യൻ അപ്രന്റീസ്ഷിപ്പിന് അപേക്ഷകൾ ക്ഷണിച്ചു. 1340 ഒഴിവുകളാണു ള്ളത്. ഓൺലൈനായി നവംബർ 9 നു മുമ്പ് അപേക്ഷിക്കുക. വിശദവിവര ങ്ങൾക്ക് www.icol.com സന്ദർശിക്കുക.

**7. നേവൽ ഡോക്യാർഡിൽ 118 അപ്രന്റീസ്**

മുബൈയിലെ നേവൽ ഡോക്യാർഡിനു കീഴിലുള്ള ഡോക്യാർഡ് അപ്രന്റീസ് സ്കൂളിൽ അപ്രന്റീസ്ഷിപ്പിന് അപേക്ഷ ക്ഷണിച്ചു. ഐടി ക്കാർക്കാണ് അവസരം 118 ഒഴിവുകളുണ്ട്. 2019 ഏപ്രിൽ പരിശീലനം തുടങ്ങും. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി നവംബർ 10. ജെറി ഫിറ്റർ, കമ്പ്യൂ

ട്ടർ ഫിറ്റർ, ബോയിൽ മേക്കർ, വെപ്പൺഫിറ്റർ, ഐസി ഇഫിറ്റർക്രെയിൻ, സിവിൽ വർക്ക്, മേസൺ, ഷിപ്പ് ഫിറ്റർ, ജിനോ ഫിറ്റർ, മെഷിനറി കൺട്രോൾ ഫിറ്റർ, സോണൽ ഫിറ്റർ, ബ്ലാക്ക് സ്മിത്ത് തസ്തികളിലാണ് ഒഴിവുകൾ. യോഗ്യത 50% മാർക്കോടെ പത്താം ക്ലാസ് ജയം. അപേക്ഷ www.bhastiseva.com എന്ന വെബ്സൈറ്റിലൂടെ സന്ദർശിക്കുക.

**8. ഐടിക്കാരെ തേടി ഈസ്റ്റേൺ റെയിൽവേ**

കൊൽക്കത്ത ആസ്ഥാനമാക്കിയുള്ള ഈസ്റ്റേൺ റെയിൽവേയിൽ 2907 അപ്രന്റീസ് ഒഴിവുകൾ. യോഗ്യത 50% മാർക്കോടെ പത്താം ക്ലാസ് ഐടിഐ പാസ് സർട്ടിഫിക്കറ്റ്. പ്രായം 15-24 വയസ്. അവസാനതീയതി നവംബർ 14. വിലാസം Railway recrutment cell, Eastern Railway 56,CR Avenue. Kolkata.700012.

(ഈ വിവരങ്ങൾ പള്ളിയിൽ അറിയിക്കുമല്ലോ.)

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# അഡാർട്ട്

**1. ബോധവത്ക്കരണ ക്ലാസുകൾ**

സെന്റ് ജോസഫ്സ് എച്ച്.എസ്., മാനത്തൂർ (ഒക്ടോബർ 4), ബിഷപ്പ് വയലിൽ ഹോസ്പിറ്റൽ, മൂലമറ്റം (ഒക്ടോബർ 13), കുഞ്ഞച്ചൻ മിഷനറി ഹോം, രാമപുരം (ഒക്ടോബർ 21), കുന്നന്താനം ചങ്ങനാശ്ശേരി (ഒക്ടോബർ 26).

**2. വിജയിദർശൻ ക്ലബ് -II**

സെപ്തംബർ 28,29 തീയതികളിൽ പത്താം സ്റ്റാന്റേഡിലെ കുട്ടികൾക്കായി അഡാർട്ടിൽ വച്ച് വിജയ് ദർശൻ ക്യാമ്പ് നടത്തി. ക്യാമ്പിന്റെ ഉദ്ഘാടനം രാമപുരം സെന്റ് അഗസ്റ്റിൻസ് കോളേജ് വൈസ് പ്രിൻസിപ്പലും എസ്.എം.വൈ.എം. ദേശീയ ഡയറക്ടറുമായ റവ.ഫാ. ജോസഫ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു പുതിയിടത്ത്, ഷാജി കച്ചിറമറ്റം എന്നിവർ നേതൃത്വം വഹിച്ചു.

**3. അഡാർട്ട് ക്ലബ് ഉദ്ഘാടനം**

ഇലഞ്ഞി, മുത്തോലപുരം, കൂത്താട്ടുകുളം, വടകര, പിറവം എന്നിവിടങ്ങളിൽ സ്കൂളുകളിൽ ഫാ. മാത്യു പുതിയിടത്ത് ക്ലബുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. കെ.ജെ. എബ്രാഹം, ജോയി ഇലഞ്ഞി എന്നിവരും പങ്കെടുത്തു.

**4. ഗാന്ധിജയന്തി ദിനാചരണം**

ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2-ാം തീയതി വിവിധ സ്കൂളുകളിലെ അഡാർട്ട് ക്ലബ് അംഗങ്ങളെ ഉൾപ്പെടുത്തി ഗാന്ധിജയന്തിദിനാചരണം നടത്തി. പ്രൊഫ. ആർ.എസ്. സമിജി ഗാന്ധിയൻ പ്രഭാഷണം നടത്തി. ഗാന്ധിയൻ ദർശനങ്ങളെ ആസ്പദമാക്കി കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത്, ഷാജി കച്ചിറമറ്റം, ഡിജോ ദാസ്, പ്രൊഫ. ഗ്രേസി ജോയി എന്നിവർ നേതൃത്വം വഹിച്ചു.

**5. അഖണ്ഡജപമാലയും ആരാധനയും**

ഒക്ടോബർ 20-ാം തീയതി രാവിലെ 7 മുതൽ വൈകുന്നേരം 8 വരെയും മരിയൻ മാസത്തോടനുബന്ധിച്ച് അഡാർട്ടിൽ അഖണ്ഡജപമാലയും കൃപാവര അഭിഷേക ആരാധനയും നടത്തി. റവ.ഡോ. എമ്മാനുവേൽ പാറേക്കാട്ട് ഗുഡ് ഷേപ്പേർഡ് മൈനർ സെമിനാരി, പാലാ, മരിയൻ സന്ദേശവും ആരാധനയും നടത്തി.

**6. ഗാന്ധിദർശൻ ക്വിസ് മത്സരം**

അഡാർട്ടിന്റേയും കോട്ടയം ജില്ലാ സർവ്വോദയമണ്ഡലത്തിന്റെയും ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്കായി നടത്തുന്ന സംസ്ഥാനതല ക്വിസ് മത്സരത്തിന്റെ പ്രാരംഭമത്സരം നവംബർ 27-ാം തീയതി അതാത് സ്കൂളുകളിൽ വച്ച് നടത്തുന്നതാണ്. സ്കൂൾ തലമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികൾക്ക് അഡാർട്ടിൽ വച്ച് അവസാന റൗണ്ട് മത്സരവും നടത്തുന്നതാണ്.

**7. എ.എ. അൽ-അനോൺ, അൽ-അറ്റീൻ മീറ്റിംഗുകൾ**

ഒക്ടോബർ 7,14,21,28 തീയതികളിൽ അഡാർട്ടിൽ വച്ച് എ.എ. മീറ്റിംഗുകളും ഒക്ടോബർ 13-ാം തീയതി അൽ-അനോൺ, അൽ-അറ്റീൻ മീറ്റിംഗുകളും നടത്തി.

**8. ജയിൽ മിനിസ്ട്രി**

ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തകർ ഒക്ടോബർ 7-ാം തീയതി ഉച്ചയ്ക്ക് 1 മുതൽ 3 വരെയും അഡാർട്ടിലെ ചാപ്പലിൽ ഒരുമിച്ചുചേർന്ന് പ്രാർത്ഥന നടത്തി. ഒക്ടോബർ 14-ന് 11 മുതൽ 1 മണി വരെ ആരാധനയും ഉണ്ടായിരുന്നു.

**9. ദേശീയ കൺവൻഷൻ ഗോഹാട്ടിയിൽ**

പ്രിസൺ മിനിസ്ട്രിയുടെ 12-ാമത് ദേശീയ കൺവൻഷൻ ഒക്ടോബർ 23 മുതൽ 26 വരെയും ഗോഹാട്ടിയിൽ വച്ച് നടത്തി. പാലാ രൂപതയിൽ നിന്നും ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത്, ശ്രീ. ബേബി ഉപ്പുഡുപാറ എന്നിവർ പങ്കെടുത്തു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തോലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2018 ന്റെ ഫലം പ്രസിദ്ധീകരിച്ചു.

| | Ist | 2nd | 3rd |
|---|---|---|---|
| A | അഗസ്റ്റിൻ ബിജു<br>ചക്കാമ്പുഴ | ഫ്ളവിയ മരിയ സതീശ്<br>കുടക്കച്ചിറ | ജെറോൻ സെബാസ്റ്റ്യൻ<br>കാഞ്ഞിരത്താനം |
| B | ഡോൺ സാബു<br>ചക്കാമ്പുഴ | അന്നു മാത്യൂസ്<br>മുണ്ടാങ്കൽ | ജോസ്‌ലി ജോസ്<br>അൽഫോൻസാപുരം |

| | | | |
|---|---|---|---|
| C | സോനു ജോസഫ് മുണ്ടാങ്കൽ | ട്രീസ സൂസൺ പൂവരണി | സെബിൻ തോമസ് കളത്തുക്കടവ് |
| D | സിമിലി റെജി പൂഞ്ഞാർ | സോണി അലക്സ് അറക്കുളം ന്യൂ | സി. ടെസ്സി SABS ക്രൈസ്റ്റ് ഹാൾ, പാലാ |
| E | കുസുമം ജോസഫ് വയല | സീന ജോണി ഉള്ളനാട് | ഗ്രേസി പോൾ മുത്തോലപുരം |
| F | വത്സമ്മ മാത്യു കുറവിലങ്ങാട് | സി. ലിറ്റിൽ ട്രീസ SABS പൂവക്കുളം | മേരി പോൾ മുത്തോലപുരം |

**2. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ**

| | | | |
|---|---|---|---|
| A | ഗാഗുൽത്ത | വേലനിലം | മംഗളാരാം |
| B | ജയ്ഗിരി | മൂന്നിലവ് | മണ്ണയ്ക്കനാട് |
| C | മാൻവെട്ടം | നീലൂർ | കൂത്താട്ടുകുളം |
| D | കുറവിലങ്ങാട് | പാലാ | രാമപുരം |

ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച സെന്റർ MSCON ചേർപ്പുങ്കൽ

**3. സമ്മാനങ്ങൾ**

അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേരുന്ന യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്യുന്നതാണ്. തീയതി, സമയം എന്നിവ പിന്നീട് അറിയിക്കും

**4. ലോഗോസ് ഫാമിലി ക്വിസ്**

ലോഗോസ് ഫാമിലി ഫൊറോനാതല മത്സരം 2018 നവംബർ 4-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ നടക്കുന്നതാണ്. സൗകര്യാർത്ഥം 5 കേന്ദ്രങ്ങളിലായാണ് മത്സരം നടക്കുന്നത്. ഫൊറോനാതല മത്സരങ്ങൾക്ക് വ്യക്തിപരമായി ഉത്തരമെഴുതാനുള്ളതും കുടുംബാംഗങ്ങൾ ഒന്നിച്ച് ആലോചിച്ച് ഉത്തരമെഴുതാനുള്ളതുമായ ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**5. പരീക്ഷാകേന്ദ്രങ്ങളും അവ ഉൾപ്പെടുന്ന ഫൊറോനകളും**

1. അരുവിത്തുറ - അരുവിത്തുറ, പൂഞ്ഞാർ, തീക്കോയി, കൂട്ടിക്കൽ
2. കുറവിലങ്ങാട് - കടുത്തുരുത്തി, കോതനല്ലൂർ, കുറവിലങ്ങാട്, മുട്ടുചിറ
3. പാലാ - ഭരണങ്ങാനം, ചേർപ്പുങ്കൽ, പാലാ, പ്രവിത്താനം
4. രാമപുരം - ഇലഞ്ഞി, കടനാട്, രാമപുരം
5. തുടങ്ങനാട് - മൂലമറ്റം, തുടങ്ങനാട്

ഫൊറോനാ തലത്തിൽ മത്സരിക്കുന്നവരുടെ പേരും എണ്ണവും 2018 നവംബർ 1-ാം തീയതിക്കു മുമ്പായി രൂപതാ ഓഫീസിൽ ഫോൺ മുഖാന്തരം അറിയിക്കുമല്ലോ.

മത്സരത്തിനുവരുമ്പോൾ നിർദ്ദിഷ്ഠ ഫോം (ഫോം വെബ്സൈറ്റിൽ ലഭ്യ മാണ്) മുഴുവൻ പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടെ കൊണ്ടുവന്ന് ഏൽപ്പി ക്കേണ്ടതാണ്.

ഫൊറോനകളിൽനിന്നും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്നവർക്കാണ് രൂപതാതല മത്സരത്തിൽ പങ്കെടുക്കാൻ അർഹത. രൂപതാതല മത്സരം 2018 നവംബർ 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1-ന് ഷാലോം പാസ്റ്ററൽ സെന്ററിൽവച്ചു നടക്കുന്നതാണ്.

**6. ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ബൈബിൾ കോഴ്സിന്റെ ഒക്ടോബർ മാസത്തെ ക്ലാസുകൾ ഫാ. സെബാ സ്റ്റ്യൻ അടപ്പശ്ശേരി, ഫാ. തോമസ് വടക്കേൽ എന്നിവർ നയിച്ചു. നവംബർ മാസത്തെ ക്ലാസുകൾ പത്താം തീയതി നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

## ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 5,12,26 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ പാലാ കത്തീഡ്രലിൽ വച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഫാ. തോമസ് കോഴിമല എം.സി.ബി.എസ്. (എം.സി.ബി.എസ്. മിനിസ്ട്രി പുതുവേലി) ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ ജോൺസൺ കണ്ടത്തിൽ, ബ്രദർ തോമ്മാച്ചൻ എലപ്പത്തനാൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുട ങ്ങിയവർ നേതൃത്വം നൽകി.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 1,8,15,22,29 തീയതികളിൽ പാലാ ഷാലോമിൽ വച്ച് വൈകു ന്നേരം 4.30 മുതൽ 6 വരെ സെൽപ്രാർത്ഥന നടത്തി. സഭയ്ക്കുവേണ്ടിയും രൂപ തയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ എല്ലാ പ്രോഗ്രാമുകൾക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിച്ചു. ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, പി.പി. തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 1, 2, 3, 4, 8, 9, 10,11 തീയതികളിൽ ഷാലോമിൽ വച്ച് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും രൂപത യ്ക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ എല്ലാ പ്രോഗ്രാമുകൾക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിച്ചു. അഗസ്റ്റിൻ ചെരിപുറം, ജോസഫ് കുന്നപ്പ

ള്ളി, മാത്തുക്കുട്ടി താന്നിക്കൽ, മേരി പാറയിൽ, ചാക്കോ ചെട്ടിമാട്ടേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. 36-ാമത് ബൈബിൾ കൺവൻഷനുവേണ്ടി മാദ്ധ്യസ്ഥപ്രാർത്ഥന**

ഡിസംബർ 19 മുതൽ 23 വരെ നടക്കാനിരിക്കുന്ന 36-ാമത് ബൈബിൾ കൺവൻഷനുവേണ്ടി ഈ മാസം 15,16,17,18,20,22,23,24,25,26,27,29,30,31 തീയതികളിൽ ലീജിയൻ ഹോമിൽവച്ച് രാവിലെ 10 മണിമുതൽ 3 വരെ മാദ്ധ്യസ്ഥപ്രാർത്ഥന നടത്തി. മാത്തുക്കുട്ടി താന്നിക്കൽ, ജോസഫ് കുന്നപ്പള്ളി, തോമസുകുട്ടി മാങ്കാലായിൽ, അഗസ്റ്റിൻ ചെരിപുറം, ജോയി നെല്ലിയേക്കുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**5. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മാദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 17-ാം തീയതി ഷാലോമിൽ കൂടി. കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ അവതരിപ്പിക്കുകയും അടുത്തമാസം ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. വരാനിരിക്കുന്ന 36-ാമത് കൺവെൻഷനുവേണ്ടിയും സഭ ഇന്നു നേരിടുന്ന പ്രതിസന്ധികൾക്കുവേണ്ടിയും ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ ബഹു. വിൻസെന്റച്ചൻ ഓർമ്മിപ്പിച്ചു. വരാൻ പോകുന്ന കൺവൻഷനിൽ ധാരാളം ആളുകളെ പങ്കെടുപ്പിക്കുവാൻ മൊബലൈസേഷൻ നടത്തണമെന്നും ഓർമ്മിപ്പിച്ചു. ബ്രദർ മാത്തുക്കുട്ടി താന്നിയ്ക്കൽ വചനം പങ്കുവച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തി തുടർധ്യാനം**

പാലാക്കാട് ചെറുപുഷ്പം ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം ഒക്ടോബർ 4-ാം തീയതി വ്യാഴാഴ്ച നടത്തി. റവ.ഡോ. കുര്യൻ മറ്റം ശുശ്രൂഷ നയിച്ചു.

**2. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും, മിനിസ്ട്രികളുടെ കൂട്ടായ്മയും ഒക്ടോബർ 6-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ബ്രദർ സജി കോട്ടയം വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സേവനസമിതി അംഗങ്ങളും മുട്ടുചിറ സബ്സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**3. വചനദീപ്തി തുടർധ്യാനം**

മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം ഒക്ടോബർ 12-ാം തീയതി വെള്ളിയാഴ്ച നടത്തി. ബ്രദർ ജോർജ് ചെറുപറമ്പിൽ (കല്ലൂർക്കാട്) ശുശ്രൂഷ നയിച്ചു.

**4. അഖണ്ഡ ജപമാല**

ഭാരത സഭയുടെ ശാക്തീകരണം, ഭാരത സർക്കാർ ഭരണ സംവിധാനങ്ങളുടെ സംശുദ്ധത, ലോകസുവിശേഷവൽക്കരണം, പ്രകൃതി ദുരന്തങ്ങളിൽനിന്നുള്ള മോചനം, ലോകസമാധാനം ഇവയെ ലക്ഷ്യമാക്കി ഭാരതത്തിലെ 174 കത്തീഡ്രലിൽ വച്ച് നടന്നുകൊണ്ടിരിക്കുന്ന ഭാരത ജറീക്കോ പ്രാർത്ഥനയുടെ തുടർച്ചയായി പാലാ രൂപതയിലെ 17 ഫൊറോനകളിൽ അഖണ്ഡജപമാല നടത്തുകയുണ്ടായി. ഒക്ടോബർ 1-ാം തീയതി തിങ്കളാഴ്ച പൂഞ്ഞാർ ഫൊറോന ദൈവാലയത്തിൽ ആരംഭിച്ച് 23-ാം തീയതി ചൊവ്വാഴ്ച പാലാ ളാലം സെന്റ് മേരീസ് പഴയപള്ളിയിൽ ജപമാലയ്ക്ക് ശേഷം രൂപത വികാരി ജനറാൾ മോൺസിഞ്ഞോർ സെബാസ്റ്റ്യൻ വേത്താനത്ത് അർപ്പിച്ച വി. കുർബാനയോടുകൂടെ സമാപിച്ചു. 17 ഫൊറോനകളിലും ഇടവക വൈദികർ, സിസ്റ്റേഴ്സ്, രൂപത ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫൊറോന ആനിമേറ്ററായ വൈദികർ, സോണൽ, സബ് സോൺ സേവനസമിതി അംഗങ്ങൾ, പ്രാർത്ഥന ഗ്രൂപ്പ് അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**5. ദമ്പതി ധ്യാനം**

നവംബർ 6-ാം തീയതി ചൊവ്വാഴ്ച 9.30 മുതൽ 3.30 വരെ പാലാ ളാലം പഴയപള്ളിയിൽ വച്ച് നടക്കുന്ന സോണൽ കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിലുള്ള ദമ്പതീസംഗമത്തിന് മുന്നോടിയായി രൂപതയിലെ 17 ഫൊറോനകളിലും ദമ്പതികൾക്കായി ഒരു അർദ്ധദിന ധ്യാനം നടത്തി. ബ്രദർ ടോമി ആട്ടപ്പാട്ടും മിനിസ്ട്രി അംഗങ്ങളും ധ്യാനത്തിന് നേതൃത്വം നൽകി.

**4. രാത്രി ആരാധന**

രൂപത സേവന സമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന 27-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. ബ്രദർ ജോർജ് കുന്നുംപുറം (കോതമംഗലം) വചനശുശ്രൂഷ നയിച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

സെപ്റ്റംബർ 29-ാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്

തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. ഒക്ടോബർ പതിനാലാം തിയതി മുതൽ ഇരുപതാം തിയതിവരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിന് ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. ചെറിയാൻ മൂല യിൽ, കുര്യാക്കോസ് വട്ടമുകളേൽ, ഫാ. ജോസഫ് മേച്ചേരിൽ, ഫാ. ജോസഫ് തെരുവിൽ, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM cap, ഫാ. ജസ്റ്റിൻ HGN, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോ ടീമിന്റെ നേതൃത്വത്തിൽ മുളക്കുളം സെന്റ് മേരീസ് ഇടവകയിൽ സെപ്റ്റംബർ പത്തൊൻപത് മുതൽ ഇരുപത്തിമൂന്ന് വരെ ഇടവക വാർഷികധ്യാനവും, ഉദയഗിരി സെന്റ് ജോസഫ് ഇടവകയിൽ സെപ്റ്റം ബർ മുപ്പതാം തിയതി വചനപ്രഘോഷണവും നടത്തപ്പെട്ടു. മൗണ്ട് നെബോ യിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനം നവംബർ പതിനൊന്ന് മുതൽ പതി നേഴ് വരെ. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

## ഫ്രാൻസിസ്കൻ അല്മായ സഭ

**1. രൂപത സമ്മേളനം**

വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാളിനോടനുബന്ധിച്ചുള്ള സെമി നാറും സമ്മേളനവും ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു. ഫാ. മാത്യു മുളങ്ങാശ്ശേരി OFM Cap ക്ലാസ് നയിച്ചു. വിവാഹധനസഹായം ജീവകാരുണ്യസഹായം എന്നിവ വിതരണം ചെയ്തു. വിവാഹ ധനസഹായം 12 യുവതികൾക്കും, ജീവകാരുണ്യ സഹായം 15 പേർക്ക്, കൂടാതെ അസ്സീസി പുവർ ക്യാൻസർ ഫണ്ടിലേയ്ക്കും നൽകി. ക്വിസ് മത്സരത്തിന് സമ്മാനാർഹരായ വർക്ക് ട്രോഫിയും ക്യാഷ് അവാർഡും നൽകി യോഗത്തിൽ രൂപത പ്രസിഡന്റ് ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ അദ്ധ്യക്ഷത വഹിച്ചു.

**2. നൊവേനയും തിരുനാളും**

വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാളും, നൊവേനയും സെപ്റ്റം ബർ 24 മുതൽ യൂണിറ്റ് തലത്തിൽ നടത്തി. കുറവിലങ്ങാട് യൂണിറ്റിൽ തിരുനാ ളിനോടനുബന്ധിച്ച് മികച്ച കർഷകരെ ആദരിക്കലും, ഫ്രാൻസിസ്കൻ ക്വിസ് മത്സരവും നടത്തി. പരിപാടികൾക്ക് ഫാ. തോമസ് കുറ്റിക്കാട്ട്, സി.ജെ. കുര്യൻ തുടങ്ങിയവർ നേതൃത്വം നൽകി. പൂവരണി യൂണിറ്റിൽ നടന്ന തിരുനാളിനും സമ്മേളനത്തിനും വികാരി ഫാ. കുര്യൻ കാലായിൽ, ഫാ. അലക്സ് കിഴക്കേക്ക ടവിൽ OFM Cap, ഫാ. തോമസ് കുമ്പുക്കൽ, തോമസ് മൊളോപ്പറമ്പിൽ, സാബു വട്ടോലിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. ശതോത്തര സുവർണ്ണജൂബിലി ക്വിസ് മത്സരം**

രൂപത കമ്മറ്റിയുടെ നേതൃത്വത്തിൽ അല്മായ സഭ ശതോത്തര സുവർണ്ണ ജൂബിലി സ്മാരക ക്വിസ് മത്സരം നടത്തി. ഫാ. മൈക്കിൾ പറുശ്ശേരിൽ OFM Cap ക്വിസ് ചോദ്യങ്ങൾ തയ്യാറാക്കി. 16 ടീമുകൾ പങ്കെടുത്തു. മണ്ണയ്ക്കനാട് യൂണിറ്റംഗങ്ങളായ ഷാന്റി മാത്യു, സാലമ്മ അലക്സ് ടീമിന് ഒന്നാം സ്ഥാനവും, സാലി ജോസ്, റോസമ്മ ടോംസൺ (പെരിങ്ങുളം) ടീമിന് രണ്ടാം സ്ഥാനവും, ലിസി ജയിംസ്, ഷാൻലി ജോളി (മരങ്ങാട്ടുപിള്ളി) ടീമിന് മൂന്നാം സ്ഥാനവും ലഭിച്ചു. ഫാ. ആന്റണി വെച്ചൂർ OFM Cap, ജോ സെബാസ്റ്റ്യൻ, റ്റോമി കളപ്പുര, റ്റിസി രാജു, പോൾ വെച്ചുകെട്ടിക്കൽ എന്നിവർ നേതൃത്വം നൽകി

**4. പ്രതിഷേധിച്ചു**

കത്തോലിക്ക സഭയ്ക്കെതിരെ നടക്കുന്ന പ്രവർത്തനങ്ങൾക്കെതിരെ സഭാ മക്കൾ ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും, സമര പരിപാടികളിൽ അല്മായ സഭ ഉൽകണ്ഠയും രേഖപ്പെടുത്തി. സ്വവർഗ വിവാഹം, വിവാഹേതരബന്ധം എന്നിവ കുടുംബബന്ധങ്ങൾ തകരുന്നതിന് കാരണമാകുമെന്നും യോഗം വില യിരുത്തി. സുപ്രീം കോടതി വിധിയിൽ അല്മായ സഭ രൂപത സമ്മേളനം പ്രതി ക്ഷേധിച്ചു. ജനറൽ സെക്രട്ടറി, റ്റിസി രാജു, സെക്രട്ടറിമാരായ ലാലി ഇളംതുരു ത്തി, പോൾ വെച്ചുകെട്ടിക്കൽ എന്നിവർ പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു.

**5. മാഹി തീർത്ഥാടനം**

വി. അമ്മത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് പാലാ രൂപത കമ്മ റ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 10-ാമത് മാഹി തീർത്ഥാടനത്തിൽ 600 പേർ പങ്കെടുത്തു. ഫാ. മാത്യു മുളങ്ങാശ്ശേരി OFM Cap., ഫാ. ആന്റണി വെച്ചൂർ OFM Cap., ഫാ. തോമസ് പാലോലിൽ, ഫാ. പ്രശാന്തി തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. ആന്റണി വെച്ചൂർ OFM Cap** (ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ദീപിക നമ്മുടെ ഭാഷാപദ്ധതി**

1. പുതുവേലി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ഹെഡ്മാസ്റ്റർ ജോർജ് തോമസിനു പത്രത്തിന്റെ കോപ്പി നല്കി പഞ്ചായത്തംഗം ജിൻസൺ പെരുനിലം ഉദ്ഘാടനം ചെയ്തു.

2. മേച്ചൽ ഗവൺമെന്റ് സ്കൂൾ

ദീപിക നമ്മുടെ ഭാഷാപദ്ധതി പഞ്ചായത്ത് മെമ്പർ ഷേർളി സാമുവൽ പിടിഎ പ്രസിഡന്റ് പി.ജെ. ജോൺസൺ പത്രത്തിന്റെ കോപ്പി നൽകി ഉദ്ഘാ ടനം ചെയ്തു.

3. പൂഞ്ഞാർ സെന്റ് ജോസഫ് യു.പി. സ്കൂൾ

നമ്മുടെ ഭാഷാ പദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ എം.കെ. ജോസഫ്, സി. ഷാലറ്റ്, ജോയി കല്ലാറ്റ് തുടങ്ങിയവർ പ്രസംഗിച്ചു.

4. പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർസെക്കണ്ടറി സ്കൂൾ

പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കണ്ടറി സ്കൂളിലെ ദീപിക നമ്മുടെ ഭാഷാപദ്ധതി പ്രിൻസിപ്പൽ എം.ജെ. ജോസഫ് ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ജോസ് ജോർജ്, ഫാ. സ്കറിയ വേകത്താനം, ബേബി തോംസൺ തുടങ്ങിയവർ പ്രസംഗിച്ചു.

5. കുന്നോന്നി സെന്റ് ജോസഫ് യു.പി.സ്കൂൾ

നമ്മുടെ ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സി. മേഴ്സി കാവുകാട്ട്, ലെൽസ് വയലിക്കുന്നേൽ, സെബാസ്റ്റ്യൻ കുര്യൻ, ഗീത രവീന്ദ്രൻ, വക്കച്ചൻ പുളിക്കക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു.

6. മലയിഞ്ചിപ്പാറ സെന്റ് ജോസഫ് യു.പി.സ്കൂൾ

സ്കൂൾ മാനേജർ ഫാ. ജോസഫ് മണിയഞ്ചിറ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. സ്കറിയ വേകത്താനം ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിൻസ് മേരി പരിപാടികൾക്ക് നേതൃത്വം നൽകി.

7. വലിയകുമാരമംഗലം സെന്റ് മേരീസ് എൽ.പി.സ്കൂൾ

ദീപിക ഭാഷാപദ്ധതി ബാബു ജോർജ് മുണ്ടത്താനത്ത് ഉദ്ഘാടനം ചെയ്തു. ഹെഡ്മിസിട്രസ് കുസുമം, ഔസേപ്പച്ചൻ വാഴയിൽ, ബേബി കാഞ്ഞിരംതറപ്പേൽ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

8. കളത്തൂക്കടവ് സെന്റ് അൽഫോൻസാ എൽ.പി.സ്കൂൾ

സ്കൂൾ മാനേജർ ഫാ. ജോസഫ് പരവുമ്മേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ തലപ്പലം സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് സുഭാഷ് വലിയമംഗലം ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം ഹെഡ്മാസ്റ്റർ റോയി, റോയി മുതുപ്ലാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

9. ഇടമറുക് സെന്റ് ആന്റണീസ് യു.പി.സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി മാനേജർ ഫാ. സെബാസ്റ്റ്യൻ പുത്തൂർ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഹെഡ്മിസ്ട്രസ് സിസ്റ്റർ അനില തോട്ടക്കര എസ്.എച്ച്, ഡിഎഫ്സി ഭാരവവാഹികൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നല്കി.

10. പൈക ജ്യോതി പബ്ലിക് സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ഫെഡറൽ ബാങ്ക് പൈക ബ്രാഞ്ച് മാനേജർ അമ്പിളി പ്ലാച്ചേരിൽ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഹെഡ്മിസ്ട്രസ് സി. ദീപ്തി എസ്.എ.ബി.എസ്. തുടങ്ങിയവർ പ്രസംഗിച്ചു.

11. ചേർപ്പുങ്കൽ ഹോളിക്രോസ് ഹൈസ്കൂൾ

സ്കൂൾ മാനേജർ റവ.ഫാ. ജോസ് അഞ്ചേരി ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ റെജി മാത്യു, ഹെഡ്മാസ്റ്റർ സന്തോഷ് കാവുകാട്ട്, ഫാ. സ്കറിയ വേകത്താനം, ബേബിച്ചൻ കീക്കോലിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

12. മറ്റക്കര സെന്റ് ജോസഫ് ഹൈസ്കൂൾ

മഞ്ഞാമറ്റം സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് വി.റ്റി. സെബാസ്റ്റ്യൻ വലിയപറമ്പിൽ ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു.

13. മഞ്ഞാമറ്റം എൽ.പി. സ്കൂൾ

സ്കൂളിലെ ഭാഷാ പദ്ധതി സുബിൻ വട്ടംതൊട്ടിയിൽ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, സിസ്റ്റർ ലിറ്റി എഫ്.സി.സി. തുടങ്ങിയവർ പ്രസംഗിച്ചു.

14. കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂൾ

സ്കൂളിലെ നമ്മുടെ ഭാഷാപദ്ധതി മാനേജർ റവ.ഫാ. ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, പൗളിൻ ടോമി, സ്കറിയാസ് കൊടിക്കണ്ടം തുടങ്ങിയവർ പ്രസംഗിച്ചു.

15. മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂൾ

സ്കൂളിലെ ഭാഷാ പദ്ധതി സഹകരണബാങ്ക് പ്രസിഡന്റ് എം.എം. തോമസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ.ഫാ. ജോർജ് വഞ്ചിപ്പുര, ഫാ. സ്കറിയ വേകത്താനം, ഷാജി കൊല്ലിത്തടം തുടങ്ങിയവർ പ്രസംഗിച്ചു.

16. മരങ്ങാട്ടുപിള്ളി സെന്റ് തോമസ് എൽ.പി.സ്കൂൾ

സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം.എം. തോമസ് മേൽവെട്ടം ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ജോർജ് വഞ്ചിപ്പുരക്കൽ, ഹെഡ്മാസ്റ്റർ സാജൻ ആന്റണി, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

17. ഉള്ളനാട് സേക്രട്ട് ഹാർട്ട് സ്കൂൾ

പ്രവിത്താനം ലയൺസ് ക്ലബ് പ്രഡിഡന്റ് ജോസ് ഉപ്പുമാക്കൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ബാബു തോമസ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

18. പ്രവിത്താനം സെന്റ് ആന്റണീസ് സ്കൂൾ

ചൂണ്ടച്ചേരി സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് ജിമ്മി ചന്ദ്രൻകുന്നേൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് ലൗലി വർഗീസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

19. പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർസെക്കണ്ടറി സ്കൂൾ

സ്കൂളിലെ പി.ടി.എ പ്രസിഡന്റ് സോണി തെക്കേൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ സജി ജോസഫ് കളപ്പുരയ്ക്കൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

20. നരിയങ്ങാനം യു.പി.സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. സ്കറിയ മോളേപ്പറമ്പിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

21. മേരിലാന്റ് സെന്റ് മേരീസ് എൽ.പി.സ്കൂൾ

സ്കൂൾ മാനേജർ ഫാ. ജെയിംസ് വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ നീലൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് മത്തച്ചൻ ഉറുമ്പുകാട്ട് ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു.

22. വാകക്കാട് സെന്റ് അൽഫോൻസാ ഹൈസ്കൂൾ

സ്കൂൾ മാനേജർ ഫാ. ജെയിംസ് സ്കൂളിൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം ഹെഡ്മാസ്റ്റർ സി. ടെസി എഫ്.സി.സി. തുടങ്ങിയവർ പ്രസംഗിച്ചു.

23. വാകക്കാട് സെന്റ് പോൾസ് എൽ.പി.സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ജോസുകുട്ടി വാളിയാക്കൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ജെയിംസ് കുടിലിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

24. പൂഞ്ഞാർ സെന്റ് ആന്റണീസ് എൽ.പി.സ്കൂൾ

സ്കൂൾ ഹെഡ്മാസ്റ്റർ സി. ഗ്രേയ്സ് പേപ്പുംകാട്ടിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. സ്കറിയ വേകത്താനം  ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു.

15. മണിയംകുന്ന് സെന്റ് ജോസഫ് യു.പി.സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി കെ.എം. ദേവസ്യാ കദളിക്കാട്ട് ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സി. ജാൻസി ഓരത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

26. പാലാ മേരിമാതാ പബ്ളിക് സ്കൂൾ

നമ്മുടെ ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം  ഉദ്ഘാടനം ചെയ്തു. സിസ്റ്റർ ബിൻസി ജോസ് ഉറുമ്പിൽ, ബെന്നി ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

27. ളാലം സെന്റ് മേരീസ് എൽ.പി.സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി മുനിസിപ്പൽ കൗൺസിലർ ജിജോ കുടക്കച്ചിറ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സി.  ലിൻസി ചീരാംകുഴി, ലിജോ ആനിത്തോട്ടം, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

28. അരുവിത്തുറ സെന്റ് ജോർജ് ഹൈസ്കൂൾ

നമ്മുടെ ഭാഷാപദ്ധതി ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ.ഫാ. തോമസ് വെടിക്കുന്നേൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ ബാബു ജി ലൂക്കോസ്, സിബി മാത്യു പ്ലാത്തോട്ടം, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

29. ഇട്ടിക്കൽ സെന്റ് ജോർജ് ഹൈസ്കൂൾ

കാഞ്ഞിരപ്പള്ളി കാർഷിക വികസനപ്രസിഡന്റ് സജി അഴകൻഫ്രായിൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ.ഫാ. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുര മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

30. കൂട്ടിക്കൽ സെന്റ് ജോർജ് എൽ.പി.സ്കൂൾ

സ്കൂൾ മാനേജർ റവ.ഫാ. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുര ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഫാ. അഗസ്റ്റിൻ കുറുമുട്ടത്ത്, സുഷമ സാബു തുടങ്ങിയവർ പ്രസംഗിച്ചു.

31. പറത്താനം സിവ്യു യു.പി.സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി വാർഡ് മെമ്പർ ജാൻസി ജയിംസ് ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ വി.ജെ. ജോസഫ്, ടോമി മൂന്നാപ്പള്ളിൽ തുടങ്ങിയ വർ പ്രസംഗിച്ചു.

32. ചേന്നാട് സെന്റ് മരിയ ഗോരേത്തി സ്കൂൾ

സ്കൂൾ മാനേജർ ഫാ. അബ്രഹാം കുളമാക്കൽ അധ്യക്ഷത വഹിച്ച മീറ്റിം ഗിൽ ഈരാറ്റുപേട്ട സഹകരണബാങ്ക് പ്രസിഡന്റ് നൗഷാദ് ഇല്ലിക്കൽ ഉദ്ഘാ ടനം ചെയ്തു.

33. മണിയംകുളം സെന്റ് ജോസഫ് എൽ.പി.സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു.

34. മോനിപ്പള്ളി ഹോളിക്രോസ് ഹൈസ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ഉഴവൂർ ഗ്രാമപഞ്ചായത്തംഗം മാത്യു ജോസഫ് ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് മിനി മാത്യു മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

35. മേച്ചാൽ ഗവൺമെന്റ് യു.പി.സ്കൂൾ

ഗ്രാമപഞ്ചായത്ത് മെമ്പർ ഷേർളി സാമുവൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു.

36. തിരുമാറാടി സെന്റ് ആൻസ് കാർമ്മൽ പബ്ലിക് സ്കൂൾ

സ്കൂളിലെ ഭാഷാ പദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ലിസറ്റാ സി.എം.സി. മീറ്റിംഗിൽ അധ്യ ക്ഷത വഹിച്ചു.

37. വടകര ലിറ്റിൽഫ്ളവർ എൽ.പി.സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സി. ലിനറ്റ് ചാത്തനാട്ട്, ജോയി തോട്ടം തുടങ്ങിയവർ പ്രസംഗിച്ചു.

38. ഇലഞ്ഞി ഗവൺമെന്റ് എൽ.പി.സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് മേഴ്സി പി. പോൾ പുത്തൻപുര, ജോയി തോട്ടം തുടങ്ങിയവർ പ്രസംഗിച്ചു.

39. കൈപ്പള്ളി ഗവൺമെന്റ് എൽ.പി. സ്കൂൾ

പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് മെമ്പർ റ്റി.എൻ. വിനോദ് ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു.

40. കയ്യൂർ ക്രിസ്തു ജ്യോതി പബ്ലിക് സ്കൂൾ

സ്കൂൾ മാനേജർ ഫാ. സിറിയക് പുത്തേട്ട് ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ഫ്രാൻസീസ് ബേബി പാറപ്ലാക്കൽ, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

41. ഡ്രീം ലൈൻ പ്രോജക്ട്

മണ്ണയ്ക്കനാട്, സേവ്യർപുരം, കയ്യൂർ, കുരുവിനാൽ, മരങ്ങാട്ടുപിള്ളി, കുടക്കച്ചിറ, തോടനാൽ എന്നീ ഇടവകകളിൽ പത്രപ്രചാരണപരിപാടി സംഘടിപ്പിച്ചു. ഫാ. സ്കറിയ വേകത്താനം, ഫാ. റോയി കണ്ണഞ്ചിറ, ഫാ. ജിനോ പുന്നമറ്റം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

42. സന്ദർശിച്ചു.

കാഞ്ഞിരപ്പള്ളി രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനെ ഡിഎഫ്സി പാലാരൂപത നേതൃസമിതി അംഗങ്ങൾ സന്ദർശിച്ചു.

43. ഹോം ഗ്രോൺ ഫാം -പഠനടൂർ

കാഞ്ഞിരപ്പള്ളിൽ ഹോം ഗ്രോൺ കൃഷി ഫാമിലേക്ക് ഡിഎഫ്സി ഭാരവാഹികൾ പഠനടൂർ നടത്തി.

44. ഡിഎഫ്സി ഫൊറോന മീറ്റിംഗ്

ഡിഎഫ്സി പാലാ ഫൊറോന മീറ്റിംഗ് പ്രസിഡന്റ് ബിജോയി ഈറ്റത്തോട്ടിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, റവ.ഫാ. ജോസ് തറപ്പേൽ, ഫാ. സ്കറിയ വേകത്താനം, ഫാ. ഗർവ്വാസീസ് ആനിത്തോട്ടം, ഡോ. സജി സ്കറിയ, ടോമി തുരുത്തിക്കര, ബേബി തൈരംചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ഭരണങ്ങാനം മേഖലാ കമ്മറ്റി പാരീഷ് ഹാളിൽ വച്ച് നടത്തി. പ്രസിഡന്റ് ചാക്കോച്ചൻ കളപ്പുരയ്ക്കൽ മീറ്റീംഗിൽ അധ്യക്ഷത വഹിച്ചു. ടോമി തുരു

ത്തിക്കര മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോൺസൺ പരിയപ്പനാൽ, ഫാ. എമ്മാനുവേൽ പാറേക്കാട്ട്, ബേബി തൈരംചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. സ്കറിയ വേകത്താനം ചർച്ച നയിച്ചു.

45. ദുരിതാശ്വാസസഹായം നല്കി.

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലുള്ള മൂന്നു കുടുംബങ്ങളെ സന്ദർശിച്ച് ഡിഎഫ്സി യുടെ നേതൃത്വത്തിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു.

46. മുരിങ്ങൂർ ശുചിത്വയജ്ഞം നടത്തി.

മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിലും പരിസരങ്ങളിലും ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപത, ജിയോവാലി യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിൽ ശുചിത്വയജ്ഞം നടത്തി. ഫാ. സ്കറിയ വേകത്താനം, ഫാ. ജോസ് തറപ്പേൽ, റവ. ഫാ. ജോർജ് അമ്പഴത്തിനാൽ, ടോമി തുരുത്തിക്കര, ബെന്നി വടക്കേൽ, സാലമ്മ അറയ്ക്കൽ, ജെയ്സി പറത്താനത്ത് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. 70 ഓളം പേർ പങ്കെടുത്തു.

47 ഡിഎഫ്സി രൂപത എക്സിക്യൂട്ടീവ് യോഗം

ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന എക്സിക്യൂട്ടീവ് യോഗത്തിൽ പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ അധ്യക്ഷത വഹിച്ചു. വിവിധ കർമ്മ പരിപാടികളെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

48. അഭിനന്ദനങ്ങൾ

മൂവാറ്റുപുഴയിൽ വച്ച് നടന്ന സംസ്ഥാന ക്യാമ്പിൽ ഡിഎഫ്സിയുടെ സംസ്ഥാനപ്രസിഡന്റുമാരായി തെരഞ്ഞെടുക്കപ്പെട്ട ടോമി തുരുത്തിക്കര, സാലിമ്മ ജോളി അറക്കൽ എന്നിവർക്ക് ഡിഎഫ്സി പാലാ രൂപതയുടെ അഭിനന്ദനങ്ങൾ.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# ഇൻഫാം

**1. കാർഷിക മേഖലയുടെ തകർച്ചയ്ക്ക് സത്വര നടപടി ഉണ്ടാവണം**

പ്രളയത്തിൽ തകർന്ന കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അടിയന്തിരമായി ഇടപെടണമെന്ന് ഇൻഫാം കോട്ടയം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്ന കർഷകരുടെ രോദനം കേൾക്കാൻ ആരുമില്ലാത്ത അവസ്ഥയാണെന്നും യോഗം കുറ്റപ്പെടുത്തി. കാർഷിക മേഖലയിൽനിന്നും യാതൊരു

വരുമാനവും ലഭിക്കാത്ത അവസ്ഥയാണുള്ളത്. മുഖ്യവരുമാനമായ റബറിന്റെ ഇല പൊഴിഞ്ഞു ഉത്പാദനം വളരെ കുറഞ്ഞു; കൂടാതെ അനിയന്ത്രിതമായ ഇറക്കുമതി നിയമം റബ്ബറിന്റെ വില സ്ഥിരതാപദ്ധതിയും ലഭിക്കുന്നില്ല.

കർഷക പെൻഷനും നിലച്ച മട്ടാണ്. പെൻഷൻ കുറഞ്ഞത് 10000 ആയി എങ്കിലും വർദ്ധിപ്പിക്കണമെന്ന് യോഗം സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചു. സർക്കാർ ജീവനക്കാർക്ക് അനിയന്ത്രിതമായി ആനുകൂല്യങ്ങൾ വാരിക്കോരി നൽകുമ്പോൾ കർഷകന് മാത്രം അവഗണന. ഇത് പൊറുക്കാനാവില്ല എന്നും യോഗം വിലയിരുത്തി. രാജ്യത്തെ തീറ്റിപോറ്റുന്ന കർഷകൻ ഇന്ന് ദാരിദ്ര്യത്തിന്റെയും അവഗണനയുടെയും വക്കിലാണ്.

പ്രളയത്തിൽ മണ്ണിന്റെ നഷ്ടപ്പെട്ട ഫലഭൂയിഷ്ഠത വീണ്ടെടുക്കുന്നതിനും കൃഷിക്ക് പുതിയ ഊർജ്ജം നൽകുന്നതിനുമായി "Save the Mother Earth" എന്ന പുതിയ കൃഷി രീതി പരിചയപ്പെടുത്തുന്ന ഒരു പഠനശിബിരം 2018 നവംബർ 20-ാം തീയതി പാലാ ശാലോം സെന്ററിൽ നടത്തുകയാണ്. പ്രസ്തുത ക്ലാസിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 പേർക്ക് മാത്രമേ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ. താല്പര്യമുള്ളവർ ഫോൺ 9946440224, 9495665740 നമ്പറുകളിൽ വിളിച്ചറിയിക്കുക.

പാലാ ശാലോം ഇൻഫാമിന്റെ ഓഫീസിൽ ചേർന്ന ജില്ലാ കമ്മിറ്റി യോഗത്തിൽ പ്രിസിഡന്റ് മാത്യു മാമ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ഡയറക്ടർ റവ.ഫാ. ജോസ് തറപ്പേൽ, സെക്രട്ടറി ബേബി പന്തപ്പള്ളിൽ, ബെന്നി തുളുവനാനി, ജോളി കുരിശുമൂട്ടിൽ, ജോർജുകുട്ടി പൂവത്തോലിൽ, ജോൺ തോമസ് അഴകന്ത്ര വടക്കേൽ തുടങ്ങിയവർ സംസാരിച്ചു.

**2. ഗ്രീൻ പ്ലാനറ്റ് ബയോടെക്നോളജി സെമിനാർ**

ഇൻഫാം പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ 2018 നവംബർ 20 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് ഷലോം പാസ്റ്ററൽ സെന്ററിൽ ബയോടെക്നോളജി സെമിനാർ നടത്തപ്പെടുന്നു. നൂതന സാങ്കേതിക വിദ്യയുടെ പരമ്പരാഗത കൃഷിരീതികളും സമന്വയിപ്പിച്ച് മണ്ണിന്റെ നഷ്ടപ്പെട്ടുപോയ ആരോഗ്യം വർദ്ധിപ്പിച്ച് മണ്ണിലെ സൂക്ഷ്മജീവികളുടെ എണ്ണവും സൂക്ഷ്മ മൂലകങ്ങളുടെ അളവും വർദ്ധിപ്പിച്ച് ചെടിയുടെ രോഗപ്രതിരോധശക്തി കൂട്ടി, രാസകീടനാശിനികളുടെ ഉപയോഗം കുറച്ച്, കൃഷിയെ ലാഭകരമാക്കുവാൻ സഹായിക്കുന്ന ഈ സെമിനാർ നമ്മുടെ അടുക്കളതോട്ടങ്ങളേയും കൃഷിഭൂമിയേയും ആദായകരമാക്കുവാൻ സഹായിക്കും. അതിനാൽ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും എല്ലാ കർഷക സുഹൃത്തുക്കളേയും സ്നേഹപൂർവ്വം ഈ സെമിനാറിലേക്ക് സ്വാഗതം ചെയ്യുന്നു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# 36–ാമത് ബൈബിൾ കൺവൻഷൻ മീറ്റിംഗുകൾ

**36–ാമത് ബൈബിൾ കൺവൻഷന്റെ വിവിധ കമ്മറ്റികൾ ഷാലോമിൽ വച്ച് നടത്തപ്പെട്ടു.**

**1. ഫുഡ് കമ്മറ്റി മീറ്റിംഗ്**

സെപ്തംബർ മാസം 17–ാം തീയതി ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 വരെ കൺവൻഷന്റെ ഫുഡ് കമ്മിറ്റി മീറ്റിംഗ് കൂടി ഈ വർഷത്തെ കൺവൻഷന്റെ വോളന്റിയേഴ്സ് ഫുഡിനെപ്പറ്റി ചർച്ച ചെയ്തു. ചെലവുകൾ കുറച്ച് നടത്താനും, തേങ്ങായും പച്ചക്കറികളും വോളണ്ടിയേഴ്സിൽനിന്നുതന്നെ കൊണ്ടുവരുവാനും തീരുമാനിച്ചു. ഫാ.വിൻസെന്റ് മൂങ്ങാമാക്കൽ, കുട്ടിച്ചൻ ഇലവുങ്കൽ, തോമ്മാച്ചൻ പാറയിൽ, മറിയമ്മ പുല്ലാട്ട്, സിജി പടന്നമാക്കൽ, ജോസ് എറകോന്നി, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ സംബന്ധിച്ചു.

**2. വോളണ്ടിയേഴ്സ് കമ്മിറ്റി**

സെപ്തംബർ മാസം 18–ാം തീയതി ചൊവ്വാഴ്ച 3 മുതൽ 4.30 വരെ ഷലോമിൽ കൂടി. വോളണ്ടിയേഴ്സിന്റെ ഒരുക്കധ്യാനം രണ്ട് ഉള്ളത് ഒന്നാക്കി കുറയ്ക്കുവാനും ചിലവുകൾ പരമാവധി കുറച്ച് നടത്തുവാനും തീരുമാനിച്ചു. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ഇ.എം. ദേവസ്യാ ഈരുരിക്കൽ, സാബു കോഴിക്കോട്ട്, ബാബു തട്ടാംപറമ്പിൽ, ബീന പൊടിമറ്റം തുടങ്ങിയവർ സംബന്ധിച്ചു.

**3. വാട്ടർ കമ്മിറ്റി**

സെപ്തംബർ മാസം 19–ാം തീയതി ബുധനാഴ്ച 3 മുതൽ 4 വരെ ഷലോമിൽ വച്ച് വെള്ളത്തിന്റെ കമ്മിറ്റി കൂടി. പഴയതുപോലെ വെള്ളം തിളപ്പിച്ച് തന്നെ കൊടുക്കുവാനും പരമാവധി ചെലവുകൾ കുറച്ച് നടത്തുവാനും തീരുമാനിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബേബിച്ചൻ വാഴചാരിക്കൽ, ജോസ് ചെറിയാൻ, എ.വി. ആന്റണി അപ്പശ്ശേരിൽ, ജോയി കുന്നുംപുറം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ സംബന്ധിച്ചു.

**4. പബ്ലിസിറ്റി കമ്മറ്റി**

സെപ്തംബർ മാസം 22–ാം തീയതി ശനിയാഴ്ച 3 മണി മുതൽ 4.30 വരെ ഷാലോമിൽ കൂടി ഈ വർഷത്തെ പബ്ലിസിറ്റിയിലേയ്ക്ക് ആവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്തു. ഇതുവരെ പള്ളികളിൽ കൊടുത്തുകൊണ്ടിരിക്കുന്ന ബാനർ ഈ വർഷം മുതൽ അടിക്കുന്നില്ലെന്നും ദീപികയിൽ മാത്രം സപ്ലിമെന്റ് കൊടുക്കുന്നതിനും കുറെ വലിയ ബാനർ അടിച്ച് വലിയ പള്ളികളിൽ വയ്ക്കാനും തീരുമാനിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. സ്കറിയ വേകത്താനം, തോമസ് ആന്റണി കുന്നുംപുറം, സാബു കോഴിക്കോട്ട്, ജോർജു

കുട്ടി ഞാവള്ളിൽ, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ സംബന്ധിച്ചു.

**5. അക്കമഡേഷൻ കമ്മിറ്റി**

സെപ്തംബർ മാസം 25-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 3 ന് ഷാലോമിൽ കൂടി ടീമിന്റെ ഭക്ഷണവും താമസവും ഒരുക്കുന്നതിനും വോളണ്ടിയേഴ്സിന്റെ അക്കമഡേഷൻ സ്ത്രീകൾക്ക് ഹോസ്റ്റലും, ആണുങ്ങൾക്ക് കോളേജിന്റെ ക്ലാസ് റൂമുകളും പുറമേ നിന്ന് വരുന്നവർക്ക് മാതൃഭവനിലേയും അസ്സീസി ധ്യാനകേന്ദ്രവും ബുക്ക് ചെയ്യുവാനും തീരുമാനിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, പി.പി. തോമസ്, രാജൻ തൈപ്പറമ്പിൽ, ജോസ് രുറ്റിയാനി, ജോർഡി ആക്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ സംബന്ധിച്ചു.

**6. പന്തൽ കമ്മിറ്റി**

ഈ മാസം 21-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പന്തൽ കമ്മിറ്റി കൂടി ഈ വർഷം പന്തൽ ഇരിങ്ങാലക്കുടക്കാർക്ക് കൊ ടുക്കുവാൻ തീരുമാനിച്ചു. കഴിഞ്ഞ വർഷത്തേക്കഴിഞ്ഞും ഒരടിക്ക് 90 പൈസ കുറച്ച് കൊടുത്തു. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ശ്രീ. ജോണിച്ചൻ കൊട്ടുകാപ്പള്ളി, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ സംബന്ധിച്ചു.




# ആദരാഞ്ജലികൾ



## സി. റോസിറ്റ ചെമ്പരത്തി എഫ്.സി.സി.

കോതമംഗലം രൂപതയിൽ മൂതലക്കോടം ഇടവകയിൽ ചെമ്പരത്തി കുടുംബത്തിൽ വർക്കി-അന്നമ്മ ദമ്പതികളുടെ 6 മക്കളിൽ ഇളയ സന്താനമായി 22-01-1928 ൽ ബ. റോസിറ്റമ്മ ഭൂജാതയായി. 1948 ൽ എസ്.എസ്.എൽ.സി.യും 1951 ൽ ഇന്റർമീഡിയറ്റും 1956 ൽ ബി.എ.യും പാസ്സായ അമ്മ, 15-8-1956 ൽ ഭരണങ്ങാനം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 10-4-1958 ൽ ആദ്യവ്രതം സ്വീകരിച്ച അമ്മ 1960 ൽ ബി.എഡും പാസ്സായി. 1961 ൽ നിത്യവ്രത വാഗ്ദാനവും നടത്തി. 1961 മുതൽ 22 വർഷം ഭരണങ്ങാനം എസ്.എച്ച്.ജി.എച്ച്.എസിൽ ഹൈസ്കൂൾ അദ്ധ്യാപികയായി ശുശ്രൂഷ ചെയ്തു.

31-8-1983 ൽ അധ്യാപന ജോലിയിൽനിന്നും വിരമിച്ച അമ്മ ഭരണങ്ങാനം, കാക്കോളി, അമ്പാറനിരപ്പേൽ, ഇടപ്പാടി, ഇടമറ്റം എന്നീ മഠങ്ങളിൽ കൗൺസിലർ, പാർലർ സിസ്റ്റർ എന്നീ നിലകളിൽ സേവനം കാഴ്ചവച്ചു. 2007-ൽ വിശ്രമ ജീവിതത്തിനായി ക്ലാരാ നഗറിലേക്ക് സ്ഥലം മാറിവന്ന അമ്മ സദാസമയവും ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനാനിരതയായിരുന്നു. 2008-ൽ വ്രതവാഗ്ദാനത്തിന്റെ സുവർണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യം അമ്മയ്ക്കു ലഭിച്ചു.

എന്റെ ദൈവവും എന്റെ സമസ്തവും എന്ന തന്റെ ആദർശവാക്യത്തിൽ അധിഷ്ഠിതമായ ഒരു ജീവിതം തന്നെയായിരുന്നു അമ്മയുടേത്. ഒരു വിശുദ്ധിയായി തീരുക എന്ന ലക്ഷ്യം മറക്കാതെ റോസിറ്റാമ്മയുടെ ജീവിതം ഏവർക്കും ഉത്തമമാതൃക ആയിരുന്നു.

2018 ഒക്ടോബർ 2, രാവിലെ 1 മണിക്ക് സഹോദരങ്ങൾ പ്രാർത്ഥനാനിരതരായി നോക്കിനിൽക്കെ അമ്മയുടെ പാവനാത്മാവ് സ്വർഗത്തിലേക്ക് പറന്നുയർന്നു. 4-10-2018 രാവിലെ 10ന് മഠം ചാപ്പലിൽ ദിവ്യബലിയോടെ സംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് തിടനാട് പള്ളിയിൽ പാലാ രൂപതാ വികാരി ജനറാൾ റവ.ഫാ. ജോസഫ് കൊല്ലംപറമ്പലിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം സംസ്കരിച്ചു.



## സി. സെറാഫിയ ഞായർകുളം എഫ്.സി.സി.

പാലാ രൂപതയിൽ ദൈവവിളിയാൽ സമ്പന്നമായ ഞായർകുളം കുടുംബത്തിൽ ഔസേപ്പ്-ഏലിക്കുട്ടി എന്നീ ദമ്പതികളുടെ എട്ടുമക്കളിൽ ആദ്യത്തെ സന്താനമായി 25-2-1931 ൽ പെണ്ണമ്മ എന്ന ഓമനപ്പേരിൽ വിളിക്കപ്പെട്ടിരുന്ന സെറാഫിയാമ്മ ജനിച്ചു. മാമ്മോദീസായിൽ അന്ന എന്ന പേര് സ്വീകരിച്ചു. ഗവൺമെന്റ് എൽ.പി.എസ്. തമ്പലക്കാട്, യു.പി.സ്കൂൾ പൊൻകുന്നം, എസ്.എം.വി. പൂഞ്ഞാർ എന്നീ സ്കൂളുകളിൽ പഠിച്ച് മലയാളം ഹയർപരീക്ഷ പാസ്സായി. 1-6-1947 ൽ തീക്കോയി മഠത്തിൽ ചേർന്ന വ്രതം ചെയ്ത് സിസ്റ്റർ സെറാപിയ എന്ന പേര് സ്വീകരിച്ചു. 17-11-1952 ൽ ആദ്യനിത്യവ്രതം ചെയ്ത് നാഥന് പൂർണമായും സമർപ്പിച്ചു.

1952 -ൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂളിൽനിന്നും ടി.ടി.സി. പാസ്സായ സെറാഫിയാമ്മ അധ്യാപികയായി തന്റെ അപ്പസ്തോല പ്രവർത്തനം ആരംഭിച്ചു. സെന്റ് മേരീസ് തീക്കോയി, കാഞ്ഞിരമറ്റം, കോതനല്ലൂർ എന്നീ സ്കൂളുകളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. തനിക്കേല്പിക്കപ്പെട്ട വൈദികരും സന്യസ്തരുമായ ഒരു വലിയ ശിഷ്യസമ്പത്തിനുടമയായിരുന്നു സെറാഫിയാമ്മ. അധ്യാപക ജോലിയോടൊപ്പം തന്നെ ബോർഡിംഗ് മിസ്ട്രസ്, ജൂണിയർ മിസ്ട്രസ്, സുപ്പീരിയർ, പ്രൊവിൻഷ്യൽ കൗൺസിലർ, അസി. സുപ്പീരിയർ എന്നീ ഉത്തരവാദിത്വങ്ങളെല്ലാം ഏറ്റവും ഭംഗിയായും കൃത്യമായും ചെയ്യുവാൻ സെറാഫിയാമ്മയ്ക്ക് ഒരു പ്രത്യേക കഴിവു തന്നെയുണ്ടായിരുന്നു.

തീക്കോയി, കല്ലൂർകുളം, കോതനല്ലൂർ, രത്നഗിരി, ആശാനിലയം, വാഗമൺ, അമ്പാറനിരപ്പേൽ, അരുവിത്തുറ ഹോസ്റ്റൽ, ക്ലാരാനഗർ എന്നീ ഭവനങ്ങളിൽ താമസിച്ചുകൊണ്ട് തന്റെ നിസ്വാർത്ഥ സേവനം കാഴ്ചവയ്ക്കുവാൻ സെറാഫിയാമ്മയ്ക്ക് കഴിഞ്ഞു. സന്യാസജീവിതത്തിന്റെ ഏറിയപങ്കും ചെലവഴിച്ചത് തീക്കോയി മഠത്തിലായിരുന്നു. "നല്ലവനായ ദൈവം എനിക്ക് ഉദാരമായി നൽകിയിരിക്കുന്ന ആരോഗ്യം, കഴിവ്, സമയം, ഇവ ഒട്ടും ദുരുപയോഗിക്കാതെ ദൈവമഹത്വത്തിനും സഭാസേവനത്തിനും സഹോദര നന്മയ്ക്കുമായി ഉപയോഗിച്ച് സംതൃപ്തമായി ജീവിക്കുക എന്നതായിരുന്നു അമ്മയുടെ മോട്ടോ.

തന്റെ മരണം വരെ ക്ലാരാനഗറിൽ തന്നെയായിരുന്നു അമ്മയുടെ ജീവിതം. തിരുക്കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിലച്ചൻ നേതൃത്വം നൽകുകയും അനുസ്മരണ പ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് മൃതദേഹം തീക്കോയി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

കാരുണ്യവാനായ കർത്താവ് തന്റെ വിശ്വസ്തദാസിയെ നിത്യകിരീടമണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. മേരി ഇമ്മാനുവേൽ കുന്നേൽ എം.എം.എസ്.

പാലാ രൂപത മുണ്ടാങ്കൽ ഇടവകയിൽ, കുന്നേൽ കുര്യൻ -മറിയം ദമ്പതികളുടെ 11 മക്കളിൽ ഏഴാമത്തെ സന്താനമായി 1925 ഡിസംബർ 25-ാം തീയതി മേരിക്കുട്ടി കുര്യൻ കുന്നേൽ എന്ന സിസ്റ്റർ ഇമ്മാനുവേൽ ജനിച്ചു.

മുണ്ടാങ്കൽ ലിറ്റിൽ ഫ്ളവർ കോൺവെന്റ് സ്കൂളിൽ നിന്ന് പ്രൈമറി വിദ്യാഭ്യാസവും, പ്രവിത്താനം സെന്റ് മൈക്കിൾസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽനിന്ന് മിഡിൽ സ്കൂൾ വിദ്യാഭ്യാസവും, പാലാ സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽനിന്ന് മെട്രിക്കുലേഷനും പാസ്സായി. തുടർന്ന് റാവൽ പിണ്ടിയിലുള്ള ഹോളി ഫാമിലി ഹോസ്പിറ്റലിൽ നിന്ന് നഴ്സിംഗ് വിദ്യാഭ്യാസം 1950ൽ പൂർത്തിയാക്കി.

ദൈവകൃപയിൽ ആശ്രയിച്ച് കർത്താവിന്റെ ശുശ്രൂഷയിൽ പങ്കു ചേരുക എന്ന സിസ്റ്ററിന്റെ നിശ്ചയദാർഢ്യത്തിന്റെ പൂർത്തീകരണമായി അന്തർദേശീയ കാത്തലിക് മെഡിക്കൽ മിഷൻ സന്യാസിനി സമൂഹത്തിൽ 1951 ഫെബ്രുവരി 5-ന് സിസ്റ്റർ ചേർന്നു. തുടർന്ന് പോസ്റ്റ് ലെൻസിയും നോവിഷിയേറ്റും കഴിഞ്ഞ് ആദ്യവ്രതവാഗ്ദാനം 1954 ആഗസ്റ്റ് 5-ാം തീയതി സ്വീകരിച്ചു. നിത്യവ്രത വാഗ്ദാനം 1960 ആഗസ്റ്റ് 5-ാം തീയതി ഭരണങ്ങാനത്തു വച്ച് സ്വീകരിച്ചു. സിസ്റ്ററിന്റെ പ്രധാനപ്പെട്ട സേവനമേഖല രോഗികളെ പരിചരിക്കുന്നതിലും അവർക്ക് ആശ്വാസമായി നിലകൊള്ളുന്നതുമായിരുന്നു. ഭരണങ്ങാനം, തുരുത്തിപ്പുറം, ചെത്തിപ്പുഴ, ജോർദ്ദാൻ, മുണ്ടക്കയം എന്നീ സ്ഥലങ്ങളിലെ ആശുപത്രികളിലും ഇത്തിത്താനം, മരിയഭവൻ, ഭരണങ്ങാനം, സായൂജ്യ, കോട്ടയം എന്നീ മഠങ്ങളിലും സേവനം ചെയ്തിട്ടുണ്ട്. സിസ്റ്ററിന്റെ സേവനം ഏറ്റവും സ്തുത്യർഹവും ആശ്വാസദായകവുമായിരുന്നു. അതിൽ എടുത്തുപറയത്തക്കതാണ് മുന്നണി മിഷനറിയായി സധൈര്യം സമുദ്രം താണ്ടി ജോർദാനിലെ അമാനിലുള്ള Muashir ഹോസ്പിറ്റലിൽ 4 വർഷം സേവനം അനുഷ്ഠിച്ചത്.

സ്വതസിദ്ധമായി പുഞ്ചിരിക്കുന്ന മുഖവും മറ്റുള്ളവരെ കരുതുന്ന സ്ത്രീസഹജമായ ലാളിത്യവുമായി ജീവിക്കുന്ന സിസ്റ്ററിന്റെ സ്നേഹസാന്നിദ്ധ്യം സിസ്റ്റർ ആയിരുന്ന ഇടങ്ങളിൽ എല്ലാം ഏറെ അനുഗ്രഹീതമായിരുന്നു. പ്രകൃതിയെ സ്നേഹിക്കുകയും പ്രകൃതിയുമായി ഇണങ്ങി ചേർന്നു പൂച്ചെടികൾ നട്ടു പിടിപ്പിക്കുന്നതിലും അത് അൾത്താരയിൽ അലങ്കരിച്ചു വയ്ക്കുന്നതിലും, വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിലും, മൃഗങ്ങളെ പരിചരിക്കുന്നതിലും സിസ്റ്റർ സമയം കണ്ടെത്തിയിരുന്നു. ഇത്തിത്താനത്തുള്ള ആയുഷ്യയിൽ ആയിരുന്ന നാളുകളിൽ സമീപവാസികളായ രോഗികളെ പരിചരിക്കുന്നതിലും സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിലും സിസ്റ്റർ ശ്രദ്ധ ചെലുത്തിയിരുന്നു. ചെറിയ കാര്യങ്ങൾ വലിയ മഹത്വത്തോടെ ചെയ്യുന്നത് സിസ്റ്ററിന്റെ എടുത്തു പറയത്തക്ക സവിശേഷതയാണ്.

അവസാന നാളുകളിൽ കോട്ടയത്തുള്ള സായൂജ്യയിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. ആരാധന, കുർബാന സമയത്തു പാട്ടുകൾ പാടുന്നതും സിസ്റ്ററിന് ആനന്ദകരമായ സേവനമായിരുന്നു.

ദൈനംദിന പ്രവർത്തികളെക്കുറിച്ചും വി. കുർബാനയിലുള്ള ഈശോയുടെ സാന്നിധ്യത്തെക്കുറിച്ചും സിസ്റ്റർ തന്റെ ഡയറിക്കുറിപ്പിൽ എഴുതിയിരിക്കുന്നത് ഏറെ പ്രസക്തമാണ്. 'ദുഃഖവും സന്തോഷവും തെറ്റിദ്ധാരണകളും ബുദ്ധിമുട്ടുകളും എല്ലാം ക്രിസ്തുവിന്റെ പീഡാനുഭവത്തോടും കുരിശുമരണത്തോടും ചേർത്ത് ഞാൻ കാഴ്ച വയ്ക്കുന്നു. എന്റെ സാന്നിധ്യത്തെ ചെറിയ രീതിയിലായാലും മറ്റുള്ളവർക്ക് ഉപകാരപ്രദമാക്കുവാൻ ഞാൻ ശ്രദ്ധിക്കും. ഓരോ ചെടികൾ പൂവിടുമ്പോഴും ഫലങ്ങൾ വൃക്ഷങ്ങളിൽ ഉണ്ടാകുമ്പോഴും എല്ലാം ദൈവസാന്നിധ്യത്തെ ആണ് ഞാൻ അവിടെ ദർശിക്കുന്നത്'. വലിയ പ്രതിഭാശാലികൾക്കു മാത്രം ഉള്ള ആദ്ധ്യാത്മിക ദർശനം ഉള്ള വ്യക്തിത്വത്തിന്റെ ഉടമയും കൂടി ആയിരുന്നു സിസ്റ്റർ.

ബഹുമാനപ്പെട്ട പിതാക്കന്മാരും ധാരാളം വൈദികരും സന്യസ്തരും മേരിഗിരി ചാപ്പലിലും മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ ഇത്തിത്താനത്തുള്ള ചാപ്പലിലും, സിസ്റ്റർ എമ്മാനുവേലിന് അന്ത്യോപചാരം അർപ്പിച്ചു. സെപ്തംബർ 14 ഉച്ചകഴിഞ്ഞു 2.30 മണിയോടെ ഫാ. സിറിയക് കുന്നേലും സഹകാർമ്മികരും ചേർന്ന് ദിവ്യബലി അർപ്പിച്ചു.

ഫാ. സോജൻ പി. കുന്നേൽ ചരമപ്രസംഗം നടത്തി. മൃതദേഹം മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ ഇത്തിത്താനത്തുള്ള മഠം സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. ലിബേർത്ത പെരികിലക്കാട്ട് എഫ്.സി.സി.

പാലാ രൂപതയിൽ മൂഴൂർ ഇടവക പെരികിലക്കാട്ട് അവിരാച്ചൻ മറിയം ദമ്പതികളുടെ 6 മക്കളിൽ ഇളയപുത്രിയായി 1936 ജനുവരി 21-ാം തീയതി ബഹു. ലിബേർത്താമ്മ ഭൂജാതയായി. ജ്ഞാനസ്നാനത്തിൽ ത്രേസ്യാ എന്ന പേര് നല്കപ്പെട്ടു. മഞ്ഞാമറ്റം സെന്റ് ജോസ്ഫ്സ് സ്ക്കൂളിൽനിന്നും പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1956 ൽ ചെമ്മലമറ്റം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1957 ഏപ്രിൽ 8-ാം തീയതി പ്രഥമവ്രതവാഗ്ദാനവും 1961 മെയ് 29-ാം തീയതി നിത്യവ്രതവാഗ്ദാനവും നടത്തി.

1964-ൽ വേലൂർ ഗവ. ബേസിക് ട്രെയിനിംഗ് സ്കൂളിൽനിന്ന് റ്റി.റ്റി.സി. പഠനം പൂർത്തിയാക്കിയ ലിബേർത്താമ്മ 1966-ൽ മഞ്ഞാമറ്റം സെന്റ് ആന്റണീസ് എൽ.പി.സ്കൂളിൽ അദ്ധ്യാപനജോലി ആരംഭിച്ചു. ശിശുസഹജമായ നിഷ്ക്കളങ്കത, അതിഥിസത്ക്കാരതല്പരത, കരുതലുള്ള സ്നേഹം, നിരന്തരമായ പ്രാർത്ഥന

എന്നിവ അമ്മയിൽവിളങ്ങിയിരുന്ന സവിശേഷഗുണങ്ങളായിരുന്നു. ശാന്തമായ സാന്നിദ്ധ്യവും, ഹൃദ്യമായ പുഞ്ചിരിയും നർമ്മരസവും ലിബേർത്താമ്മയെ വ്യത്യസ്തയാക്കിയിരുന്നു. സഹോദരങ്ങളെ ശ്രേഷ്ഠരായി കരുതുവാനും ഉല്ലാസവേളകൾ സജീവമാക്കാനും ഏറെ ഉത്സുകയായിരുന്നു. സഹോദരങ്ങളുടെ കുറവുകളും വീഴ്ചകളും സംസാരവിഷയമാക്കാൻ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. സമൂഹാഭ്യാസങ്ങളിൽ ഏറെ താല്പര്യത്തോടെ അവസാനനാളുകൾ വരെ സംബന്ധിച്ചിരുന്നു. 1989ൽ സർവ്വീസിൽനിന്നും വിരമിച്ച ലിബേർത്താമ്മ മഞ്ഞാമറ്റം, മറ്റക്കര, സാന്തോം എന്നീ മഠങ്ങളിൽ താമസിച്ച് ഫാം സൂപ്പർവൈസർ, മെസ്മാനേജർ എന്നീനിലകളിൽ സേവനം ചെയ്തു. 2008-ൽ സന്യാസസമർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്ക് ലഭിച്ചു.

'ഈശോയിലും ഈശോവഴിയും ഈശോയ്ക്കുവേണ്ടിയും ജീവിക്കുന്നതും എനിക്കായ് മരിക്കുന്നതുമാകട്ടെ എന്റെ ലാഭം എന്നതായിരുന്നു' അമ്മയുടെ ആദർശവാക്യം. 'ഈശോയെ സ്നേഹിക്കുക, അവിടുത്തേയ്ക്ക് ത്യാഗസുമങ്ങൾ സമർപ്പിക്കുക' എന്ന് അമ്മ കൂടെക്കൂടെ പറയുമായിരുന്നു.

2018 ഒക്ടോബർ 8-ാം തീയതി തിങ്കളാഴ്ച 10 am ന് റവ.ഫാ. അബ്രാഹം പെരികിലക്കാട്ട് CMI ടെ പ്രധാനകാർമ്മികത്വത്തിൽ സമൂഹബലിയോടെ മഞ്ഞാമറ്റം മഠം ചാപ്പലിൽ മൃതസംസ്ക്കാര കർമ്മങ്ങൾ ആരംഭിക്കുകയും റവ. ഫാ. തോമസ് പാറയ്ക്കൽ ദിവ്യബലിമദ്ധ്യേ ചരമപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് മഞ്ഞാമറ്റം പള്ളിയിൽ നടന്ന തിരുക്കർമ്മങ്ങൾക്ക് പാലാ രൂപത വികാരിജനറൽ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യകാർമ്മികത്വം വഹിച്ചു.



## സി. ലാസലറ്റ് മേരി എഫ്.സി.സി.

പാലാ രൂപതയിൽ ഭരണങ്ങാനം ഇടവകയിൽ അതിപുരാതനവും വിശുദ്ധിയുടെ വിളനിലവുമായ വലിയപറമ്പിൽ കുടുംബത്തിൽ ശ്രീ.വി.വി.ജോർജിന്റെയും മോനിയുടെയും പ്രഥമസന്താനമായി 21.02.1939 ൽ സി. ലാസലറ്റ് മേരി ഭൂജാതയായി. 1957 ൽ എസ്.എസ്.എൽ.സി. പാസ്സായ മേരികുഞ്ഞ് ഭരണങ്ങാനം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. 13.4.1959 ൽ പ്രഥമവ്രതവാഗ്ദാനം ചെയ്ത സി. ലാസലറ്റ് മേരി 24.5.1962 ൽ നിത്യവ്രതവാഗ്ദാനം നടത്തി ഈശോയ്ക്ക് സമ്പൂർണ്ണമായി സമർപ്പിച്ചു.

1965 ൽ ടി.ടി.സി. പാസ്സായ സി. ലാസലറ്റ് മേരി ഇടമറ്റം, മണലുങ്കൽ, പൂവത്തോട്, ഭരണങ്ങാനം എന്നീ സ്കൂളുകളിലായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ശാസനകളെക്കാൾ സ്നേഹംകൊണ്ട് കുട്ടികളുടെ ഹൃദയങ്ങളെ കീഴടക്കിയ അമ്മ തന്റെ അധ്യാപനവൃത്തി വിജയകരമായി പൂർത്തിയാക്കി 1994 ൽ സർവ്വീസിൽനിന്നും വിരമിച്ചു.

അധികാരം ദൈവശുശ്രൂഷയായി മാത്രം കണ്ട അമ്മ ഭരണങ്ങാനം, വിമലഗിരി, ചൂണ്ടച്ചേരി, വിമല സ്റ്റഡി ഹൗസ് പാലാ എന്നീ ഭവനങ്ങളിൽ സുപ്പീരിയറായി സേവനം ചെയ്തു. അസിസ്റ്റന്റ് സുപ്പീരിയർ, സോഷ്യൽ വർക്കർ,

ബോർഡിംഗ് മിസ്ട്രസ് എന്നീ നിലകളിൽ പ്രവർത്തിച്ചു കൊണ്ട് അമ്മ തന്റെ ലോകം വിശാലമാക്കി.

സഭാനിയമങ്ങളുടെ പാലനം, അധികാരികളോടുള്ള വിധേയത്വം, ആഴമായ പ്രാർത്ഥനാചൈതന്യം, സത്ഗ്രന്ഥപാരായണം എന്നീ ഗുണങ്ങൾ അമ്മയിൽ തിളങ്ങി നിന്നിരുന്നു. അമ്മ ആയിരുന്ന ഭവനങ്ങളിലും ആ ഇടവക സമൂഹങ്ങളിലും വലുപ്പ-ചെറുപ്പ ഭേദമെന്യേ ഈശോയുടെ സ്നേഹത്തിന്റെ സാന്നിധ്യമാകുവാൻ സാധിച്ചു. ഏവരുടെയും പുഞ്ചിരിയോടുകൂടി മാത്രം സ്വാഗതം ചെയ്തിരുന്ന അമ്മ ഫ്രാൻസിസ്കൻ സന്തോഷത്തിന്റെ ഉത്തമമാതൃകയായിരുന്നു. ഓ എന്റെ ദൈവമേ അങ്ങയെ ഞാൻ സ്നേഹിക്കുന്നു. ഈശോയാണ് എന്റെ കർത്താവും ദൈവവും. അവിടുത്തെ ഹിതം എപ്പോഴും ആരായുക അത് നിർവ്വഹിക്കുകയും ചെയ്യുക ഇതായിരുന്നു അമ്മയുടെ മോട്ടോ.

ഭരണങ്ങാനം മഠം മ്യൂസിയത്തിൽ ഏറെക്കാലം സേവനം ചെയ്തിരുന്ന അമ്മ ദുഃഖിക്കുന്നവരുടെയും വേദനിക്കുന്നവരുടെയും ഹൃദയങ്ങളിൽ ആശ്വാസത്തിന്റെ തൈലംപുരട്ടുകയും അവർക്കായി ദൈവപിതാവിന്റെ സന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കുകയും ചെയ്തിരുന്നു.

രോഗത്തിന്റെ അസ്വസ്ഥതകൾ മൂർച്ഛിച്ചുവന്ന ഈ നാളുകളിൽ രാപകൽ ഭേദമെന്യേ സങ്കീർത്തനങ്ങൾ ചൊല്ലിയും കരുണയ്ക്കുവേണ്ടി പ്രാർത്ഥിച്ചും അന്ത്യദിനങ്ങൾക്കായുള്ള അമ്മയുടെ ഒരുക്കം കണ്ടുനിന്നവർക്കും ആത്മീയാനുഭൂതി പകർന്നു നൽകി.

2018 ഒക്ടോബർ 6 ഉച്ചയ്ക്ക് 1.30 ന് മഠം ചാപ്പലിൽ ആരംഭിച്ച ദിവ്യബലിയെ തുടർന്ന് പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിൽ ചരമപ്രസംഗം നടത്തുകയും അതേതുടർന്ന് മൃതദേഹം ഭരണങ്ങാനം പള്ളി സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.



## സി. കുസുമോസ് എസ്.എച്ച്.

കോതമംഗലം രൂപത ആരക്കുഴ ഫൊറോനപ്പള്ളി ഇടവകയിലെ പുരാതന കത്തോലിക്കാ കുടുംബമായ കൊച്ചുകുന്നുംപറത്ത് ഭവനത്തിൽ ജോൺ- മറിയക്കുട്ടി ദമ്പതികളുടെ 2 മക്കളിൽ ആദ്യത്തെ സന്താനമായി 1941 ജൂൺ 29-ാം തീയതി കുസുമോസമ്മ ഭൂജാതയായി. മാമ്മോദീസായിൽ മറിയക്കുട്ടി എന്ന നാമം സ്വീകരിച്ച ഈ ദൈവപൈതൽ 1959 ൽ എസ്.എസ്.എൽ.സി. പഠനത്തിനുശേഷം തിരുഹൃദയമഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്യാസപരിശീലനം പൂർത്തിയാക്കി 1961 ഏപ്രിൽ 21-ാം തീയതി ആദ്യവ്രതവും 21-5-1964 ൽ നിത്യവ്രതവും അനുഷ്ഠിച്ച് ഈശോയുടെ തിരുഹൃദയമഹത്വത്തിനായി പൂർണ്ണമായി സമർപ്പിച്ചു.

ടി.ടി.സി. പഠനത്തിനുശേഷം 30 വർഷക്കാലം അധ്യാപനപ്രേഷിതവൃത്തിയിലായിരുന്നു. രാമപുരം, മൂലമറ്റം, വെള്ളിയാമറ്റം, അറക്കുളം, പൂവത്തോട്,

പറത്താനം, നീലൂർ എന്നീ ഇടവകകളിലെ സ്കൂളുകളിൽ യു.പി.സ്കൂൾ അധ്യാപകയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ദൈവവിശ്വാസത്തിന്റെ പാഠങ്ങൾ പകർന്നു നല്കിയും മാനുഷികതയുടെ മന്ത്രങ്ങൾ ചൊല്ലിക്കൊടുത്തും കുട്ടികൾക്കു പ്രിയപ്പെട്ട കുസുമോസമ്മ ടീച്ചറായി തീർന്നു. 32 വർഷം വിവിധ ഇടവകകളിലായി വിശ്വാസപരിശീലനരംഗത്തും സേവനമനുഷ്ഠിച്ചു.

അറക്കുളം, പൂവത്തോട്, പറത്താനം, നീലൂർ, പയസ്മൗണ്ട്, പട്ടം മഠങ്ങൾ സൂപ്പീരിയറായും പാലാ, രാമപുരം, മൂലമറ്റം, വെള്ളിയാമറ്റം, ഇടമറുക്, അരുണാപുരം, പൂവരണി, കൊട്ടാരമറ്റം എന്നീ മഠങ്ങളിൽ വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടും സന്യാസസമർപ്പണത്തിന്റെ 57 വർഷക്കാലം ഈശോയുടെ രക്ഷാകരവേലയിൽ പങ്കാളിയായിത്തീർന്നു.

1999-ൽ തിരുവനന്തപുരത്തുള്ള പട്ടം മഠത്തിൽ സുപ്പീരിയർ ആയിരിക്കെ കാൻസർ രോഗബാധിതയായെങ്കിലും ചികിത്സയ്ക്കുശേഷം 18 വർഷക്കാലം തന്റെ ശുശ്രൂഷകൾ ഏറെ സന്തോഷത്തോടെ നിർവഹിച്ചു.

സെപ്തംബർ 26-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പൂവരണി മഠം ചാപ്പലിൽ പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. സെബാസ്റ്റ്യൻ വേത്താനത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം ദൈവാലയസെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## OCTOBER 2018

| | | |
|---|---|---|
| 10 | | യൂറോപ്പു പര്യടനത്തിനുശേഷം തിരികെയെത്തി. |
| 12 | 06.00 pm | കുരുവിനാൽ ഇടവകയിൽ കളത്തിപ്പുല്ലാട്ട് ബഹു. തോമസച്ചന്റെ സഹോദരൻ ചാക്കോച്ചേട്ടനുവേണ്ടി ഭവനത്തിലെത്തി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| 13 | 09.45 am | നീലൂർ ഇടവകപ്പള്ളിയിൽ റവ.ഫാ. സെബാസ്റ്റ്യൻ മാപ്രകരോട്ടിന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 10.30 am | നിര്യാതനായ റവ.ഫാ. ജോസ് കുഴിഞ്ഞാലിൽ ലാസലൈറ്റിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് നീലൂർ പള്ളിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 11.30 am | അവധിക്കുവന്ന മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളെ സ്വീകരിച്ചു. |
| | 02.15 pm | യുവജനവർഷത്തോടനുബന്ധിച്ച് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിൽ എസ്.എം.വൈ.എം. രാമപുരത്ത് സംഘടിപ്പിച്ച വൈദിക-യുവജനസംഗമത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. |
| | 04.15 pm | മംഗളഗിരി ഇടവകയിൽ കുരിശുപള്ളി വെഞ്ചരിച്ചു. |
| 14 | 08.30 am | പൂവക്കുളം പള്ളിയിൽ നവീകരിച്ച മദ്ബഹയും സക്രാരിയും വെഞ്ചരിച്ചു കുർബാനയർപ്പിച്ചു. |
| | 11.30 am | കടനാട് പള്ളിയിൽ ഫൊറോനാതല വിശ്വാസപരിശീലനസംഗമത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. |
| | pm | പറത്താനത്ത് സിവ്യൂ എസ്റ്റേറ്റിൽ വച്ച് റീജന്റ് ബ്രദേഴ്സിനുള്ള ധ്യാനത്തിന് നേതൃത്വം നല്കി. |
| 15 | 11.00 am | ഇടമറുക് പള്ളിയിൽ കടപ്ലാക്കൽ കുടുംബത്തിലെ പരേതന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 06.30 pm | അൽഫോൻസാ കോളേജിൽ പാലാ കമ്മ്യൂണിക്കേഷൻസിന്റെ പുതിയ നാടകമായ സ്നേഹമേഘത്തുണ്ട് -ന്റെ ഉദ്ഘാടനസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| 16 | 10.00 am | രാമപുരം പള്ളിയിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് റാസ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 17 | 08.15 am | മെത്രാസനമന്ദിരത്തിൽ കൂരിയാ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | കടപ്ലാമറ്റം പള്ളിയിൽ പരേതനായ പുതുപ്പള്ളി വർക്കി സാറിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.00 pm | കവീക്കുന്ന് ഇടവകയിൽ പരേതനായ തങ്കച്ചൻ വെട്ടുകാട്ടിലിനുവേണ്ടി ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 18 | 10.00 am | അരുണാപുരം പള്ളിയിൽ എഫ്.സി.സി. പാലാ പ്രൊവിൻസിലെ നൊവിസസ്സിന്റെ സഭാവസ്ത്ര സ്വീകരണത്തിനും പ്രഥമവ്രതവാഗ്ദാനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. |
| 19 | 09.30 am | പത്തനാപുരം സെന്റ് സേവ്യേഴ്സ് പാസ്റ്ററൽ സെന്ററിൽ റീജിയണൽ ബിഷപ്പ്സ് ധ്യാനത്തിൽ സംബന്ധിച്ചു. |
| | 02.30 pm | കത്തീഡ്രൽ പള്ളിയിൽ പാലാ രൂപതയിലെ സന്യാസിനികളുടെ ഏകദിന ധ്യാനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| | 03.45 pm | മണ്ണയ്ക്കനാട് പള്ളിയിൽ റവ. ഫാ. തോമസ് ഓലിക്കൽ പുത്തൻപുരയുടെ പരേതനായ പിതാവ് ശ്രീ. ഒ. ജോണിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 20 | 09.30 am | പൂഞ്ഞാർ സി.എം.ഐ. കൊവേന്തയിൽ റവ.ഫാ. ബോസ്കോ തോട്ടക്കര, റവ.ഫാ. ഇമ്മാനുവേൽ തെള്ളിയിൽ എന്നീ വൈദികരുടെ അനുസ്മരണാർത്ഥം സുറിയാനി കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 06.30 pm | കടനാട് പള്ളിയിൽ ഫൊറോനാ ബൈബിൾ കൺവൻഷനിൽ സമാപനസന്ദേശം നൽകി. |

| | | |
|---|---|---|
| 21 | 09.00 am | പിറവം പള്ളിയിൽ നവീകരിച്ച ഭാഗങ്ങൾ വെഞ്ചരിച്ചു. |
| | 02.00 pm | സ്ലീവാപുരം മാർ സ്ലീവാപള്ളി കൂദാശ ചെയ്തു. |
| 22 | am | ചേർപ്പുങ്കൽ നിർമ്മാണത്തിലിരിക്കുന്ന ആശുപത്രിയുടെ പണികൾ വിലയിരുത്തി. |
| 23 | am | സന്ദർശകരെ സ്വീകരിച്ചു. |
| 24 | 08.15 am | മെത്രാസനമന്ദിരത്തിൽ കൂരിയാ മീറ്റിംഗിൽ സംബന്ധിച്ചു. |
| 25 | 05.00 pm | വേദഗിരി പള്ളിയുടെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 26 | am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 27 | 03.15 pm | ഏന്തയാർ പള്ളിയിൽ റവ. ഫാ. ജേക്കബ് വടക്കേലിന്റെ പിതാവ് ദേവസ്യാ സ്കറിയായുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | | ഇടമറ്റം പള്ളിയിൽ ചക്കാലയിൽ ബഹു. തോമസച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയാഘോഷത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 02.45 pm | കയ്യൂർ പള്ളിയിൽ കള്ളികാട്ട് വീട്ടിൽ പരേതയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 28 | 10.00 am | കിഴതടിയൂർ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ചു. |
| | 12.00 noon | പ്രവിത്താനം പള്ളിയിൽ ഒരു വിവാഹവാഗ്ദാനചടങ്ങിന് കാർമ്മികത്വം വഹിച്ചു. |
| | 07.00 pm | മാർ അപ്രേം സെമിനാരിയിൽ റെക്ടർ വെരി റവ. ഫാ. ജോർജ് ചൂരക്കാട്ടിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലിയാഘോഷത്തിൽ പങ്കുചേർന്നു. |
| 29 | 09.30 am | പെരിങ്ങുളം ഇടവകയിലെ പരേതനായ ജോർജ് തയ്യിലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | ചേർപ്പുങ്കലിൽ നിർമ്മാണത്തിലിരിക്കുന്ന ആശുപത്രിയുടെ പണികൾ വിലയിരുത്തി. |
| 30 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.20 pm | സി.ജെ. മാടപ്പാട്ട് അവാർഡുദാനം നൽകി. |
| 31 | 08.15 am | കൂരിയയിൽ സംബന്ധിച്ചു. |
| | 04.00 pm | സെന്റ് തോമസ് കോളേജിന്റെ പുതിയ ഓഡിറ്റോറിയം വെഞ്ചരിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## OCTOBER 2018

| | | |
|---|---|---|
| 01 | 10.45 am | പൂവക്കുളം ഇടവകയിൽ സി. മാർട്ടിൻ മേരി കുഴിഞ്ഞാലിൽ എസ്.എ.ബി.എസ്. ന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 02 | 10.00 am | പാലായിൽ വിവിധ കോളേജുകളുടെ ആഭിമുഖ്യത്തിൽ നടത്തിയ ശുചീകരണ പരിപാടി ഉദ്ഘാടനം ചെയ്യുകയും അതിൽ പങ്കുചേരുകയും ചെയ്തു. |
| 03 | 06.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| | 10.30 am | ചങ്ങനാശ്ശേരിയിൽ നടന്ന ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 07.00 pm | നെടിയകാട് ഇടവകയിൽ ആനപ്പാറയിൽ ഭവനത്തിൽ സി. ആലീസ് സി.എം.സി.യുടെ മാതാവിന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 04 | 06.00 am | അരുവിത്തുറ എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു. |
| | 03.30 pm | സെന്റ് തോമസ് കോളേജിൽ പുതിയ മീഡിയ ക്ലാസ്റൂം വെഞ്ചരിച്ചു. |
| 05 | 02.00 pm | സെന്റ് തോമസ് കോളേജിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 06 | 10.00 am | കത്തീഡ്രൽ ദൈവാലയത്തിൽ അന്നമ്മ മാത്യു പുത്തേട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 03.00 pm | എസ്.എം.എസ്. ജനറലേറ്റിൽ പുതുക്കിയ ദൈവാലയം ആശീർവദിക്കുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു. |
| 07 | | ഉദയഗിരി ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 09 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 03.00 pm | നെല്ലിയാനി ഇടവകയിൽ താമരശ്ശേരി രൂപതാംഗം ഫാ. മാണി കണ്ടനാട്ടിന്റെ മൃതസംസ്കാരശുശ്രൂഷയുടെ അവസാനഭാഗത്ത് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 12 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 13 | 09.00 am | നീലൂർ ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ മാപ്രകരോട്ടച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 10.30 am | കുരുവിനാൽ ഇടവകയിൽ ബഹു. തോമസ് കളത്തിപ്പുല്ലാട്ടച്ചന്റെ ജ്യേഷ്ഠന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 02.30 pm | മറ്റക്കര എഫ്.സി.സി. കോൺവെന്റിന്റെ ശതാബ്ദിയോടനുബന്ധിച്ച് ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| 14 | 04.00 pm | രാമപുരം ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 16 | 09.00 am | കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് ചക്കാമ്പുഴയിൽനിന്ന് ഡി.സി.എം.എസ്. പദയാത്ര ഉദ്ഘാടനം ചെയ്തു. |
| 19 | 09.15 am | കിഴതടിയൂർ ഇടവകയിൽ ഒരു വെഞ്ചിരിപ്പ് കർമ്മം നടത്തി. |
| | 04.30 pm | കടനാട് കൺവൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 20 | 06.30 am | എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു. |
| 21 | 02.00 pm | സ്ലീവാപുരം പള്ളിയുടെ ആശീർവാദകർമ്മത്തിൽ പങ്കെടുക്കുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു. |
| 22 | 11.30 am | ളാലം പഴയപള്ളിയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| 23 | 10.00 am | കിഴതടിയൂർ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി.കുർബാനയർപ്പിച്ചു. |
| | 08.30 pm | രാമപുരത്ത് നടന്ന ഡി.സി.എം.എസ്. മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 24 | 10.15 am | ചക്കാമ്പുഴ ഇടവകയിൽ പരേതയായ റാണി ആലു ങ്കലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയ ത്തിൽ കാർമ്മികത്വം വഹിച്ചു. |
| 25 | 11.00 am | പഴവങ്ങാടി പള്ളിയിൽ അഡ്വ. ജോർജ് മുരിക്കന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാ നയർപ്പിച്ചു. |
| 26 | 11.00 am | മാമ്പുഴക്കരി ഇടവകയിൽ അലക്സാണ്ടർ കരുവേലി ത്തറയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവന ത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 02.30 pm | ഏന്തയാർ ഇടവകയിൽ ബഹു. ജേക്കബ് വടക്കേല ച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവ നത്തിൽ കാർമ്മികത്വം വഹിച്ചു. |
| 27 | 10.00 am | ഭരണങ്ങാനത്ത് എഫ്.സി.സി. മഠം ചാപ്പലിൽ രണ്ട് സന്യാസ്യാർത്ഥിനികൾക്ക് സന്ന്യാസവസ്ത്രം നൽകി. |
| | 03.00 pm | മുത്തോലി സി.എം.സി. മഠത്തിൽ പുതുക്കിപ്പണിത ചാപ്പൽ ആശീർവദിക്കുകയും വി. കുർബാനയർപ്പിക്കു കയും ചെയ്തു. |
| | 05.30 pm | അരുണാപുരം പള്ളിയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| 28 | | ളാലം പുതിയ പള്ളിയിൽ ഇടയസന്ദർശനം നടത്തി. |
| | 07.00 pm | മാർ അപ്രേം സെമിനാരിയിൽ ബഹു. ജോർജ് ചൂര ക്കാട്ടച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. |
| 29 | 04.00 pm | നീലൂർ ഇടവകയിൽ പുതിയ കുരിശുപള്ളി ആശീർവ ദിച്ചു. |
| 30 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 31 | 06.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി.കുർബാനയർപ്പിച്ചു. |
| | 04.00 pm | സെന്റ് തോമസ് കോളേജിൽ പുതിയ ഓഡിറ്റോറിയ ത്തിന്റെ വെഞ്ചിരിപ്പ് കർമ്മത്തിൽ സംബന്ധിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

### NOVEMBER 2018

| | | | |
|---|---|---|---|
| 1 | Thu | 03.00 pm | Bishop's House : Muttuchira Hospital Board Meeting |
| 2 | Fri | 10-12.30 pm | Visiting Time |
| | | 04.30 pm | Meeting at Perumthuruthu |
| 3 | Sat | | Engaged |
| 4 | Sun | 09.30 am | Ullanadu : Holy Qurbana in Syriac Language |
| | | 05.15 pm | Mevada : Meeting & Blessing of the Presbytery |
| 5 | Mon | 12.00 noon | Kuravilangdu : Shratham of Panankuzhackal Valliachan |
| 6 | Tue | 10.00 am | Nedumkunnam : Jubilee of Fr. Antony Mannarkulam |
| | | 03.00 pm | St. Thomas HSS: DCMS Meeting |
| 07 | Wed | 08.15 am | Curia Meeting |
| | | 10.30 am | Pravithanam : Jubilee of Very Rev. Fr. Joseph Kuzhinjalil |
| 08 | Thu | | Engaged |
| 09 | Fri | 10-12.30 pm | Visiting Time |
| | | 04.45 pm | Peringulam : Blessing of Kalkurishu |

| | | | |
|---|---|---|---|
| 10 | Sat | 11.45 am | Ramapuram : Kariapuram Kudumbayogam |
| 11 | Sun | 10.00 am | Ayyampara Church |
| | | 03.00 pm | Bishop's House : AKCC Meeting |
| 12-20 | | | Engaged (Eparchy of Ujjain : Golden Jubilee Celebration) |
| 21 | Wed | 09.30 am | Death Anniversary of Mar Sebastian Vayalil & Joined Presbyteral and Pastoral Council |
| 22 | Thu | | Kappadu : Priests' ongoing formation |
| 23 | Fri | 8.15 am | Aruvithura : FCC Chapel |
| | | 03.00 pm | Mar Sleeva Nursing College Cherpunkal : Freshers' Day |
| 24 | Sat | 11.30 am | Bharananganam : Engagement |
| 25 | Sun | 03.00 pm | Yendayar Parish : Jubilee |
| 26 | Mon | pm | Reception to the Priests' celebrating Presbyteral Golden and Silver Jubilee |
| 27 | Tue | 06.00 am | Holy Qurbana with Jubilarians |
| | | 10-12.30 pm | Visiting Time |
| 28 | Wed | 05.00 pm | Mulakulam : Blessing of Presbytery |
| 29 | Thu | | Kakkanad : Doctrinal Commision meeting for the Theologians |
| 30 | Fri | 10-12.30 pm | Visiting Time |
| | | 04.00 pm | Mannarapara Church : Qurbana in Syriac Language and blessing |
| Dec. 1-3 | | Engaged | |
| | 4-6 | KCBC | |



# Auxiliary Bishop's Engagements

## Mar Jacob Muricken

### NOVEMBER 2018

| | | | |
|---|---|---|---|
| 01 | Thu | 03.00 pm | Bishop's House : Meeting |
| 02 | Fri | 06.15 am | Muttuchira Hospital : Holy Qurbana |
| | | 10-12.30 pm | Visiting Time |
| 03 | Sat | 02.30 pm | Pravithanam PHJC : Holy Qurbana |
| 04 | Sun | | Kanjirathanm :Pastoral Visit |
| 05 | Mon | | Engaged |
| 06 | Tue | 10.30 am | Amal Jyothi Hostel : Holy Qurbana |
| | | 04.00 pm | Karoor : Blessing |
| 07 | Wed | 10.00 am | Pravithanam : Jubilee of Rev.Fr. Kuzhinjalil |
| 08 | Thu | | Engaged |
| 09 | Fri | 10-12.30 pm | Visiting Time |
| 10 | Sat | 11.00 am | Christ Hall : Holy Qurbana |
| | | 06.30 pm | Peringulam : Blessing |
| 11 | Sun | | Sibigiri : Pastoral Visit |
| 12 | Mon | 10.30 am | Ramapuram |
| | | 07.00 pm | Vadavathoor : Meeting |
| 13 | Tue | 06.00 am | Minor Seminary : Holy Qurbana |
| | | 10-12.30 pm | Visiting Time |
| 14 | Wed | 06.15 am | Pastoral Institute : Holy Qurbana |
| 15 | Thu | 11.00 am | Chakkampuzha : Holy Qurbana |
| 16 | Fri | 10-12.30 pm | Visiting Time |
| 17 | Sat | 06.30 am | Aimcombu Covnent : Holy Qurbana |
| | | 12.00 pm | Kuravilangadu : Blessing |

| | | | |
|---|---|---|---|
| 18 | Sun | | Plassanal : Pastoral Visit |
| 19 | Mon | | Engaged |
| 20 | Tue | 09.15 am | Poovathodu : Ordination<br>Dn. Thomas Alakkalam OFM Cap. |
| 21 | Wed | 09.30 am | Death Anniversory of<br>Bishop Sebastian Vayalil &<br>Pastoral - Presbyteral Council |
| | | 02.00 pm | DCMS State Meeting |
| 22 | Thu | 03.30 pm | Bishop's House : Meeting |
| 23 | Fri | 10-12.30 pm | Visiting Time |
| 24 | Sat | 11.00 am | Edappady SMS Convent : Holy Qurbana |
| 25 | Sun | 02.30 pm | Cherpunkal : CML Diocesian Meeting |
| | | 04.30 pm | Nambiakulam : Holy Qurbana |
| 26 | Mon | 11.00 am | Cherpunkal : Blessing |
| | | 03.00 Pk | Bishop's House : ADCP Executive |
| | | 06.00 pm | Bishop's House : Jubilarians Gathering |
| 27 | Thu | 06.00 am | Bishop's House :<br>Holy Qurbana, Jubilarians |
| | | 10-12.30 pm | Visiting Time |
| 28 | Wed | 06.15 am | Pastoral Institute : Holy Qurbana |
| 29 | Thu | 11.00 am | Bharananganam : Blessing |
| | | 06.30 pm | Mar Aphrem Seminary : Holy Qurbana |
| 30 | Fri | 10-12.30 pm | Visiting Time |
| | | 04.00 pm | Kanjirappally Convention :<br>Holy Qurbana |
| **DECEMBER 2018** | | | |
| 01 | Sat | | Engaged |
| 02 | Sun | | Lalam Old : Pastoral Visit |
| 03 | Mon | 10.00 am | Kakkanadu : Vocation Directors Meet |
| 04-06 | | | KCBC |